അയിലൂർ ഗ്രാമപഞ്ചായത്ത്

(ISO 9001:2015 Certified)

പൗരാവകാശ രേഖ

2026



അയിലൂർ ഗ്രാമപഞ്ചായത്ത്

പൗരാവകാശ രേഖ 2026

ബഹുമാന്യരെ,

ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതിയെ തുടർന്ന് നമ്മുടെ രാജ്യത്ത് ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വരികയുണ്ടായി. കേരളത്തിൽ പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്നതോടെ പ്രാദേശിക സർക്കാരുകളായി മാറിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിപുലമായ സമ്പത്തും അധികാരങ്ങളും ലഭിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ പ്രാദേശിക സർക്കാരുകൾ ചുമതലയേറ്റിരിക്കുകയാണ്. കേരള പഞ്ചായത്ത് രാജ് നിയമം 272 എ വകുപ്പിന്റെ അടിസ്ഥാനത്തിൽ 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങൾ പ്രകാരം പൗരാവകാശരേഖ പ്രസിദ്ധീകരിക്കണമെന്നും കാലോചിതമായി പുതുക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. സുതാര്യതയും ഉത്തരവാദിത്വവും ജനകീയ പങ്കാളിത്തവും അടിസ്ഥാന മൂല്യങ്ങളായി ഉയർത്തിപ്പിടിക്കുന്ന ഒരു ഭരണസമിതിയാണ് നിലവിൽ അയിലൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നത്. ഭരണസേവനങ്ങളെ കൂടുതൽ ജനകേന്ദ്രീകൃതവും കാര്യക്ഷമവും ആക്കുന്നതോടൊപ്പം, അവകാശബോധമുള്ള പൗരസമൂഹത്തിന്റെ സൃഷ്ടിയിലൂടെ രാഷ്ട്രപുരോഗതിയിലേക്ക് സംഭാവന ചെയ്യുക എന്ന മഹത്തായ ലക്ഷ്യവും ഞങ്ങൾ മുന്നോട്ടുവെയ്ക്കുന്നു.

ഓരോ പൗരന്റെയും അറിയുവാനുള്ള അവകാശം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഭരണസേവനങ്ങളിലെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനും, അഴിമതി രഹിതവും ജനസൗഹൃദവുമായ സേവനവിതരണം പ്രോത്സാഹിപ്പിക്കുന്നതിനും ഈ പൗരാവകാശരേഖ ഉപകരിക്കുമെന്ന വിശ്വാസമുണ്ട്. സാമൂഹിക നീതി ഉറപ്പുവരുത്തുകയും, സമയബന്ധിതവും ഗുണമേന്മയുള്ളതുമായ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള മാർഗ്ഗദർശകമായി ഈ രേഖ മാറട്ടെയെന്ന ശുഭപ്രതീക്ഷയോടെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ പൗരാവകാശരേഖ പൊതുജനസമക്ഷം സവിനയം സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ.....

ഒപ്പ്
മേരി സിൽവസ്റ്റർ
സെക്രട്ടറി ഇൻ ചാർജ്ജ് &
അസിസ്റ്റൻറ് സെക്രട്ടറി

ഒപ്പ്
കെ രാജേശ്വരി
പ്രസിഡൻറ്

അയിലൂർ ഗ്രാമപഞ്ചായത്ത് പൊതു വിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ പേര്	:	അയിലൂർ ഗ്രാമപഞ്ചായത്ത് അയിലൂർ പി.ഒ. 678 510 ഫോൺ: 04923-244274 -ddpayiloorpkd@gmail.com.
വില്ലേജുകൾ	:	അയിലൂർ, കയറാടി, തിരുവഴിയാട്
വാർഡുകൾ	:	19
ബ്ലോക്ക്	:	നെന്മാറ
താലൂക്ക്	:	ചിറ്റൂർ
ജില്ല	:	പാലക്കാട്
പാർലമെന്റ് മണ്ഡലം	:	ആലത്തൂർ
* നിയമസഭാ മണ്ഡലം	:	നെന്മാറ
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	:	നെന്മാറ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	അയിലൂർ. കയറാടി
വിസ്തീർണ്ണം	:	40.94 ച.കി.മി
ജനസംഖ്യ	:	28,419
പുരുഷന്മാർ	:	13,819
സ്ത്രീകൾ	:	14,600
അതിർത്തികൾ		
കിഴക്ക്	:	നെന്മാറ ഗ്രാമ പഞ്ചായത്ത്, വനമേഖല
പടിഞ്ഞാറ്	:	വണ്ടാഴി ഗ്രാമ പഞ്ചായത്ത്
തെക്ക്	:	വണ്ടാഴി ഗ്രാമ പഞ്ചായത്ത്
വടക്ക്		മേലാർകോട് ഗ്രാമ പഞ്ചായത്ത്

സർക്കാർ നാമനിർദ്ദേശം ചെയ്ത ഭരണസമിതി ആയിരുന്നു ആദ്യകാലങ്ങളിൽ ഭരണം നടത്തിയിരുന്നത്. അതുപ്രകാരം താഴെ പറയുന്ന വ്യക്തികൾ ഈ പഞ്ചായത്തിൻറെ പ്രസിഡന്റുമാരായിരുന്നു. പിന്നിട് 1950 തിരുകൊച്ചി പഞ്ചായത്ത് നിയമമനുസരിച്ച് പ്രായപൂർത്തി വോട്ടവകാശം അനുസരിച്ച് ജനങ്ങൾ തെരഞ്ഞെടുത്ത താഴെ പറയുന്ന ഭരണസമിതികൾ അധികാരമേൽക്കുകയും ചെയ്തു.

നാമനിർദ്ദേശം ചെയ്യപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്മാർ

1) എ. എസ്. സാംബയ്യർ (മൈസൂർ)

2) എ. കെ. സുബ്രമണ്യ അയ്യർ

3) എ. എസ്. ശ്രീനിവാസയ്യർ

4) എ. എസ്. സാബയ്യർ (ബാങ്കർ)

5) എ. എസ്. രാമചന്ദ്രഅയ്യർ

1954 മുതൽ

1) കെ. വി. നാരായണൻ (പ്രസിഡന്റ്)

2) സി. പുതുക്കുളി

3) വി. നാരായണൻകുട്ടി നായർ

4) പി. സി. വേലായുധൻ

5) സി. വി. ബാലകൃഷ്ണൻ

6) എ. അബ് ദുൾറസാക്ക് മൂപ്പൻ

7) കെ. കുള്ളൻ

8) കെ. വേലൻകുട്ടി

1964

1) എ. എസ്. കൈലാസയ്യർ (പ്രസിഡന്റ്)

2) കെ. വി. നാരായണൻ

3) പി. നാരായണൻകുട്ടി നായർ

4) സി. വി. ബാലകൃഷ്ണൻ

5 എം. രാഘവമേനോൻ

6) രുഗ്മണി. സി. സി.

7) എം. യൂസഫ് രാവുത്തർ

8) സി. വേലു (11 വർഷം പ്രസിഡന്റ്)

1979

1) സി. വി. ബാലകൃഷ്ണൻ (പ്രസിഡന്റ്)

2) സി. മണി

3) വേലൻകുട്ടി

4) വി.കൃഷ്ണൻ

5) കെ. രാമചന്ദ്രൻ

6) കെ. ചാമി

7) സൈനബ

8) സ്വാമിനാഥൻ. പി. കെ.

9) പൗലോസ് പി. വി.

1988

1) പി. വി. രാമകൃഷ്ണൻ (പ്രസിഡന്റ്)

2) കെ. വി. ഗോപാലകൃഷ്ണൻ

3) രുഗ് മണി

4) വി. വിജയൻ

5) എസ്. രാജൻ

6) രാജലക്ഷ് മി

7) മുത്തഹമ്മദ് മൂപ്പൻ

8) ശിവദാസൻ

9) പ്രഭാകരൻ

10) പി. കെ. മാധവൻ

1995–2000

1) ശിവദാസൻ. വി. (പ്രസിഡന്റ്)

2) രാമചന്ദ്രൻ. വി. (വൈസ് പ്രസിഡന്റ്)

3) വേലുകുട്ടി നായർ. വി. (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ

4) എ. സുന്ദരൻ

5) സരസ്വതി ചന്ദ്രൻ

6) സുരേഷ് കുമാർ. കെ.

7) മൈമൂൺ സിദ്ധിക്ക്

8) സുന്ദരൻ. സി.

9) കെ. കമലം അപ്പു

10) കെ. യൂസഫ്

11) നിർമ്മല സലീംകുമാർ

2000–2005

1) വസന്ത രാജൻ (പ്രസിഡന്റ്)

2) കെ. കെ. കുഞ്ഞുമോൻ (വൈസ് പ്രസിഡന്റ്)

3) എ. സുന്ദരൻ (വികസനകാര്യ സ്റ്റാന്റിംഗ് ചെയർമാൻ)

4) ഖദീജ ഇക്ബാൽ (ക്ഷേമകാര്യ സ്റ്റാന്റിംഗ് ചെയർപേഴ്സൺ)

5) വി. വിജയൻ

6) വസന്തകുമാരി

7) കെ. കണ്ണനുണ്ണി

8) കെ. എൻ. മോഹനൻ

9) ലക്ഷ് മി

10) സാലി വർഗ്ഗീസ്

11) കെ.ഐ. അബ്ബാസ്

12) കമറുദ്ദീൻ

13) സുരേഷ്

14) ജി. സൗദാമിനി

2005–2010

1) കെ. സുഗതൻ (പ്രസിഡന്റ്)

2) വി. ഡി. രാജു (വൈസ് പ്രസിഡന്റ്റ്)

3) കെ. കണ്ണനുണ്ണി (വികസനകാര്യ സ്റ്റാന്റിംഗ് ചെയർമാൻ)

4) എ. കെ. ഇബ്രാഹിം (ക്ഷേമകാര്യ സ്റ്റാന്റിംഗ് ചെയർമാൻ)

5) എൻ. വനമോഹനൻ

6) കെ. എം. ഹൈമാവതി

7) നിർമ്മല സുരേന്ദ്രൻ

8) വി. വിജയൻ

9) കെ. സരസ്വതി

10) കെ. എൻ. മോഹനൻ

11) പി. എ. ഷാജി അബ്രഹാം

12) സി. കാഞ്ചന

13) പി. എം. ദേവദാസ്

14) ഖദീജ ഇക്ബാൽ

15) അഡ്വ. കെ. സുകുമാരൻ

16) എം. മൈമ്മുന

2010–2015

1) നീത രാജേന്ദ്രൻ (പ്രസിഡന്റ്)

2) കെ. കണ്ണനുണ്ണി (വൈസ് പ്രസിഡന്റ്റ്)

3) അല്ലി തോമസ് (വികസനകാര്യ സ്റ്റാന്റിംഗ് ചെയർപേഴ്സൺ)

4) ബിജു. വി. ജോസഫ് (ക്ഷേമകാര്യ സ്റ്റാന്റിംഗ് ചെയർമാൻ)

5) പ്രമീള ദേവദാസ് (ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ)

6) ടി. സ്വാമിനാഥൻ

7) സാവിത്രി ചന്ദ്രൻ

8) എ. സുന്ദരൻ

9) എം.ജെ ആൻറണി

10) കണ്ണാമണി വിജയൻ

11) എം. ആർ. രജനി

12) മണികണ്ഠൻ

13) ഷാജി അബ്രഹാം

14) സതി ചന്ദ്രൻ

15) ടി വി തങ്കച്ചൻ

16) ഖദീജ ഇക്ബാല്

17) കനകലത

2015–2020

1) അഡ്വ.കെ.സുകുമാരന് (പ്രസിഡന്റ്)

2) റജീന ചാന്ത്മുഹമ്മദ് (വൈസ് പ്രസിഡന്റ്റ്)

3) പി.എം ദേവദാസ് (വികസന സ്റ്റാന്റിംഗ് ചെയർമാൻ)

4) ആർ രജീത (ക്ഷേമകാര്യ സ്റ്റാന്റിംഗ് ചെയർപേഴ്സൺ)

5) എച്ച് അബ്ദുൾ ജലീല് (ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ)

6) പി വി അനിത

7) കെ സഫിയ

8) എസ് എം ഷാജഹാൻ

9) അന്നം ലക്ഷ്മണൻ

10) വി വിപിൻ

11) എം. പത്മഗിരീശൻ

12) എസ് വിനോദ്

13) പി ലിജിത

14) മോളി സണ്ണി

15) എം സുഗന്ധി

16) പങ്കജം ബാലകൃഷ്ണൻ

17) വി ജി സജിത്കുമാർ

2020–2025

1)വിഷ്ലേഷ് ആർ (പ്രസിഡന്റ്)

2) റജീന ചാന്ത് മുഹമ്മദ് (വൈസ് പ്രസിഡന്റ്റ്)

3) കണ്ണനുണ്ണി (വികസന സ്റ്റാന്റിംഗ് ചെയർമാൻ)

4) രജനി എം ആർ (ക്ഷേമകാര്യ സ്റ്റാന്റിംഗ് ചെയർപേഴ്സൺ)

5) മവിത വിശ്വനാഥന് (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ)

6) വത്സല ശിവാദാൻ

7) എസ് വിനോദ്

8) പി എം ദേവദാസ്

9) സുമ പരമേശ്വരൻ

10) മുഹമ്മദ് കുട്ടി

11) മിസിരിയ ഹാരിസ്

12) ജിജാറേയ്

13) സോബി ബെന്നി

14) പുഷ്പാകരൻ

15) ഉമാദേവി

16) അനില് ആലിങ്കല്

17) പത്മഗിരീശൻ

സാമൂഹിക സാംസ്കാരിക ചരിത്രം

പഴയ കൊച്ചി സംസ്ഥാനത്തെ നെല്ലറയായ ചിറ്റൂർ താലൂക്കിന്റെ ഏറ്റവും തെക്കു പടിഞ്ഞാറെ അറ്റത്ത് സ്ഥിതി ചെയ്യുന്ന നെമ്മാറ പഞ്ചായത്തും തെക്കുഭാഗം വളയൽ പുഴയും പടിഞ്ഞാറുഭാഗം പഴയ മലബാർ പ്രദേശത്തെ വണ്ടാഴി പഞ്ചായത്തും വടക്ക് മേലാർകോട് പഞ്ചായത്തുമാണ്. പഞ്ചായത്തിന്റെ മൊത്തം വിസ് തീർണ്ണം 25. 9 ച.കി. മീറ്ററും ജനസംഖ്യ 28419(2011 സെൻസെസ്) ഉം ആകുന്നു. ഈ പഞ്ചായത്തിൽ പഴയ കൊച്ചി രാജാവിൻറെ കാലത്തു തന്നെ നാമനിർദ്ദേശം ചെയ്യപ്പെട്ട ഭരണസമിതി ഉണ്ടായിരുന്നു. കേരള മുൻസിപ്പൽ പഞ്ചായത്ത് ഡയറക്ടറി 1960 ൽ പ്രസിദ്ധപ്പെടുത്തിയ പ്രകാരം അയിലൂർ പഞ്ചായത്ത് ഡയറക്ടറി 1915 ൽ സ്ഥാപിച്ചതായി കാണുന്നു. 1948 ൽ കൊച്ചി സംസ്ഥാനം കൊച്ചി സംസ്ഥാനം തിരുവിതാംകൂർ സംസ്ഥാനവുമായി സംയോജിപ്പിക്കപ്പെടുകയും അങ്ങിനെ തിരുകൊച്ചി സംസ്ഥാനമായി മാറുകയും ചെയ്തു. സ്വാതന്ത്ര്യ ഇന്ത്യയുടെതായ ഭരണഘടന നിലവിൽ വരുകയും ഭരണഘടനയുടെ നിർദ്ദേശകതത്ത്വങ്ങളിൽ ഓരോ സംസ്ഥാനത്തിനും പ്രാദേശിക ആവശ്യങ്ങൾക്കു വേണ്ടി സ്വയംഭരണ സ്ഥാപനങ്ങൾക്ക് രൂപം കൊടുക്കുന്നതിന് സംസ്ഥാനങ്ങൾക്ക് അധികാരം കൊടുക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 1950 ലെ തിരുകൊച്ചി പഞ്ചായത്ത് നിയമം നിലവിൽ വരുകയും പ്രായപൂർത്തി വോട്ടവകാശത്തിൻറെ അടിസ്ഥാനത്തിൽ 1954 ൽ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഭരണസമിതികൾ സംസ്ഥാനത്തുടനീളം അധികാരമേൽക്കുകയും ചെയ്തു. നമ്മുടെ പഞ്ചായത്തിൻറെ അദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറായി യശഃശരീരനായ ശ്രീ. കെ. വി. നാരായണൻ അധികാരമേറ്റ പഞ്ചായത്താഫീസ് ഇപ്പോൾ വില്ലേജാഫീസായി പ്രവർത്തിക്കുന്ന മുറിയിൽ പ്രവർത്തനം തുടങ്ങുകയും ചെയ്തു. പഞ്ചായത്ത് ഓഫീസിൻറെ കിഴക്കേ മുറിയിൽ തിരുവഴിയാട് കയറാടി ഗ്രൂപ്പ് വില്ലേജ് ഓഫീസും പടിഞ്ഞാറെ മുറിയിൽ അയിലൂർ വില്ലേജ് ഓഫീസും പ്രവർത്തിച്ചിരുന്നു.

ജനാധിപത്യ രീതിയിൽ നടന്ന തിരഞ്ഞെടുപ്പിനെ തുടർന്ന് പുതിയ ഭരണ സമിതികൾ അധികാരമേൽക്കുകയും പഞ്ചായത്തിൻറെ പ്രവർത്തനം ഗണ്യമായി വർദ്ധിക്കുകയും ചെയ്തു. തന്മൂലം പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ ആവശ്യകതയെ തുടർന്ന് റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച 7 സെൻറ് സ്ഥലത്ത് ആഫീസ് കെട്ടിടം 1973 ൽ നിർമ്മിച്ച് പ്രവർത്തനം തുടങ്ങി. ഈ കെട്ടിടത്തിൽ വി.ഇ.ഒ ഓഫീസ്, കുടുംബശ്രീ ഓഫീസ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓഫീസ്. എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം ഓഫീസ് തുടങ്ങി എല്ലാ ഓഫീസുകളുടെയും പ്രവർത്തനം സ്ഥലപരിമിതി മൂലം പൊതുജനങ്ങൾക്കും, ഓഫീസ് പ്രവർത്തനങ്ങൾക്കും വളരെയധികം ബുദ്ധിമുട്ട് നേരിട്ടതിനാൽ പഞ്ചായത്ത് ഓഫീസിൽ നിന്നും 500 മീറ്ററിനുള്ളിൽ തലവട്ടാംപാറ – കയ്പഞ്ചേരി റോഡ് സൈഡിലായി 2011 ൽ പദ്ധതി വിഹിതം ഉപയോഗിച്ച് പഴയ തിയറ്റർ കെട്ടിടം ഉൾപ്പെടെ 66 .5 സെൻറ് സ്ഥലം വാങ്ങുകയും 24 /08/2012 ലെ സർക്കാർ –ഉത്തരവ് 7020/ഡിഎ 2/12 ത.സ്വ.ഭ.വ. പ്രകാരം ടി സ്ഥലത്തിൻറെ മുൻഭാഗത്ത് ലോകബാങ്ക് ഫണ്ട് ഉപയോഗിച്ച് ആധുനിക സൗകര്യങ്ങളോടുകൂടി പുതിയ കെട്ടിടം നിർമ്മിക്കുകയും ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 12–10–2015 ലെ സി 6–32288/2015 നമ്പർ പ്രവർത്തനാനുമതി ഉത്തരവ് പ്രകാരം 17–10–2015 മുതൽ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.

ഈ പ്രദേശത്തിന് അയിലൂർ എന്ന് പേരുണ്ടായത്. ഇവിടെ സ്ഥിതി ചെയ്യുന്ന അതിപുരാതനമായ ശിവക്ഷേത്രത്തിൻറെ പ്രതിഷ്ഠ അഖിലേശ്വര മൂർത്തിയായതുകൊണ്ട് 'അകിലൂർ' എന്നും പിന്നീട് ലോപിച്ച് അയിലൂർ എന്ന്

ആയതായും അതല്ലാതെ ഈ പഞ്ചായത്തിൻറെ നടുവിൽ സ്ഥിതി ചെയ്യുന്ന ഇന്ന് അയിലമുടി എന്നറിയപ്പെടുന്ന കുന്നിൽ വളരെയേറെ അഖിൽ (ചന്ദനം) മരങ്ങൾ നിന്നിരുന്നതായും അങ്ങിനെ കുന്നിന് "അഖിലമുടി" എന്ന് പേരുണ്ടായതായും അഖിലമുടി കുന്നിൻറെ താഴ്വരയിൽ സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്തിന്" "അഖില ഊര്" (പ്രദേശം) എന്നും അത് ലോപിച്ച് പിന്നീട് അയിലൂർ എന്നായതാണെന്നും രണ്ടഭിപ്രായം പഴമക്കാർ പറയുന്നു.

എന്നാല് രാഷ്ട്രീയമായി അയിലൂരിന് പണ്ട് തന്നെ പ്രാധാന്യമുണ്ടായിരുന്നു. അയിലൂർ നെമ്മാറയിലെ പൂർവ്വീകരിൽ ഗണ്യമായ ഒരു ഭാഗം ഈ നാട്ടുകാർ ആയിരുന്നു എന്ന് അനുമാനിക്കുവാൻ ന്യായമുണ്ട്. നെമ്മാറ വേല ആഘോഷത്തിന് അയിലൂർ ക്ഷേത്രത്തിൽ നിന്നും ഭഗവതിയെ എഴുന്നെള്ളിച്ചു കൊണ്ടു പോകണമെന്നും വേലകഴിഞ്ഞ് തിരിച്ചുകൊണ്ടു വരണമെന്നുമുള്ള ആചാരം മേൽ പ്രസ്താവിച്ച നിഗമനത്ത സാധൂകരിക്കുകയാണ് ചെയ്യുന്നത്. പരദേവതമാരുടെ സാഹോദര്യം പുലർത്തുന്ന ചടങ്ങുകളായും ഇതിനെ ചിലർ വ്യാഖ്യാനിക്കാറുണ്ട്.

ഈ നാട്ടുകാരിൽ പലരും നെമ്മാറക്ക് നീങ്ങുവാൻ ചരിത്രപരമായി ഒരു കാരണം കൂടിയുണ്ടെന്നുള്ളത് പ്രസ്താവ യോഗ്യമത്രെ. കേരളത്തിൽ അങ്ങോളം ഇങ്ങോളം ചുടലനൃത്തം ചെയ്ത പടയോട്ടത്തെ ഭയന്ന് പലരും പല ദിക്കിലേക്കും പലായനം ചെയ്യുകയുണ്ടായി. ചിലർ കിഴക്കോട്ട് നെമ്മാറക്കും. ചിലർ തെക്കോട്ട് തിരുവഴിയാട്ടിലേക്കും പ്രയാണം ചെയ്തു. ടിപ്പുവിൻറെ സൈന്യം അഖിലേശ്വര ക്ഷേത്രത്തെ ആക്രമിച്ച് ബിംബത്തെ അടിച്ചുടക്കാൻ ശ്രമിച്ചു എന്നും കുളങ്ങാട്ട് നായരുടെ നേതൃത്വത്തിൽ ധീരന്മാരായ നായന്മാർ ചെറുത്തുനിന്ന് ടിപ്പുവിനെ പിൻതിരിപ്പിച്ചു എന്നുമാണ് ഐതിഹ്യം ഇതിനടിസ്ഥാനമായി അവർ ചൂണ്ടികാണിക്കുന്നത് അയിലൂർ ക്ഷേത്രത്തിലെ ആറാട്ടിന് ദേവനെ അകമ്പടി സേവിക്കുവാനുള്ള അവകാശം കുളങ്ങാട്ടെ നായർക്കു ലഭിച്ചതിങ്ങനെയാണ്. ഈ നായർ ഗൃഹം തിരുവഴിയാട്ടിലാണ് സ്ഥിതി ചെയ്യുന്നത്. ഏതായാലും അയിലൂരിൽ നിന്നും നെമ്മാറക്കു പോയവർ നെമ്മാറ വേല ദിവസവും തിരുവഴിയാട്ടിലേക്കു പോയവർ ആറാട്ടു ദിവസവും അയിലൂരുമായുള്ള ബന്ധം പുതുക്കി വരാറുണ്ട്.

ഈ പഞ്ചായത്തു പ്രദേശത്തെ ജനങ്ങളിൽ അധികവും കർഷകവൃത്തി തൊഴിലാക്കിയവരും ജന്മികളിൽ നിന്നും കൃഷിഭൂമി പാട്ടത്തിന് എടുത്ത് കൃഷിചെയ്ത് ഉപജീവനം കഴിച്ചുവരുന്നവരുമാണ്. കേരള ഭൂപരിഷ് കരണ നിയമം നടപ്പിലാവുകയും കൃഷിക്കാരന് ജന്മാവകാശം ലഭിക്കുകയും ചെയ്തു. ഈ പ്രദേശത്ത് പ്രധാനപ്പെട്ട കൃഷി നെല്ലാണ്. വികസനം എത്താത്ത മലയോര പ്രദേശമായ കയറാടി, അടിപ്പെരണ്ട, പയ്യാങ്കോട്, മാങ്കുറുശ്ശി, വീഴലി, ഒലിപ്പാറ, കരിമ്പാറ, മരുതഞ്ചേരി എന്നീ പ്രദേശങ്ങളിൽ ഇപ്പോൾ വികസനത്തിന്റെ മണം കേട്ടു തുടങ്ങിയിട്ടുണ്ട്.

ഇവിടുത്തെ ഭൂരിഭാഗം ജനങ്ങൾ ഹിന്ദുക്കളും അതുകഴിഞ്ഞാൽ മുസ്ലീങ്ങളുമായിരുന്നു. പുരാതനമായി രണ്ടു കുടുംബങ്ങൾ മാത്രമാണ് ക്രിസ്ത്യൻ സമുദായക്കാരായി ഉണ്ടായിരുന്നത്. എന്നാൽ കുടിയേറ്റ മേഖലയായ അടിപ്പെരണ്ട. കയറാടി, വീഴലി, ഒലിപ്പാറ, കരിമ്പാറ എന്നിവിടങ്ങളിൽ ഭൂരിഭാഗവും ഇപ്പോൾ ക്രിസ് ത്യൻ കുടുംബങ്ങളാണ് അധിവസിക്കുന്നത്. അവരുടെ കുടിയേറ്റം മൂലവും നൂതന കൃഷി സമ്പ്രദായം കാരണവും ഇവിടെ കാർഷിക മേഖലകൾ വൈവിദ്ധീകരിക്കുകയും തദ്വാര കൃഷി മേഖലയിൽ ഒരു പുത്തൻ ഉണർവും സംസ്കാരവും ഉടലെടുക്കുകയും ചെയ്തിട്ടുണ്ട്.

പുരാതനമായി ഈ പഞ്ചായത്ത് പ്രദേശത്ത് നടത്തിവരാറുള്ള ഉത്സവങ്ങൾ

(1) വിഷുവിൻറെ പിറ്റേദിവസമുള്ള അയിലൂർ ഭഗവതി ക്ഷേത്രത്തിലുള്ള "വേല"

(2) അയിലൂർ അഖിലേശ്വര ക്ഷേത്രത്തിലുള്ള ധനുമാസത്തിലെ തിരുവാതിര നാളിൽ നടത്തുന്ന 'രഥോത്സവം"
(3) തിരുവഴിയാട് നരസിംഹമൂർത്തി ക്ഷേത്രത്തിൽ മേടമാസത്തിലെ 14 ദിവസം നീണ്ടു നിൽക്കുന്ന തോൽപാവക്കൂത്തും അതിനോടനുബന്ധിച്ച് മേടമാസം മൂന്നാം തിയ്യതിയിലെ കൂത്താഭിഷേകവും
(4) വൃശ്ചികമാസം മൂന്നാം തിയ്യതി കോഴിക്കാട് ഭഗവതി ക്ഷേത്രത്തിൽ കളമെഴുത്ത് തോറ്റംപാട്ട് എന്നിവയോടു കൂടിയ കതിരുത്സവവും നടത്തി വരുന്നു.

മുസ്ലീം സമുദായക്കാരുടെ നബിദിനവും ആഘോഷപൂർവ്വം നടത്തിവരുന്നു ക്രിസ്ത്യാനികളുടെ പള്ളിപ്പെരുന്നാൾ ഈ പ്രദേശത്തെ പ്രധാന ആഘോഷമാണ്.

ജനകീയ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിനും വിഭവങ്ങൾ സമാഹരിക്കുന്നതിനും ഉതകുന്ന രൂപത്തിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിന് 73, 74 വകുപ്പുപ്രകാരമുള്ള ഭരണഘടനാ ഭേദഗതിയെ തുടർന്ന് ജനങ്ങളുടെ ആവശ്യങ്ങൾ പ്രാദേശിക തലത്തിൽ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുവാനും അത് ജനങ്ങളുടെ നേതൃത്വത്തിൽ ചെയ്യുന്നതിനുവേണ്ടിയുള്ള ഈ ചുവടുവെപ്പിൽ പുതിയ ഒരു വികസന സംസ്കാരം ഈ പഞ്ചായത്തിൽ കൂട്ടായ യത്നം, രാഷ്ട്രീയ പ്രാദേശിക വിഭാഗീയ ചിന്തകൾക്കതീതമായുള്ള പ്രവർത്തന ശൈലി പഞ്ചായത്തിന്റെ വികസനത്തിന് അത്യാവശ്യമാണ്. ഈ യത്നത്തിൽ നമ്മൾ എല്ലാവരും പങ്കാളികളാവുക.

കണ്യാർകളി, പൊറാട്ടുനാടകം, തോറ്റംപാട്ട്" എന്നീ പരമ്പരാഗത നാടൻകലകൾ അന്യം നിന്ന് പോയെങ്കിലും ഇന്നും ജനങ്ങൾക്ക് ആകർഷകമാണ്. യശഃശരീരനായ കെ. എ. കേശവൻ (ചിന്നക്കുട്ടി നായർ), തിരുവഴിയാട് മണ്ണിൽ പത്മനാഭൻ നായർ എന്നിവർ പ്രഗ്ഭരായ കണ്യാർകളി ആശാന്മാരായിരുന്നു. അവർക്ക് പിൻഗാമിയായി പൊന്നല്ല ഭാഗവതർ എന്ന എ. പി. പരമൻ അറിയപ്പെടുന്ന കണ്യാർകളി ആശാനാണ്. കണ്യാർകളി ഇന്നും മുടങ്ങാതെയും പൂർവ്വാധികം ആഘോഷപൂർവ്വം അയിലൂർ തിരുവഴിയാട് ദേശക്കാർ വർഷംതോറും നടത്തിവരുന്നു. പരദേവതയായ ഭഗവതിയെ പ്രീതിപ്പെടുത്താൻ വേണ്ടിയാണ് ഇത് നടത്തുന്നത്.

യശഃശരീരനായ അയിലൂർ ഗ്രാമ സാംബയ്യർ, ചുരത്തിൽ രാഘവൻ നായർ, തിരുവഴിയാട് മണ്ണിൽ വീട്ടിൽ രാഘവമേനോൻ, കെ. വി. നാരായണൻ, വി. കെ. എസ്. ഉണ്ണി എന്നിവർ ഈ പ്രദേശത്തെ അറിയപ്പെടുന്ന സാമൂഹ്യ പരിഷ് കർത്താക്കളാണ്. സ്വാതന്ത്ര്യ സമര പെൻഷൻ ലഭിച്ചിരുന്ന ഏക വ്യക്തിയാണ് യശഃശരീരനായ കൊടകര തെക്കേഭവനത്തിലെ ശ്രീ. കെ. വി. ഉണ്ണി അവർകൾ. പിന്നീട് എടുത്തു പറയത്തക്ക ഒരു പ്രശസ്ത വ്യക്തിയാണ് തിരുവഴിയാട്ടിലെ പി. എ. മേനോൻ. ബോംബെയിലെ ബാണ്ടുപ്പിലെ പ്രശസ്തമായ വി. കെ. കൃഷ്ണമേനോൻ കോളേജിൻറെ ജീവനാഡിയാണ് അദ്ദേഹം. ഇന്നും ഈ പഞ്ചായത്തിലെ ഒട്ടേറേ പേർക്ക് തൊഴിൽ പരമായി ഈ കോളേജ് ഒരു ആശ്രയകേന്ദ്രമാണ്.

കൊച്ചി രാജ്യ പ്രജാമണ്ഡലത്തിൻറെ പ്രവർത്തനം ഈ പഞ്ചായത്തിലും വ്യാപകമായിരുന്നു. അതിനു നേതൃത്വം കൊടുത്ത വ്യക്തികളിൽ പ്രധാനികളാണ് യശഃശരീരനായ അയിലൂർ ചുരത്തിൽ രാഘവൻ നായർ, തിരുവഴിയാട് പണ വി. കെ. എസ്. ഉണ്ണി, തിരുവഴിയാട് കൊടകര തെക്കേഭവനം കൃഷ്ണനുണ്ണി കർത്ത എന്നിവർ. അതുപോലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് നേതൃത്വം നൽകുകയും പിന്നീട് നിയമസഭ അംഗമാവുകയും ചെയ്ത കെ. വി. നാരായണൻ, സി. വി. ബാലകൃഷ്ണൻ എന്നിവരും ഈ പ്രദേശത്തെ ജനങ്ങൾക്ക് മറക്കാനാവാത്ത വ്യക്തികളാണ്.

കൊച്ചി സംസ്ഥാനത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. ഇക്കണ്ട വാര്യർ പനംപള്ളി ഗോവിന്ദമേനോൻ, എ. വി. കുട്ടിമാളു അമ്മ എന്നിവർ സ്വാതന്ത്ര്യ സമരത്തിൻറെ ഭാഗമായി ഈ പഞ്ചായത്തിൽ ഒന്നിലധികം പ്രാവശ്യം വന്നിട്ടുണ്ട്.

പനം പായ നെയ്ത്ത്, ഫർണീച്ചർ നിർമ്മാണം. കള്ളിൽ നിന്നും ചക്കര നിർമ്മിക്കൽ, മൺപാത്ര നിർമ്മാണം എന്നിവയാണ് ഈ പഞ്ചായത്തിൽ ഉണ്ടായിരുന്ന പരമ്പരാഗത കുടിൽ വ്യവസായം

ഈ പഞ്ചായത്തിൽ മുമ്പു തന്നെ പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, ഇന്ന് പോസ്റ്റാഫീസായി അറിയപ്പെടുന്ന അഞ്ചൽ ആഫീസ്, വിഷ ചികിത്സാലയം, കയറാടിയിൽ ഉള്ള മൃഗചികിത്സാകേന്ദ്രം, കയറാടിയിൽ തന്നെ ഉള്ള ഒരു ഗവൺമെന്റ് ഡിസ്പെൻസറി എന്നീ പൊതുസ്ഥാപനങ്ങൾ ഉണ്ടായിരുന്നു. ഇതിനു പുറമെ ഈ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾ സാംസ്കാരികമായും സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും ഉന്നതനിലവാരം പുലർത്തി വന്നിരുന്നവരാണ് എന്നുള്ളതിന് നല്ലതെളിവാണ് ഇന്നും അയിലൂരിന്റെ ഹൃദയഭാഗത്ത് തലയുർത്തി നിൽക്കുന്ന അയിലൂർ യൂണിയൻ ലൈബ്രറി കെട്ടിടം. 1921 ൽ നിർമ്മിച്ച ഈ കെട്ടിടം അന്നത്തെ നല്ലവരും വിദ്യാസമ്പന്നരും സാമൂഹ്യ പ്രവർത്തകരുമായ ഈ നാട്ടിലെ ജനങ്ങളുടെ അത്യദ്ധ്വാനത്തിൻറെ ഫലമായി നിർമ്മിച്ചതാണ്. ഈ കെട്ടിട നിർമ്മാണത്തിനു മുമ്പു തന്നെ രൂപം കൊണ്ട് ഈ യൂണിയൻ ലൈബ്രറിക്ക് ഏകദേശം 100 വർഷത്തെ പഴക്കമുണ്ട്. ഇന്നും ഇത് ഈ പഞ്ചായത്തിലെ കലാകായിക സാംസ്കാരിക കേന്ദ്രമായി അറിയപ്പെടുന്നു.

ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ

കേരള പഞ്ചായത്ത് രാജ് ആക്ട്, 1994 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് താഴെപ്പറയുന്ന ചുമതലകൾ നിർവഹിക്കാനുള്ള ഉത്തരവാദിത്തമുണ്ട്.

1. അനിവാര്യ ചുമതലകൾ

- ❖ പൊതുജനാരോഗ്യവും ശുചിത്വവും ഉറപ്പുവരുത്തുക.
- ❖ കുടിവെള്ള വിതരണവും ജലസ്രോതസ്സുകളുടെ സംരക്ഷണവും.
- ❖ പൊതുവഴികൾ, തെരുവുവിളക്കുകൾ എന്നിവയുടെ പരിപാലനം.
- ❖ മാലിന്യ സംസ്കരണവും പരിസര ശുചിത്വവും.
- ❖ ജനന-മരണ രജിസ്ട്രേഷൻ.
- ❖ പൊതുശ്മശാനങ്ങളുടെയും കല്ലറകളുടെയും പരിപാലനം.
- ❖ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ.

2. പൊതുവായ ചുമതലകൾ

- ❖ സാമ്പത്തിക വികസനവും സാമൂഹ്യനീതിയും ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
- ❖ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ.
- ❖ പരിസ്ഥിതി സംരക്ഷണവും പ്രകൃതി വിഭവ സംരക്ഷണവും.
- ❖ സ്ത്രീ, ശിശു, വയോജന, ഭിന്നശേഷി ക്ഷേമ പ്രവർത്തനങ്ങൾ.
- ❖ ഗ്രാമസഭകളുടെ നടത്തിപ്പും ജനപങ്കാളിത്തം ഉറപ്പുവരുത്തലും.
- ❖ മേഖല അടിസ്ഥാനത്തിലുള്ള ചുമതലകൾ
- ❖ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നിവയുടെ വികസനം.
- ❖ വിദ്യാഭ്യാസവും ആരോഗ്യ സേവനങ്ങളും പ്രോത്സാഹിപ്പിക്കുക.
- ❖ കുടിവെള്ളം, ശുചിത്വം, ഭവന നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുക.
- ❖ സാമൂഹ്യക്ഷേമ, പട്ടികജാതി-പട്ടികവർഗ വികസന പ്രവർത്തനങ്ങൾ.
- ❖ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം.

4. മറ്റ് ചുമതലകൾ

- ❖ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഏൽപ്പിക്കുന്ന പദ്ധതികളും പരിപാടികളും നടപ്പിലാക്കുക.
- ❖ തിരഞ്ഞെടുപ്പ്, സെൻസസ്, ദുരന്തനിവാരണം തുടങ്ങിയ പൊതുഭരണ പ്രവർത്തനങ്ങളിൽ സഹകരിക്കുക.
- ❖ പൊതുസമ്പത്തുകളുടെ സംരക്ഷണവും പരിപാലനവും.
- ❖ നിയമാനുസൃതമായി ഏൽപ്പിക്കപ്പെടുന്ന മറ്റ് ചുമതലകൾ നിർവഹിക്കുക.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന നടപടികൾ

- ✓ ഉറവിടത്തിൽ തന്നെ (Source Level) മാലിന്യ വേർതിരിക്കൽ പ്രോത്സാഹിപ്പിക്കുക.
- ✓ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് കമ്പോസ്റ്റ്, ബയോഗ്യാസ് യൂണിറ്റുകൾ സ്ഥാപിക്കുക.
- ✓ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലേക്ക് (RRF) കൈമാറുക.
- ✓ ഹരിതകർമ്മസേന മുഖേന മാലിന്യ ശേഖരണവും സംസ്കരണവും നടത്തുക.
- ✓ പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനുള്ള പരിശോധനയും നടപടികളും സ്വീകരിക്കുക.
- ✓ മാലിന്യ സംസ്കരണ നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ പിഴയും മറ്റ് നിയമനടപടികളും സ്വീകരിക്കുക.
- ✓ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.
- ✓ സ്ഥാപനങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവയിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുക.
- ✓ ശുചിത്വ പ്രവർത്തനങ്ങൾ, ക്യാമ്പയിനുകൾ, സാമൂഹിക ഓഡിറ്റുകൾ എന്നിവ സംഘടിപ്പിക്കുക.
- ✓ കേരള പഞ്ചായത്ത് രാജ് ആക്ട്, ഘനമാലിന്യ സംസ്കരണ ചട്ടങ്ങൾ 2016, പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങൾ 2016 എന്നിവയുടെ പാലനം ഉറപ്പാക്കുക.

ജനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ

- ✓ ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും ഉറവിടത്തിൽ തന്നെ വേർതിരിച്ച് സൂക്ഷിക്കുക.
- ✓ വീട്ടിലെ ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റ് ചെയ്യുകയോ ബയോഗ്യാസ് യൂണിറ്റിൽ സംസ്കരിക്കുകയോ ചെയ്യുക.
- ✓ അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് കൈമാറുക.
- ✓ പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കാതിരിക്കുക.
- ✓ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം പരമാവധി ഒഴിവാക്കുക.
- ✓ തുണിസഞ്ചി, പുനരുപയോഗിക്കാവുന്ന വസ്തുക്കൾ എന്നിവ ഉപയോഗിക്കുക.
- ✓ മാലിന്യങ്ങൾ കത്തിക്കുകയോ ജലാശയങ്ങളിൽ നിക്ഷേപിക്കുകയോ ചെയ്യാതിരിക്കുക.
- ✓ വീടുകളിലും സ്ഥാപനങ്ങളിലും ശുചിത്വം പാലിക്കുക.
- ✓ പഞ്ചായത്ത്, ഹരിതകേരളം മിഷൻ തുടങ്ങിയവ നടത്തുന്ന ശുചിത്വ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.
- ✓ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും നിർദ്ദേശങ്ങളും പാലിക്കുക.

"മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം ഓരോ പൗരന്റെയും ഉത്തരവാദിത്തമാണ്. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുകയും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് കൈമാറുകയും ചെയ്യുന്നത് ശുചിത്വവും ആരോഗ്യകരവുമായ ഗ്രാമസമൂഹം സൃഷ്ടിക്കുന്നതിന് അനിവാര്യമാണ്."

ഗ്രാമസഭ

കേരള പഞ്ചായത്ത് രാജ് നിയമം, 1994 പ്രകാരം ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലുമുള്ള വോട്ടർപട്ടികയിൽ പേരുള്ള എല്ലാ വ്യക്തികളുടെയും പൊതുയോഗമാണ് ഗ്രാമസഭ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപങ്കാളിത്തത്തിന്റെയും വികേന്ദ്രീകൃത ആസൂത്രണത്തിന്റെയും അടിസ്ഥാന ഘടകമായി ഗ്രാമസഭയെ നിയമം അംഗീകരിക്കുന്നു.

ഗ്രാമസഭയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ നിർണായക പങ്കുണ്ട്. വാർഡിന്റെ വികസന ആവശ്യങ്ങൾ കണ്ടെത്തുക, പദ്ധതികൾക്ക് നിർദേശങ്ങൾ നൽകുക, വിവിധ ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക, പഞ്ചായത്ത് പ്രവർത്തനങ്ങളും ചെലവുകളും വിലയിരുത്തുക, സാമൂഹിക ഓഡിറ്റ് നടത്തുക തുടങ്ങിയ ചുമതലകൾ ഗ്രാമസഭ നിർവഹിക്കുന്നു.

ഗ്രാമസഭയിൽ അംഗങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താനും നിർദേശങ്ങൾ സമർപ്പിക്കാനും പൊതുപ്രശ്നങ്ങൾ ഉന്നയിക്കാനും അവകാശമുണ്ട്. ജനങ്ങളുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും ഭരണനിർവഹണത്തിൽ പ്രതിഫലിപ്പിക്കുന്ന ജനാധിപത്യ വേദിയായ ഗ്രാമസഭ, സുതാര്യവും ജനകീയവുമായ തദ്ദേശഭരണ സംവിധാനത്തിന്റെ അടിത്തറയാണ്.

"ജനങ്ങളുടെ പങ്കാളിത്തത്തിലൂടെ വികസനം ഉറപ്പാക്കുന്ന ജനാധിപത്യത്തിന്റെ ഏറ്റവും അടിസ്ഥാന വേദിയാണ് ഗ്രാമസഭ"

ഭരണസമിതി അംഗങ്ങൾ 2025-2030

വാർഡിൻറെ പേര്	ജനപ്രതിനിധികളുടെ പേര്	സ്ഥാനം	ഫോൺ നമ്പർ
01 പാലമൊക്ക്	രാജേശ്വരി കെ	പ്രസിഡൻറ്	8606313287
16 അടിപ്പെരണ്ട	അബ്ദുൾ ജലീൽ എച്ച്	വൈസ് പ്രസിഡൻറ്	9447074630
12 പൂവച്ചോട്	കനകലത ആർ	വികസന സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ	9446026175
05 പൂളക്കൽപറമ്പ്	റജീന ചാന്ത്മുഹമ്മദ്	സാമൂഹ്യ ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റ് ചെയർപേഴ്സൺ	9544644204
03 തെക്കേത്തറ	എസ്.എം. ഷാജഹാൻ	ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ	9446153713
02 കാരക്കാട്ട് പറമ്പ്	ബിന്ദു കെ	മെമ്പർ	9745421206
04 അയിലൂർ	മുത്തുലക്ഷ്മി എൻ എസ്	മെമ്പർ	9838263807
06 തലവെട്ടാംപാറ	വിനേഷ്. വി	മെമ്പർ	9497476148
07 കോഴിക്കോട്	ശ്രീധരൻ എം	മെമ്പർ	9947460405
08 പുത്തൻതറ	രാജൻ വി	മെമ്പർ	9447620530
09 കരിങ്കുളം	നിഷ. ആർ	മെമ്പർ	6238048871
10 ചക്രായി	ആർ.രാജേഷ്	മെമ്പർ	9544313168
11 കരിമ്പാറ	രുഗ്മണി പി	മെമ്പർ	9048599370
13 മരുതഞ്ചേരി	ജിൻസി ബാബു	മെമ്പർ	7591994908
14 തെങ്ങുംപാടം	എമിലി ബിജു	മെമ്പർ	9447429278
15 ഒലിപ്പാറ	ഷാനിഫ.എൽ	മെമ്പർ	9947481041
17 പയ്യാംകോട്	അഡ്വ.കെ.സുകുമാരൻ	മെമ്പർ	9447533854
18 കയറാടി	ജോബി ബിജു	മെമ്പർ	9633691517
19 കാന്തളം	വി ജി സജിത്കുമാർ	മെമ്പർ	9539190432

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ പേര് വിവരം

ക്രമ നമ്പർ	ജീവനക്കാരുടെ പേര്	സ്ഥാനം	ഫോൺ നമ്പർ
1	മേരി സിൽവസ്റ്റർ	അസിസ്റ്റൻറ് സെക്രട്ടറി & സെക്രട്ടറി ഇൻ ചാർജ്ജ്	9387228774
2	ഗീത.സി	ഹെഡ് ക്ലർക്ക്	9497708195
3	മനോജ്.എസ്	അക്കൌണ്ടൻറ്	9447115523
4	രജനി കെ	സീനിയർ ക്ലർക്ക്	8137059935
5	നളിനി സി	സീനിയർ ക്ലർക്ക്	9656765314
6	ജിഷ എസ്	ക്ലർക്ക്	9496558804
7	സ്വപ്ന സി.എസ്	ക്ലർക്ക്	8129386916
8	സബീന കെ	ഓഫീസ് അറ്റൻഡൻറ്	8129477257
9	പ്രേമ ആർ	ഓഫീസ് അറ്റൻഡൻറ്	9946954117
10	സുജാത സി	പാർട്ടൈം സ്വീപ്പർ	8086735685
11	രാജി പി സി	ടെക്നിക്കല് അസിസ്റ്റൻറ്	8547541937
12	ഉണ്ണികൃഷ്ണൻ എസ്	വില്ലേജ് അസിസ്റ്റൻറ്	7012564947
4	കവിത എ	ഓഫീസർ	9995550173
5	രവീന്ദ്രൻ കെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	9447369402
1	ആദിത്യൻ കെ	എഞ്ചിനീയർ ഡി എസ് അക്രെഡിറ്റ്	8129843384
6	ഗീത വി	സൂപ്പർവൈസർ	9961656522
2	കൃഷ്ണകുമാരനുണ്ണി	NREGS ഓവർസീയർ	9447514781
3	ഉണ്ണികൃഷ്ണൻ എസ്	അസി എഞ്ചിനീയർ, NREGS	9447866708
8	ഡോ. ബിജീഷ വി	മെഡിക്കൽ ഓഫീസർ(കുടുംബാരോഗ്യകം	9496135442
4	സുകന്യ കെ കെ	അക്കൌണ്ടൻറ്	9995486588
9	ഡോ. വിജി പി സി	മെഡിക്കൽ ഓഫീസർ(ആയുർവേദം) കം	9995406416
5	രഞ്ജിത ആർ	അക്കൌണ്ടൻറ്	9074848655
10	ഡോ.ഷംസു ജമാല്	മെഡിക്കൽ ഓഫീസർ(ഹോമിയോ)	9496352377
11	ശ്രുതി പ്രേം കെ	ഡ്രയറി ഫാം ഇൻസ്ട്രക്ടർ	9567373534
1	നവ്യ ദേവി	പ്രേരക്	9656944135
12	സുനിത വി	ഹെഡ്മാസ്റ്റർ	9497150863

അയിലൂർ ഗ്രാമപഞ്ചായത്ത് നിർവഹണ ഉദ്യോഗസ്ഥർ

ക്രമ നമ്പർ	പേര്	ഔദ്യോഗിക പദവി	ഫോൺ നമ്പർ
1	മേരി സിൽവസ്റ്റർ	അസിസ്റ്റൻറ് സെക്രട്ടറി	9387228774
2	മാനസ എം കെ	കൃഷി ഓഫീസർ	8281571526
3	അതുല്യ ടി ആർ	വെറ്റിനറി സർജൻ	9544321798
4	കവിത എ	ഓഫീസർ	9995550173
5	രവീന്ദ്രൻ കെ	BDO	9447369402

NREGS വിഭാഗത്തിലെ ജീവനക്കാർ

1	ആദിത്യൻ കെ	എഞ്ചിനീയർ	8129843384
2	കൃഷ്ണകുമാരനുണ്ണി	NREGS ഓവർസീയർ	9447514781
3	ഉണ്ണികൃഷ്ണൻ എസ്	അസി എഞ്ചിനീയർ, NREGS	9447866708

സാക്ഷരതാ പ്രേരക്

1	നവ്യ ദേവി	പ്രേരക്	9656944135

കുടുംബശ്രീ

1	രജനി എം ആർ	സി ഡി എസ് ചെയർപേഴ്സൺ	9747693872
2	ദീപ എം വി	അക്കൌണ്ടൻറ്	9744148672

അങ്കണവാടികളുടെ വിവരങ്ങൾ

ക്രമ നമ്പർ	സെൻറർ നമ്പർ	അങ്കണവാടി	വർക്കറുടെ പേര്	ഫോൺ നമ്പർ
1	32	ചീതാവ്	ബിന്ദു ബി	9656980327
2	33	അരിയക്കോട്	റീജ	9947923238
3	34	നെല്ലിക്കാട്ടുപറമ്പ്	രജിത സി	8086919345
4	35	തോട്ടുംപള്ള	രാധ എം	9207882753
5	36	മൂല	ബാലമീനാക്ഷി	9961099405
6	37	പാലക്കപൊറ്റ	ഉഷാകുമാരി എ	9846945751
7	38	പാളിയമംഗലം	അരുണകുമാരി	8590540533
8	39	നായ്ക്കർപാടം	ഷൈലജ എസ് നാഥ്	
9	40	കാരക്കാട്ട്പറമ്പ്	സുനിത	9847756541
10	41	കുന്നംകാട്	ഷാജിത	9656969781
11	42	തിരുവഴിയാട്	സിന്ധു കെ	9496960935
12	43	കോഴിക്കാട്	രാധിക ഐ.എൻ	9400744375
13	44	പുത്തൻതറ	ലത ആർ	9562842906
14	45	പട്ടുകാട്	നിലാവർണ്ണീസ കെ	9947678610
15	46	കയറാടി കോളനി	സുന്ദരി വി	9947651376
16	47	കൈതച്ചിറ	സാലി കെ പി	9526352749
17	48	പയ്യാംകോട്	ഷീബ ഭാസ്കരൻ	9656969533
18	49	മാങ്കുറിശ്ശി	ലൈല ഐ	9048866327
19	50	വീഴ്ലി	സുകുമാരി പി സി	9847225938
20	51	താഴെ പറയമ്പള്ളം	റഹ്മത്ത് എ	9946460733
21	52	പറയമ്പള്ളം	സജിത ജെ	9744693668
22	53	ചക്രായി	ഐഷ എം	9656413047
23	54	കോപ്പൻകുളമ്പ്	എൽസമ്മ കുര്യന്	9526557266
24	55	കല്ച്ചാടി	സുജാത കെ കെ	8156985408

25	56	ആലമ്പള്ളം	മോളി സി ഐ	9795468858
26	57	കിഴക്കേകുളമ്പ്	ഐഷ എച്ച്	8606104713
27	58	ചോറപ്പാടം	പ്രേമകുമാരി വി എം	9495214887
28	59	കൊടിക്കരുമ്പ്	സതി അനസൂയ	9745645221
29	60	ഒലിപ്പാറ	ഷൈല എ	9656955470
30	61	പാറയ്ക്കല്	സത്യഭാമ കെ	7306552514
31	62	മണ്ണാംകുളമ്പ്	വത്സല	9747459262
32	63	മയിലാടുംപരുത	സൌദാബീവി എൻ	9747906329
33	64	ന്യറം	ബീന എസ്	9961273419
34	65	ചീരമട	ഹേമ ഫ്രാൻസിസ്	9961487176
35	66	മരുതഞ്ചേരി	അർച്ചന എം	7034139939
36	67	നവരംകോട്	അനിത കെ ഡി	9249383172
37	68	മല്ലൻകുളമ്പ്	നിർമ്മല ആർ എസ്	9074071677
38	69	പയ്യാംകോട് തറ	പുഷ്പ വി	9961283789
39	70	നേർച്ചപ്പാറ	ശുഭ ദേവി	9446448254
40	71	മാനംകെട്ടപൊറ്റ	തുഷാര ഗംഗാധരൻ	9745456528
41	72	കരിങ്കുളം	രുഗ്മണി കെ	9947467547
42	73	കടലക്കാട്	ശശികല സി	9645620658

ആമുഖം

ബഹുമാന്യരെ ,

ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തിയും സുതാര്യതയും ഉത്തരവാദിത്വവും അടിസ്ഥാനമാക്കിയുള്ള ഭരണസംവിധാനം ശക്തിപ്പെടുത്തിയും പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനമാണ് അയിലൂർ ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിന്റെ വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കുന്നതിനും സേവന വിതരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ വ്യക്തമായി ലഭ്യമാക്കുന്നതിനുമായി പൗരാവകാശ രേഖ (Citizen Charter) തയ്യാറാക്കിയിട്ടുണ്ട്.

സാങ്കേതിക വിദ്യയുടെ വളർച്ച, സർക്കാർ നയങ്ങളിലുണ്ടായ മാറ്റങ്ങൾ, സേവന വിതരണ രംഗത്തെ നവീകരണങ്ങൾ, പൊതുജനങ്ങളുടെ വർധിച്ചുവരുന്ന പ്രതീക്ഷകൾ എന്നിവ പരിഗണിച്ച് നിലവിലുള്ള പൗരാവകാശ രേഖ കാലാനുസൃതമായി പുതുക്കേണ്ടതിന്റെ ആവശ്യകത ഉണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായാണ് അയിലൂർ ഗ്രാമപഞ്ചായത്ത് ഈ പുതുക്കിയ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നത്.

ഈ രേഖയിൽ പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന വിവിധ സേവനങ്ങൾ, അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ, ആവശ്യമായ രേഖകൾ, സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലകൾ എന്നിവ വിശദമായി ഉൾപ്പെടുത്തിയിരിക്കുന്നു. സേവനദാതാക്കളുടെയും സേവനസ്വീകർത്താക്കളുടെയും അവകാശങ്ങളും ഉത്തരവാദിത്വങ്ങളും വ്യക്തമാക്കുന്നതിനും ഈ രേഖ സഹായകമാകുന്നു.

പൊതുജനങ്ങൾക്ക് മികച്ച സേവനം ഉറപ്പുവരുത്തുന്നതിനുള്ള പഞ്ചായത്തിന്റെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ് ഈ പൗരാവകാശ രേഖ. പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനസൗഹൃദവും കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ഈ രേഖ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

.

ഭരണസമിതിക്കുവേണ്ടി ,

മേരി സിൽവസ്റ്റർ
അസിസ്റ്റൻറ് സെക്രട്ടറി &സെക്രട്ടറി ഇൻ ചാർജ്ജ്

രാജേശ്വരി കെ
പ്രസിഡൻറ്

അയിലൂർ ഗ്രാമപഞ്ചായത്ത്

സേവന ഇനങ്ങൾ

ഗ്രാമപഞ്ചായത്ത് ഓഫീസ്

- ജനനം / മരണം നിർജീവ ജനനം രജിസ്ട്രേഷൻ
- ദത്തെടുക്കുന്ന കുട്ടികളുടെ ജനനം രജിസ്ട്രേഷൻ
- നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്
- ജനനരജിസ്ട്രേഷനിൽ പേര് ചേർക്കൽ , തിരുത്തൽ
- 1970 ഏപ്രിൽ ഒന്നിന് മുമ്പുള്ള രജിസ്ട്രേഷനിൽ പേര് ചേർക്കൽ
- ജനന – മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിൽ തിരുത്തൽ
- 1970 ന് മുമ്പുള്ള രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ
- ഹിന്ദു വിവാഹ നിയമം വിവാഹ രജിസ്ട്രേഷൻ
- വിവാഹ രജിസ്ട്രേഷൻ (പൊതുവിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ)
- ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ
- വിധവ/അഗതി പെൻഷൻ
- വികലാംഗ പെൻഷൻ
- കർഷക തൊഴിലാളി പെൻഷൻ
- 50 വയസ്സിന് മുകളില് പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ
- തൊഴിൽ രഹിത വേതനം
- സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം
- കെട്ടിട നിർമ്മാണ പെർമിറ്റുകൾ
- വസ്തു നികുതി
- ഉടമസ്ഥാവകാശം താമസ സർട്ടിഫിക്കറ്റുകൾ നൽകൽ
- അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിലുള്ള മുൻകരുതലുകൾ ഫാക്ടറികൾ , ഇൻസ്റ്റലേഷൻ പ്രവർത്തനങ്ങൾക്ക് മുമ്പ് വാങ്ങേണ്ട അനുമതി
- വ്യാപാര – വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ്
- ട്യൂട്ടോറിയൽ സമാപനങ്ങളുടെ രജിസ്ട്രേഷൻ
- തൊഴിൽകാർഡ് ലഭിക്കലും തൊഴിൽ നൽകലും
- സ്വകാര്യ ആശുപ്രതികളുടെയും മറ്റും രജിസ്ട്രേഷൻ
- സ്ത്രീ സുരക്ഷാപെൻഷന്

കൃഷി ഭവൻ

ആയുർവേദ ഡിസ്പെൻസറി

പ്രാഥമിക ആരോഗ്യ കേന്ദ്രം

വെറ്റിനറി ഡിസ്പെൻസറി

ഗവ. യു.പി. സ്കൂൾ

അംഗനവാടികൾ

തദ്ദേശസ്വയംഭരണ (ഇ.ജി.) വകുപ്പിന്റെ 10.04.2025-ലെ സ.ഉ.(കൈ) നം. 66/2025/LSGD ഉത്തരവ് പ്രകാരം, പൊതുജനങ്ങൾക്ക് സേവനങ്ങൾ കൂടുതൽ കാര്യക്ഷമമായും സുതാര്യമായും സമയബന്ധിതമായും ലഭ്യമാക്കുന്നതിനായി കെ-സ്മാർട്ട് (K-SMART) സംവിധാനത്തിലൂടെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നത്.

പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച്, കെ-സ്മാർട്ട് വഴി ലഭ്യമാക്കുന്ന എല്ലാ സർട്ടിഫിക്കറ്റുകളുടെയും ആധികാരികത ഓൺലൈനായി പരിശോധിക്കാനാകുന്നതിനാൽ, സർട്ടിഫിക്കറ്റുകൾ പ്രത്യേകം സീൽ പതിപ്പിച്ചോ ഉദ്യോഗസ്ഥരുടെ ഒപ്പോടുകൂടിയോ നൽകേണ്ടതില്ല. കെ-സ്മാർട്ടിൽ നിന്ന് ലഭിക്കുന്ന ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ തന്നെ ഔദ്യോഗിക രേഖകളായി പരിഗണിക്കപ്പെടുന്നതാണ്.

പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾക്കായി അപേക്ഷ സമർപ്പിക്കുന്നതിനും, അപേക്ഷകളുടെ നിലവിവരം അറിയുന്നതിനും, സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനും https://ksmart.lsgkerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് Citizen Login മുഖേന സേവനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

ജനനം/മരണം/ നിർജീവ ജനനം/വിവാഹ രജിസ്ട്രേഷൻ

(https://ksmart.lsgkerala.gov.in/ui/web-portal/quick-certificates)

സേവനം ലഭ്യമാകുന്ന ഓഫീസ് : ഗ്രാമപഞ്ചായത്ത് ഓഫീസ്			
ക്രമ. നം	ലഭ്യമാകുന്ന സേവനം	ഹാജരാക്കേണ്ട രേഖകൾ(കെ.സ്മാർട്ട് മുഖേന)/ മറ്റ് നിബന്ധനകൾ	സേവനം ലഭ്യമാകുന്ന ദിവസവും അടയ്ക്കേണ്ട ഫീസും
1.	ജനനം/മരണം/ നിർജീവ ജനനം രജിസ്ട്രേഷൻ (നടന്ന് 21ദിനങ്ങൾക്കകം)	1.ജനന/ മരണ/ നിർജീവ ജനന റിപ്പോർട്ട്. 2.വീട്ടില് വെച്ച് നടന്നതാണെങ്കില് ഗൃഹനാഥന് 3.വാഹനങ്ങളില്-വാഹനത്തിൻറെ ചുമതലക്കാരന് 4.പ്ലാൻറേഷനില്-സൂപ്രണ്ട്/ചുമതലക്കാരൻ	7 പ്രവൃത്തി ദിനങ്ങൾക്കകം ഇല്ല

		5.മുകളില് പറഞ്ഞതില് ഉൾപ്പെടാത്തതും ഇൻക്വസ്റ്റ് നടത്തിയതുമായ കേസ്സുകൾ--ഇൻക്വസ്റ്റ് നടത്തിയ ഉദ്യോഗസ്ഥൻ 6.മുകളില് പറഞ്ഞതില് ഉൾപ്പെടാത്തതും ഇൻക്വസ്റ്റ് നടത്തിയതുമായ കേസ്സുകൾ-ഇൻക്വസ്റ്റ് നടത്തിയ ഉദ്യോഗസ്ഥൻ 7.പൊതുസ്ഥലത്ത് ഉപേക്ഷിക്കപ്പെട്ട ശിശു/കാണപ്പെട്ട മൃതദേഹം-ഇൻക്വസ്റ്റ് നടത്തിയ ഉദ്യോഗസ്ഥന 8.യാത്രയ്ക്കിടയിൽ സംഭവിച്ചതാണെങ്കിൽ സത്യപ്രസ്ഥാവന, 9. അസ്വാഭാവികമരണം ആണെങ്കിൽ പോലീസ്	
2.	ജനനം/ മരണം/ നിർജീവ ജനനം രജിസ്ട്രേഷൻ (നടന്ന് 21 ദിനങ്ങൾക്കു ശേഷം 30ദിനങ്ങൾക്കകം)	, രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിച്ചുകൊണ്ടുള്ള അപേക്ഷ.	7 പ്രവൃത്തി ദിനങ്ങൾക്കകം ലേറ്റ് ഫീ 2 രൂപ
3.	ജനനം/മരണം രജിസ്ട്രേഷൻ (30 ദിനങ്ങൾക്കു ശേഷം ഒരു വർഷത്തിനകം)	1.ജനന മരണറിപ്പോർട്ടിന്റെ 2 കോപ്പികൾ 2.രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിച്ചുകൊണ്ടുള്ള അപേക്ഷ. 3.(സെക്രട്ടറിക്കും ജില്ലാ ജനനമരണ രജിസ്ട്രാർക്കും വെവ്വേറെ അപേക്ഷകൾ) 4.നോട്ടറി ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യ പ്പെടുത്തിയ സത്യവാങ്മൂലം.	7 പ്രവൃത്തി ദിനങ്ങൾക്കകം 5 രൂപ (ജില്ലാ രജിസ്ട്രാറിൽ നിന്നും അനുമതി ലഭിച്ചശേഷം)

		5.തദ്ദേശ രജിസ്ട്രാറില് നിന്നുള്ള നോണ് അവൈലബിലിറ്റി സർട്ടിഫിക്കറ്റ്	
4.	ജനനം/മരണം രജിസ്ട്രേഷൻ (ഒരുവർഷത്തിനു ശേഷം)	1.രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിച്ചുകൊണ്ടുള്ള അപേക്ഷ ജനന /മരണറിപ്പോർട്ടിൻറെ 2 കോപ്പികൾ 2.സബ് ഡിവിഷണൽ മജിസ് ട്രേറ്റിന്റെ അനുമതി	7 പ്രവൃത്തി ദിനങ്ങൾക്കകം 10 രൂപ
5.	വിദേശത്തു നടന്ന ജനനം രജിസ്ട്രേഷൻ കുട്ടി ഇന്ത്യയിലെത്തി 60 ദിവസത്തിനകം)	1.ജനന റിപ്പോർട്ട് 2 കോപ്പി 2.ഏത് സ്ഥലത്ത് സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നു എന്നത് സംബന്ധിച്ച് 200 രൂപ മുദ്രപത്രത്തിലുള്ള സത്യവാങ്മൂലം 3.മാതാപിതാക്കളുടെ പാസ്പോർട്ടിന്റെ പകർപ്പ് 4.കുട്ടിയുടെ ജനന തിയതി കാണിക്കുന്ന ഏതെങ്കിലും രേഖ (കുട്ടിയുടെ പാസ്പോർട്ട്/ആഴ്ചപത്രിയിലെ രേഖ/മറ്റേതെങ്കിലും രേഖ)	30 പ്രവൃത്തി ദിനങ്ങൾക്കകം ഇല്ല
6.	വിദേശത്തു നടന്ന ജനനം രജിസ്ട്രേഷൻ (ജനനത്തീയതി മുതൽ 60 ദിവസത്തിനുശേഷം 1 കൊല്ലം വരെ)	1.മുകളിലെ 1,2,3,4 നമ്പർ പ്രകാരമുള്ള രേഖ 2.വൈകിയതിന്റെ കാരണം കാണിക്കുന്ന അഫിഡവിറ്റ് – നോട്ടറി ഗസറ്റഡ് ഓഫീ സർ അറ്റസ്റ്റ് ചെയ്തത് 3.നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് കരസ്ഥമാക്കണം, 4.60 ദിവസത്തിനകം രജിസ്ട്രേഷന് നടത്തിയിട്ടില്ലെന്ന രജിസ്ട്രാറുടെ റിപ്പോർട്ട്	വൈകിയുള്ള സന്ദർഭങ്ങളില് അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസത്തിനകം 1 വർഷം വരെ 5 രൂപ 1 വർഷത്തിനു ശേഷം 10 രൂപ

		5.ജില്ലാ രജിസ്ട്രാറിൽ നിന്നും അനുമതി (1 കൊല്ലം വരെ) സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അനുമതി (1 കൊല്ലത്തിനു ശേഷം)	
7.	ദത്തെടുക്കുന്ന കുട്ടികളുടെ ജനനം രജിസ്ട്രേഷൻ	1.അപേക്ഷ 2.ജനന റിപ്പോർട്ട് ഫോറം 1 3.ദത്തെടുക്കൽ സംബന്ധിച്ച കോടതി ഉത്തര വിൻറെ പകർപ്പ് . 4.കുട്ടികളുടെ ജനന സർട്ടിഫിക്കറ്റ്/ജനനസർട്ടിഫിക്കറ്റിൻറെ പകർപ്പ് 5.മാതാപിതാക്കളുടെ താമസസ്ഥലം തെളിയിക്കുന്ന രേഖകൾ	15 പ്രവർത്തി ദിവസം 21 ദിനത്തിനകം ഫീസില്ല 21 ദിനം–30 ദിവസം വരെ 2 രൂപ 30 ദിവസം – 1 വർഷത്തിനു ശേഷം 10 രൂപ 1 വർഷത്തിന് ശേഷം –10 രൂപ
8.	സ്ഥാപനങ്ങളില് നിന്നല്ലാതെ ദത്തെടുക്കുന്ന കുട്ടികളുടെ ജനനം രജിസ്ട്രേഷൻ	1.ജനന റിപ്പോർട്ട് 2.ദത്തെടുക്കൽ സംബന്ധിച്ച കോടതി ഉത്തര വിൻറെ പകർപ്പ് . 3.ജില്ലാ/സബ്ഡിവിഷൻ/എക്സിക്യൂട്ടീവ് മജിസ്ട്രറ്റിൻറെ ഉത്തരവ് 1 വയസ്സില് കൂടുതല് പ്രായമുള്ള കുട്ടികളുടെ കാര്യത്തില് , 4.മാതാപിതാക്കളുടെ താമസസ്ഥലം തെളി യിക്കുന്ന രേഖകൾ (റേഷൻ കാർഡ് ഇലക്ഷൻ തിരിച്ചറിയൽ കാർഡ്)	7 പ്രവർത്തി ദിവസങ്ങൾക്കകം 21 ദിനത്തിനകം ഫീസില്ല 21 ദിനത്തിനകം ഫീസില്ല 21 ദിനം–30 ദിവസം വരെ 2 രൂപ 30 ദിവസം – 1 വർഷത്തിനു ശേഷം 10 രൂപ 1 വർഷത്തിന് ശേഷം –10 രൂപ
	നിയമപരമായി ദത്തെടുക്കാത്ത		ലേറ്റ് ഫീ 10 രൂപ

9.	കുട്ടിയുടെ ജനന രസിസ്ട്രേഷൻ	1.ജനന റിപ്പോർട്ട് 2.വിശ്വനീയരായ രണ്ട് വ്യക്തികളില് നിന്നുള്ള സത്യപ്രസ്ഥാവന 3.മാതാപിതാക്കളുടെ താമസസ്ഥലം തെളി യിക്കുന്ന രേഖകൾ (റേഷൻ കാർഡ് ഇലക്ഷൻ തിരിച്ചറിയൽ കാർഡ്) 4.ദത്ത് എടുത്ത കുട്ടിയുടെ എസ് എസ് എല് സി ,റേഷൻകാർഡ് ,വോട്ടേഴ്സ് ആ.ഡി ആധാർകാർഡ് എന്നിവയുടെ പകർപ്പ്	
10.	ജനന മരണ രജിസ്ട്രേഷൻ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്	1.അപേക്ഷ 2.ജനനം മരണം നടന്ന സ്ഥലം, താമസ സ്ഥലം എന്നിവ തെളിയിക്കുന്ന രേഖകൾ	7 പ്രവർത്തി ദിവസങ്ങൾക്കകം തിരച്ചിൽ ഫീസ് വർഷത്തേയ്ക്ക് 2 രൂപ സർട്ടിഫിക്കറ്റ് ഫീ 2 രൂപ
11.	ജനന-മരണ സർട്ടിഫിക്കറ്റ് ലഭിക്കൽ	സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാണ്	12-ാം വകുപ്പ് പ്രകാരം സർട്ടിഫിക്കറ്റിന് ഫീസ് ആവശ്യമില്ല 17-ാം വകുപ്പ് പ്രകാരം തിരച്ചില് ഫീസ് ഒരു വർഷത്തേക്ക് 2 രൂപ സർട്ടിഫിക്കറ്റ് ഫീസ് 5/രൂപ

12	ജനനരജിസ്ട്രേഷനിൽ പേര് ചേർക്കൽ/തിരുത്തല് (ജനനം രജിസ്റ്റർ ചെയ്ത സമയത്തോ സ്കൂളിൽ ചേർക്കുന്നതിന് മുമ്പോ പേര് ചേർത്തിട്ടില്ലെങ്കിൽ)	1.അപേക്ഷ 2.അപേക്ഷയില് ഒപ്പ് വെച്ചിരിക്കുന്നവരുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളുടെ പകർപ്പ് 3.തിരുത്തലുകൾക്ക് സത്യവാങ്മൂലം	7 പ്രവർത്തി ദിവസങ്ങൾക്കകം 1 വർഷത്തിന് ശേഷം 5 രൂപ 2.തിരുത്തലുകൾക്ക് കോംമ്പൌണ്ടിംഗ് ഫീസ് 50/രൂപ
13.	ജനനരജിസ്ട്രേഷനിൽ പേര് ചേർക്കൽ (കുട്ടിയുടെ ജനനതിയ തിയും സ്കൂൾ രേഖ യിലെ ജനനതീയതിയും തമ്മിൽ പത്ത മാസത്തിലേറെ വ്യത്യാസം ഉള്ളപ്പോൾ ജില്ലാ രജി സാറിൽ നിന്നുള്ള അനുമതി)	1.മാതാവിൻറെയോ പിതാവിൻറെയോ കുട്ടി പ്രായപൂർത്തിയായിട്ടുണ്ടെങ്കില് കുട്ടിയുടേയോ രക്ഷിതാവിൻറെയേ അപേക്ഷ (ജില്ലാ രജിസ്ട്രാർക്ക്) 2.പേര് ജനനതിയതി മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന സ്കൂൾ രേഖയുടെ ശരി പകർപ്പ് 3.ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം 4.ജനനക്രമത്തിൽ കാണിച്ചിട്ടുള്ള കുട്ടികളുടെ ജനനത്തീയതി, വയസ് തെളിയി ക്കുന്നതിന് ജനന സർട്ടിഫിക്കറ്റ് സ്കൂൾ രേഖ എന്നിവയിൽ ഏതിന്റെയെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്	15 പ്രവർത്തി ദിവസങ്ങൾക്കകം
14.	ജനനരജിസ്ട്രേഷനിൽ പേര് ചേർക്കൽ/തിരുത്തല് (സ്കൂളിൽ ചേർത്തതിന് ശേഷം പേര് ചേർക്കുന്ന സംഗതികളിൽ)	1. അപേക്ഷ 2. സ്കൂൾ രേഖയുടെ /സ്കൂൾ രേഖയിലെ പേര് ജനനതിയതി മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന വിദ്യാഭ്യാസ അധികാരികളില് നിന്നുള്ള സാക്ഷ്യപത്രം 3. ജനനക്രമ സാക്ഷ്യപത്രം	7 പ്രവർത്തി ദിവസങ്ങൾക്കകം(പേര് ചേർക്കുന്ന സംഗതിയില് രജിസ്ട്രേഷന് രേഖയിലും സ്കൂൾ രേഖയിലും പത്ത് മാസത്തില് കൂടുതല് വ്യത്യാസം ഉണ്ടെങ്ങില് ജില്ലാ രജിസ്ട്രാറില് നിന്ന് അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസത്തിന് ശേഷം) 5 രൂപ

15.	ജനനരജിസ്ട്രേഷനിൽ പേര് ചേർക്കൽ (സ്കൂൾ വിദ്യാഭ്യാസം നേടാത്തവരുടെ സംഗതികളിൽ)	1. അപേക്ഷ 2.മാതാപിതാക്കളുടെയും കുട്ടിയുടെയും പേര് തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ 3. ജനനക്രമ സാക്ഷ്യപത്രം	7 പ്രവർത്തി ദിവസങ്ങൾക്കകം 5 രൂപ
16.	സ്കൂളില് ചേർക്കുന്നതിന് മുമ്പ് ജനന രജിസ്റ്ററിൽ ചേർത്ത പേര് സ്കൂള് രേഖയിലെ പോലെ തിരുത്തൽ	1.തെറ്റായി പേര് ചേർക്കാൻ ഇടയായ സാഹ ചര്യം വ്യക്തമാക്കി കൊണ്ട് 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷ 2. സ്കൂൾ രേഖ യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 3. തെറ്റായ പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്ന മാതാപിതാക്കളുടെ സത്യവാങ്മൂലം	7 പ്രവർത്തി ദിവസങ്ങൾക്കകം 50 രൂപ
17.	സ്കൂൾ വിദ്യാഭ്യാസം നേടാത്ത സംഗതിയില് 6 വയസ്സിന് ശേഷം	1.അപേക്ഷ 2.ജനനക്രമം 3.മാതാപിതാക്കളുടെ തിരിച്ചറിയല് രേഖകൾ	7 പ്രവർത്തി ദിവസങ്ങൾക്കകം 5 രൂപ ലേറ്റ് ഫീ
18.	1970 ഏപ്രിൽ ഒന്നാം തീയതിക്ക്	1.അപേക്ഷ 2 ചീഫ് രജിസ്ട്രാർക്കുള്ള അപേക്ഷ അനുമതിക്കായി കെ സ്മാർട്ട് മുഖേന 3. ജനനതിയതി പേര് എന്നിവ തെളിയിക്കുന്ന സ്കൂൾ രേഖ	7 പ്രവർത്തി ദിവസങ്ങൾക്കകം 5 രൂപ ലേറ്റ് ഫീ

	മുമ്പുള്ള ജനന രജിസ്ട്രേഷനിൽ പേര് ചേർക്കൽ	4.മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനനത്തീയതി, ജന നക്രമം, ജീവിച്ചിരിക്കുന്നോ ഇല്ലയോ എന്നിവ വ്യക്തമാക്കുന്ന സത്യവാങ്മൂലം	
19.	ജനന രജിസ്റ്ററില് സ്കൂളില് ചേർക്കുന്നതിന് മുമ്പ് ചേർത്ത പേര് സ്കൂൾ രേഖയിലെ പോലെ തിരുത്തല്	1.അപേക്ഷ 2.സ്കൂൾ രേഖ	7 പ്രവർത്തി ദിവസങ്ങൾക്കകം 50 രൂപ കോമ്പൗണ്ടിംഗ് ഫീ
20.	ജനന-മരണ രജിസ്ട്രേഷൻ മാതാപിക്കളുടെ പേര് തിരുത്തല് ഇനീഷ്യല് വികസിപ്പല് ഭാര്യയുടെ പേരിനൊപ്പം ഭർത്തിവിൻറെ പേര് ചേർത്ത വിവരം മേല് വിലാസത്തിലെ അക്ഷരത്തെറ്റുകള്	1. അപേക്ഷ 2. മാതാപിതാക്കളുടെ സ്കൂള് രേഖ 3. one & same certificate, 4. തിരിച്ചറിയല് രേഖ	7 പ്രവർത്തി ദിവസം ഫീസ് ഇല്ല
21.	കുട്ടിയുടെ പേരിലെ ഇനീഷ്യല് വികസിപ്പിച്ച് തിരുത്തല് നടത്തല്	1.അപേക്ഷ പ്രായപൂർത്തിയാകാത്ത സംഗതിയില് മാതാവി/പിതാവ് 2.കുട്ടിയുടെ അപേക്ഷ 3 തെറ്റായി പേര് ചേർക്കാന് ഇചടയായ സാഹചര്യം വ്യക്തമാക്കുന്ന സത്യവാങ്മൂലം	7 പ്രവർത്തി ദിവസം 50 രൂപ
		1.ചീഫ് രജിസ്ട്രാർക്കുള്ള അപേക്ഷ	7 പ്രവർത്തി ദിവസങ്ങൾക്കകം

22.	1970 ഏപ്രിൽ 1-ന് മുമ്പുള്ള ജനന മരണ രജിസ്ട്രേഷനുക ളിലെ തിരുത്തലുകൾക്കുള്ള അനുമതി	2. രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ രജിസ്റ്റ റിന്റെ പ്രസക്തഭാഗത്തിന്റെ ശരിപ്പകർപ്പ് 3. സ്കൂൾ രേഖയുടെ ശരിപ്പകർപ്പ് 4. ജനനക്രമം,വ്യക്തമാക്കുന്ന നിശ്ചിത ഫാറത്തിലുള്ള സത്യവാങ്മൂലം 5.ഒരു പേര് മറ്റൊന്നായി തിരുത്തുന്നതിന് റവന്യൂ നിന്നുള്ള സാക്ഷ്യപത്രം. 6.വിശ്വസനീയമായ രണ്ട് വ്യക്തികളുടെ ഡിക്ലറേഷൻ 7. ആശുപത്രികളിൽ നിന്ന് റിപ്പോർട്ട് ചെയ്ത കേസുകളിൽ തിരുത്തലിന് ആശുപത്രി തിരുത്തൽ കത്തും ജനന രജിസ്ട്രേഷ നിലെ തിരുത്തലുകൾക്ക് ഗൈനക് രജിസ്റ്ററിലെ സാക്ഷ്യപ്പെടുത്തിയ പകർപ്പും 8. തിരുത്തപ്പെടേണ്ട വിവരം തെളിയിക്കുന്ന മറ്റ് ആധികാരികരേഖകളുടെ സാക്ഷ്യപ്പെ ടുത്തിയ പകർപ്പുകൾ	50 രൂപ
23.	ജനന/മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിലെ തിരുത്തല്	1.അപേക്ഷ 2.ജനിച്ച /മരിച്ച ആളുടെ പേര്,അവരുടെ മാതാപിതാക്കളുടെ പേര് വിലാസം എന്നിവ തിരുത്തുന്നതിന് വണ് ആൻറ് സെയിം സർട്ടിഫിക്കറ്റ് 3.GO(ms)No 1/2023/PIE&MD dt 03/02/2023 4.പേരിലുള്ള തിരുത്തലാണെങ്കില് സ്കൂൾ രേഖ, ഡ്രൈവിംഗ് ലൈസൻസ് ,പാസ്സ് പോർട്ട് തീരിച്ചറിയല് കാർഡ്സ്,ആധാർകാർഡ്,റേഷൻ കാർഡ് എന്നിവയില് ഏതെങ്കിലും ഒന്നിൻറെ പകർപ്പ്.	7പ്രവർത്തി ദിവസങ്ങൾക്കകം

		5.വിശ്വനീയരായ രണ്ട് വ്യക്തികളുടെ (ഗസറ്റഡ് ഓഫീസർ വേണമെന്നില്ല) ഡിക്ലറേഷൻ(വസ്തുതാപരമായ തിരുത്തലുകൾക്ക്)	
24.	01/04/1970 ന് മുമ്പുള്ള ജനന /മരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ	1.ചീഫ് രജിസ്ട്രാർക്കുള്ള അപേക്ഷ 2.തിരുത്തപ്പെടേണ്ട വിവരം കാണിക്കുന്ന ആധികാരിക രേഖ 3ജനന രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക് മാതാപിതാക്കളഅക്ക് ജനിച്ചിട്ടുള്ള എല്ലാകുട്ടികളുടേയും പേര് ജനന തിയതി ജനനക്രം ജീവിച്ചിരിക്കുന്നുവോ ഇല്ലയോ എന്നുള്ള സത്യവാങ്ങ്മൂലം 4.പേര് തിരുത്തുന്നതിന് വൺ ആൻറ് സെയിം സർട്ടിഫിക്കറ്റ് 5. GO(ms)No 1/2023/PIE&MD dt 03/02/2023 6.വിശ്വനീയരായ രണ്ട് വ്യക്തികളുടെ (ഗസറ്റഡ് ഓഫീസർ വേണമെന്നില്ല) ഡിക്ലറേഷൻ(വസ്തുതാപരമായ തിരുത്തലുകൾക്ക്) 7. ആശുപത്രികളില് നിന്നും റിപ്പോർട്ട് ചെയ്ത കേസുകളില് തിരുത്തലിന് ആശുപത്രി അധികാരികളില് നിന്നുള്ള് തിരുത്തല് കത്തും ജന രജിസ്ട്രേഷനിലെ തിരുത്തലുകള് ഗൈനക്ക് രജിസ്ട്രറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സ്ഥാപനം നിലവില് ഇല്ലെങ്കില് പ്രസ്തുത വിവരത്തിനുള്ള സത്യവാങ്ങ്മൂലം	ചീഫ് രജിസ്ട്രാറുടെ അനുമതി ലഭിച്ച് 7 പ്രവർത്തി ദവസം ഫീസ് ഇല്ല
25.	ഹിന്ദു വിവാഹ നിയമം വിവാഹ	1.വിവാഹ റിപ്പോർട്ട് 1957 ലെ ഹിന്ദു വിവാഹരജിസ്ട്രേഷന്	ഇല്ല

25.	രജിസ്ട്രേഷൻ ഹിന്ദു വിവാഹ നിയമം വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന്15 ദിവസത്തിനുള്ളിൽ)	ചട്ടം 2. വയസ് തെളിയിക്കുന്ന രേഖകൾ 3. വരന്റെ വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ/ പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ	15 പ്രവർത്തി ദിവസങ്ങൾക്കകം
26.	ഹിന്ദു വിവാഹ നിയമം വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 30 ദിവസത്തിനുള്ളിൽ)	1.കാലതാമസം ക്രമപ്പെടുത്തുന്നതിനുള്ള സംയുക്ത അപേക്ഷ 2. വിവാഹ റിപ്പോർട്ട് 3. വയസ് തെളിയിക്കുന്ന രേഖകൾ 4. വരന്റെ വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ/ പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ	15 പ്രവർത്തി ദിവസങ്ങൾക്കകം ഫീസ് ഇല്ല
27.	ഹിന്ദു വിവാഹ നിയമം വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 30 ദിവസങ്ങൾക്ക് ശേഷം)	1.കാലതാമസം ക്രമപ്പെടുത്തുന്നതിനുള്ള സംയുക്ത അപേക്ഷ 2. വിവാഹ റിപ്പോർട്ട് 3. വയസ് തെളിയിക്കുന്ന രേഖകൾ 4. വരന്റെ വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ/ പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ 5.ഭർത്താവ് പ്രവാസി ഭാരതീയനാകുന്ന സംഗതികളില് അദ്ദേഹത്തിൻറെസെക്യൂരിറ്റി നമ്പറും വിദേശത്തെ മേല് വിലാസവും സാധുതയുള്ള പാസ്പോർട്ടിൻറെ പകർപ്പും	15 പ്രവർത്തി ദിവസങ്ങൾക്കകം (ജില്ലാ രജിസ്ട്രാറില് നിന്ന് അനുമതി ലഭിച്ച ശേഷം) ഫീസ് ഇല്ല
		1 ഹിന്ദു വിവാഹ രജിസ്ട്രാർ ജനറലിനുള്ള സംയുക്ത അപേക്ഷ	ഹിന്ദു വിവാഹ രജിസ്ട്രാർ ജനറലിൻറെ അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസങ്ങൾക്കകം

28.	ഹിന്ദു വിവാഹ രജിസ്ട്രേഷനിലെ തിരുത്തലുകൾ	2. ശരിയായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖ കളുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്	ഫീസ് ഇല്ല
29.	ഹിന്ദു വിവാഹ സർട്ടിഫിക്കറ്റ്	1.വിവാഹ രജിസ്ട്രേഷനിൽ ചേർത്ത വിവരങ്ങൾ അടങ്ങിയ അപേക്ഷ. 2.50 രൂപയുടെ മുദ്രപത്രം (ആവശ്യമുണ്ടെങ്കിൽ മാത്രം	7 പ്രവർത്തി ദിവസങ്ങൾക്കകം 10/രൂപ പകർപ്പ് ഫീസ്
30.	വിവാഹം നടന്ന് 5 കൊല്ലത്തിനകം ഉള്ള രജിസ്ട്രേഷൻ (2008 ലെ കേരള പൊതുവിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ)	1. ഫോട്ടോ സഹിതമുള്ള മെമ്മോറാണ്ടം 2. ജനനതിയതി തെളിയിക്കുന്ന രേഖ 3.വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാപനത്തിന്റെ സാക്ഷ്യപത്രം അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസറുടെ നിശ്ചിത ഫോറത്തിലുള്ള പ്രഖ്യാപനം (ഫാറം നമ്പർ 2) 4.ഭർത്താവ് പ്രവാസി ഭാരതീയനാണെങ്കില് അദ്ദേഹത്തിൻറെ സാധുതയുള്ള പാസ്സപോർട്ടിൻറെ കോപ്പി വിദേശ താമസ സ്ഥലത്തിൻറെ വിലാസവും സെക്യൂരിറ്റി നമ്പറും നല്കേണ്ടതാണ്. കൂടാതെ പാസ്സ്പോർട്ടിൻറെ പകർപ്പ് രജിസ്ട്രേഷനില് ഉൾപ്പെടുത്തേണ്ടതാണ്.(സ.ഉ (പി)18/2015/നിയമം തിയതി 23/09/2015)	7 പ്രവർത്തി ദിവസങ്ങൾക്കകം 100 രൂപ രജിസ്ട്രേഷന് ഫീസ് ബി പി എല് /എസ്സി/എസ് ടി ക്കാർക്ക് 10/-രൂപ സർട്ടിഫിക്കറ്റിനുള്ള ഫീസ് 20/രൂപ(അധിക സർട്ടിഫിക്കറ്റിനുള്ള ഫീസ് ഒന്നിന് 25/രൂപ) വിവാഹം കഴിഞ്ഞ് 45 ദിവസത്തിന് ശേഷമുള്ള സംഗതിയില് 100/-രൂപ പിഴകൂടി അടക്കണം.

31.	വിവാഹം നടന്ന് 5 വർഷത്തിന് ശേഷം ഉള്ള രജിസ്ട്രേഷൻ(2008 ലെ കേരള പൊതുവിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ)	1. മെമ്മോറാണ്ടം 2. പാസ്സ്പോർട്ട് സൈസ് ഫോട്ടോ 3. ജനനതിയതി തെളിയിക്കുന്ന രേഖ 4. വിവാഹം നടന്നതിന്റെ തെളിവായി മതാധി കാര സ്ഥാപനത്തിന്റെ സാക്ഷ്യ പത്രം അല്ലെങ്കിൽനിശ്ചിത ഫോറത്തിലുള്ള പ്രഖ്യാപനം (ഫാറം നമ്പർ 2) 5. ഭർത്താവ് പ്രവാസി ഭാരതീയനാണെങ്കില് അദ്ദേഹത്തിൻറെ സാധുതയുള്ള പാസ്സ്പോർട്ടിൻറെ കോപ്പി വിദേശ താമസ സ്ഥലത്തിൻറെ വിലാസവും സെക്യൂരിറ്റി നമ്പറും നല്കേണ്ടതാണ്. കൂടാതെ പാസ്സ്പോർട്ടിൻറെ പകർപ്പ് രജിസ്ട്രേഷനില് ഉൾപ്പെടുത്തേണ്ടതാണ്.(സ.ഉ (പി)18/2015/നിയമം തിയതി 23/09/2015)	രജിസ്ട്രാർ ജനറലില് നിന്ന് അനുമതി ലഭിച്ച് 7 പ്രവർത്തി ദിനങ്ങൾക്കകം 100 രൂപ രജിസ്ട്രേഷന് ഫീസ് ബി പി എല് /എസ്സി/എസ് ടി ക്കാർക്ക് 10/-രൂപ പിഴ -250/രൂപ സർട്ടിഫിക്കറ്റിനുള്ള ഫീസ് 20/രൂപ(അധിക സർട്ടിഫിക്കറ്റിനുള്ള ഫീസ് ഒന്നിന് 25/രൂപ
32.	വിവാഹ രജിസ് ഷനിലെ തിരുത്തലുകൾ (പേര്, വയസ്, തീയതി മുതലായ സാരവത്തായവ സംഗ തികളിൽ ഒഴിച്ച്)	1. അപേക്ഷ 2. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്ന തിനുള്ള ആധികാരിക രേഖകൾ 3. ഫീസ് അടച്ച വിവരങ്ങൾ	15 പ്രവർത്തി ദിവസങ്ങൾക്കകം ക്ലറിക്കല് തെറ്റിന് ഫീസ് ഇല്ല മറ്റ് തെറ്റുകൾ തിരുത്തുന്നതിന് 100/-രൂപ മുൻകൂട്ടി അടക്കണം
33.	വിവാഹ രജിസ്റ്ററിലെ പേര്, വയസ്, തീയതി മുതലായ സാരവത്തായ ഉൾക്കുറിപ്പുകൾ തിരുത്തൽ	1. അപേക്ഷ 2. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്ന തിനുള്ള ആധികാരിക രേഖകൾ 3. ഫീസ് അടച്ച വിവരങ്ങൾ	രജിസ്ട്രാർ ജനറലിൻറെ അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസങ്ങൾക്കകം ഫീസ് 100 രൂപ ക്ലറിക്കൽ പിശകുകൾക്ക് ഫീസില്ല

34.	1909 ലെ ആനന്ദ് വിവാഹ നിയമം രജിസ്ട്രേഷൻ 30 ദിവസത്തിനകം	1. ഫോറം 2 ലെ മെമ്മോറാണ്ടം 2. വിവാഹം നടന്നതിന് തൃപ്തികരമായ തെളിവ് 3. ജനനതിയതി തെളിയിക്കുന്ന മതിയായ രേഖ 4. വിവാഹ നില തെളിക്കാനുള്ള രേഖ(വിധവ/വിഭാര്യൻ/വിവാഹമോചിതർ)	7 പ്രവർത്തി ദിവസം ഫീ 50/രൂപ
35.	1909 ലെ ആനന്ദ് വിവാഹ നിയമം രജിസ്ട്രേഷൻ 30 ദിവസത്തിന് ശേഷം	1. .ഫോറം 2 ലെ മെമ്മോറാണ്ടം 2. വിവാഹം നടന്നതിന് തൃപ്തികരമായ തെളിവ് 3. ജനനതിയതി തെളിയിക്കുന്ന മതിയായ രേഖ 4. വിവാഹ നില തെളിക്കാനുള്ള രേഖ(വിധവ/വിഭാര്യൻ/വിവാഹമോചിതർ) 5. ഫോറം 3 ലുള്ള സത്യപ്രസ്ഥാവന	7 പ്രവർത്തി ദിവസം ഫീസ് 200/രൂപ
36.	ആനന്ദ് വിവാഹ രജിസ്ട്രേഷൻ ഉൾക്കുറിപ്പ് തിരുത്തല്	1. തിരുത്തല് വരുത്താനുള്ള അപേക്ഷ 2. തിരുത്തേണ്ട വിവരങ്ങൾ തെളിയിക്കാന് ആവശ്യമായ രേഖ	ജില്ലാരജിസ്ട്രാറുടെ അനുമതി ലഭിച്ച് 5 ദിവസത്തിനകം ഫീസ് ഇല്ല
	# സാമൂഹ്യ സുരക്ഷാ പെൻഷൻ		

37.	വാർദ്ധക്യകാല പെൻഷന് (അന്വേഷണ ഉദ്യോഗസ്ഥൻ–വി.ഇ.ഒ)	1.പ്രായം തെളിയിക്കുന്നതിനുള്ള രേഖ 2.സ്ഥിരതാമസം തെളിയിക്കുന്ന രേഖ 3.വരുമാന സർട്ടിഫിക്കറ്റ് 4.ആധാർ 5.വാർഷിക വരുമാനം 100000/–രൂപ 6.60 വയസ്സ് പൂർത്തിയാവണം 7 കേരളത്തില് 3 വർഷമെങ്കിലും സ്ഥിരതാമസം ഉണ്ടാവണം 8.അപേക്ഷൻ സർവ്വീസ് പെൻഷണർ/കുടുംബ പെൻഷണർ ആവരുത് 9.അപേക്ഷകൻ ആദായനികുതി നല്കുന്ന വ്യക്തി ആവരുത് 10.അപേക്ഷൻറെ പേരിലോ കുടുംബത്തിൻറെ പേരിലോ 2 ഏക്കറില് വസ്തു ഉണ്ടാവരുത്(പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ബാധകമല്ല) 11.അംബാസിഡർ കാർ ഒഴികെ 1000 സിസി യില് കൂടുതല് എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാതെയുള്ള 4 ഓ അധിലധികമോ ചക്രമുള്ള കുടുംബത്തിലേതാകരുത്	40 ദിവസം
38.	അഗതി പെൻഷൻ (വിധവകൾക്കും വിവാഹമോചിതർക്കും) (അന്വേഷണ ഉദ്യോഗസ്ഥൻ–ഐ.സി ഡി എസ് സൂപ്പർവൈസർ)	1.അപേക്ഷ 2. വിധവയാണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റോ വിവാഹ മോചിതയാണങ്കിൽ വിവാഹ മോചനം നേടിയതിന്റെ രേഖയോ,ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനഃവിവാഹിതയല്ലാത്ത 50വയസ്സ് കഴിഞ്ഞ സ്ത്രീകൾ , ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവർക്കും പെൻഷന് അപേക്ഷിക്കാം (ഇത് സംബന്ധിച്ച് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം) 3. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷകൻ ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമാണെന്ന് തെളി യിക്കുന്ന രേഖകൾ 4. തിരിച്ചറിയൽ രേഖ 5. കുടുംബവാർഷിക വരുമാനം 1,00,000 രൂപ 6.അപേക്ഷൻ സർവ്വീസ് പെൻഷണർ/കുടുംബ പെൻഷണർ	40 പ്രവർത്തി ദിവസങ്ങൾക്കകം

		ആവരുത് 7.അപേക്ഷകന് ആദായനികുതി നല്കുന്ന വ്യക്തി ആവരുത് 8അപേക്ഷൻറെ പേരിലോ കുടുംബത്തിൻറെ പേരിലോ 2 ഏക്കറില് വസ്തു ഉണ്ടാവരുത്(പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ബാധകമല്ല) 9അംബാസിഡർ കാർ ഒഴികെ 1000 സിസി യില് കൂടുതല് എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാതെയുള്ള 4 ഓ അധിലധികമോ ചക്രമുള്ള കുടുംബത്തിലേതാകരുത് 10. വിധവ പെൻഷന് വാങ്ങുന്ന 60 വയസ്സ് കഴിയാത്തവർ പുനഃവിവാഹം കഴിഞ്ഞിട്ടില്ലെന്ന സാക്ഷ്യപത്രം ഡിസംബർ മാസത്തില് ഓൺലൈനായി ഹാജരാക്കേണ്ടതാണ്	
39.	ഭിന്നശേഷി വിഭാഗക്കാർക്കുള്ള പെൻഷൻ (വികലാംഗർ, അംഗ വൈകല്യം സംഭവിച്ച വർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ) അന്വേഷണ ഉദ്യോഗസ്ഥൻ – ഹെൽത്ത് ഇൻസ്പെക്ടർ	1. അപേക്ഷ 2. പഞ്ചായത്ത് പ്രദേശത്ത് സ്ഥിരതാമസമാണെന്ന് തെളിയിക്കുന്ന രേഖ 3. ഭിന്നശേഷി തെളിയിക്കുന്ന തിന് ബന്ധപ്പെട്ട അധികാരിയില് നിന്നുള്ള 2017 ലെ The Right of persons with Disability Rules അനുസരിച്ചുള്ള (ഫോറം 5,6,7 എന്നിവയില്) മെഡിക്കല് സർട്ടിഫിക്കറ്റ് 4. കുടുംബവാർഷിക വരുമാനം– 100,000 രൂപ വരുമാന സർട്ടഫിക്കറ്റ് 5.ആധാർ കാർഡിന്റെ പകർപ്പ് 6.പ്രായപരിധി ഇല്ല. 7. അപേക്ഷൻ സർവ്വീസ് പെൻഷണർ/കുടുംബ പെൻഷണർ ആവരുത് 8. അപേക്ഷകൻ ആദായനികുതി നല്കുന്ന വ്യക്തി ആവരുത് 9. അപേക്ഷൻറെ പേരിലോ കുടുംബത്തിൻറെ പേരിലോ 2 ഏക്കറില് വസ്തു ഉണ്ടാവരുത്(പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ബാധകമല്ല) 10. അംബാസിഡർ കാർ ഒഴികെ 1000 സിസി യില് കൂടുതല് എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാതെയുള്ള 4 ഓ അധിലധികമോ ചക്രമുള്ള കുടുംബത്തിലേതാകരുത്	40 പ്രവർത്തി ദിവസങ്ങൾക്കകം

		11. 2000 ചതുരശ്ര അടിയില് കൂടുതല് വിസ്തീർണ്ണമുള്ള ആധുനിക രീതിയില് ഫ്ലോറിംഗ് നടത്തിയിട്ടുള്ള മേൽക്കൂര കോൺക്രീറ്റ് ചെയ്തിട്ടുള്ളതുമായ വീടുകളില് താമസിക്കുന്നവരോ ആകരുത്	
40.	കർഷക തൊഴിലാളി പെൻഷൻ)അന്വേഷണ ഉദ്യോഗസ്ഥൻ-കൃഷി അസിസ്റ്റൻറ്	1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽ സാക്ഷ്യപത്രം 3. പ്രായം തെളിയിക്കുന്ന രേഖ 4. ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസമാണെന്ന് തെളിയിക്കുന്ന രേഖ 5. കുടുംബവാർഷിക വരുമാനം – 100,000 രൂപ 6. 60 വയസ് പൂർത്തിയായിരിക്കണം 7. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം 8. അപേക്ഷിക്കുന്നതിന് തൊട്ടുമുമ്പ് തുടർച്ചയായി 10 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമാണെന്ന് തെളിയിക്കുന്ന രേഖ 9.ആധാർ കാർഡിന്റെ പകർപ്പ് 8.അപേക്ഷൻ സർവ്വീസ് പെൻഷണർ/കുടുംബ പെൻഷണർ അല്ല .അപേക്ഷകൻ ആദായനികുതി നല്കുന്ന വ്യക്തി അല്ല അപേക്ഷൻറെ പേരിലോ കുടുംബത്തിൻറെ പേരിലോ 2 ഏക്കറില് വസ്തു ഇല്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം (പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ബാധകമല്ല)	45 പ്രവർത്തി ദിവസം
		1. അപേക്ഷ 2. അവിവാഹിതയാണെന്നും വരുമാനവും പ്രായവും	40 പ്രവർത്തി ദിവസങ്ങൾക്കകം

41.	50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത രായ സ്ത്രീകൾക്കുള്ള പെൻഷൻ അന്വേഷണ ഉദ്യോഗസ്ഥൻ –ഐ സി ഡി എസ് സൂപ്പർവൈസർ	തെളിയിക്കുന്നതുമായ വില്ലേജ് ആഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് 3. തിരിച്ചറിയൽ രേഖ 4. കുടുംബവാർഷിക വരുമാനം 100,000 രൂപ 5. 50 വയസ് പൂർത്തിയായിരിക്കണം 6. കേരളത്തിൽ സ്ഥിരതാമസക്കാരിയായിരിക്കണം 7. ആധാർ കാർഡിന്റെ പകർപ്പ്/ 8.അപേക്ഷൻ സർവ്വീസ് പെൻഷണർ/കുടുംബ പെൻഷണർ ആവരുത് 9.അപേക്ഷകൻ ആദായനികുതി നല്കുന്ന വ്യക്തി ആവരുത് 10. അപേക്ഷൻറെ പേരിലോ കുടുംബത്തിൻറെ പേരിലോ 2 ഏക്കറില് വസ്തു ഉണ്ടാവരുത്(പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ബാധകമല്ല) 11. അംബാസിഡർ കാർ ഒഴികെ 1000 സിസി യില് കൂടുതല് എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാതെയുള്ള 4 ഓ അധിലധികമോ ചക്രമുള്ള കുടുംബത്തിലേതാകരുത്. 12. 2000 ചതുരശ്ര അടിയില് കൂടുതല് വിസ്തീർണ്ണമുള്ള ആധുനിക രീതിയില് ഫ്ലോറിംഗ് നടത്തിയിട്ടുള്ള മേൽക്കൂര കോൺക്രീറ്റ് ചെയ്തിട്ടുള്ളതുമായ വീടുകളില് താമസിക്കുന്നവരോ ആകരുത് 13.എയർകണ്ടീഷൻ ഉള്ളവരാകരുത്. 14. പുനഃവിവാഹം കഴിഞ്ഞിട്ടില്ലെന്ന സാക്ഷ്യപത്രം ഡിസംബർ മാസത്തില് ഓൺലൈനായി ഹാജരാക്കേണ്ടതാണ്	
42.	സ്ത്രീ സുരക്ഷാ പെൻഷന്	1.അപേക്ഷ 2.പ്രായം തെളിയിക്കുന്ന രേഖ(ജനന സർട്ടിഫക്കറ്റ്,സ്കൂൾ സർട്ടിഫിക്കറ്റ്/ഡ്രൈവിംഗ് ലൈസൻസ് /പാസ്സ് പോർട്ട് ഇവയുടെ അഭാവത്തില് മാത്രം മറ്റ് രേഖകള് ലഭ്യമല്ല എന്ന് സ്വയം സാക്ഷ്യപത്രത്തിൻമേല് ഒരു ഡോക്ടറുടെ സർട്ടിഫിക്കറ്റ്	

		3.റേഷൻകാർഡിൻറെ പകർപ്പ് 4 ബാങ്ക് അക്കൌണ്ട് വിവരങ്ങള് 5 ആധാറിൻറെ വിവരങ്ങള് 6.സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന സാമൂഹ്യക്ഷേമ പദ്ധതികളില് ഒന്നിലും ഉൾപ്പെടാത്തവർ 7.35-60 വയസ്സിനും ഇടയില് പ്രായമുള്ള ട്രാൻസ് വുമണ് അടക്കമുള്ള സ്ത്രീകൾ 8 അന്ത്യയോജന അന്നയോജന (AAY-മഞ്ഞ റോഷൻകാർഡ്) മുൻഗണനാ വിഭാഗം (PHH-പിങ്ക് റേഷൻകാർഡ്) ഉൾപ്പെട്ട സ്ത്രീകൾക്ക് മാത്രം 9.പ്രാമപരിധി കടക്കുന്ന ദിവസം ആനുകൂല്യത്തിന് അർഹതയില്ല 10 സംസ്ഥാനത്തില് നിന്നും താമസം മാറിയാല് ആനുകൂല്യം നഷ്ടപ്പെടും 11. നിലവിലുള്ള റേഷൻകാർഡില് മാറ്റം വന്നാല് കാർഡില് നിന്നും തരം മാറ്റപ്പെടുന്ന പക്ഷവും ആനുകൂല്യം നഷ്ടപ്പെടും(നീല വെള്ള കാർഡ്) 12 കേന്ദ്ര സംസ്ഥാന സർക്കാർ,പൊതുമോഖല സ്ഥാപനങ്ങള് സർവ്വകലാശാലകൾ,ഗ്രാൻ ഇന് എയ്ഡ് സ്ഥാപനങ്ങൾ എന്നിവയില് സ്ഥിരം / കരാർ നിയമനം ലഭിക്കുന്നവർ 13 ജയിലില് അടക്കപ്പെടുന്നവർ റിമാൻറ് കാലയളവില് ഉൾപ്പെടെ അർഹതയില്ല	

		14 സർവ്വീസ് പെൻഷൻ/കുടുംബപെൻഷന് ,സാമൂഹ്യ സുരക്ഷാ പെൻഷന് ,ക്ഷേമനിധി പെൻഷന്/ഇപിഎഫഅ പെൻഷന് മുതലായവ ലഭിക്കുന്നവർക്ക് അർഹതയില്ല	
43.	സാധുക്കളായ വിധവ കളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം അന്വേഷണ ഉദ്യോഗസ്ഥ– ഐ സി ഡി എസ് സൂപ്പർവൈസർ	1. അപേക്ഷയുടെ 2. അപേക്ഷക വിധവയാണെന്ന് തെളിയിക്കുന്ന രേഖ (ബാധകമായ സംഗതികളിൽ) 3. വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് 4. വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച പ്രതി ശ്രുത വരന്റെ സത്യവാങ്മൂലം 5. വിവാഹിതയാകുന്ന പെൺകുട്ടി കേരളത്തിൽ 3 വർഷം സ്ഥിരതാമസക്കാരിയാണെന്ന രേഖ 6. വിവാഹത്തിന് ഒരു മാസം മുമ്പ് അപേക്ഷിക്കാത്ത പക്ഷം കാലതാമസം ക്രമവത്ക്കരിക്കുതിനുള്ള അപേക്ഷ (പരമാവധി 3 വർഷം വരെ) 7. വിവാഹദിവസം പെൺകുട്ടിക്ക് 18 വയസ് കഴിഞ്ഞിരിക്കണം. 8. കുടുംബവാർഷിക വരുമാനം 200000 ൽ കവിയരുത് 9. സ്വർണ്ണം ഉൾപ്പെടെയുള്ള ആകെ സമ്പത്ത് 50000 രൂപയിൽ കവിയരുത്. 10 വിധവകളുടെ/3 വർഷമായി വിവാഹമോചിതരായി കഴിയുന്ന വരുടെ പെൺമക്കള് 11 ഭർത്താവ് ഉപേക്ഷിച്ച/ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവരുടെ പെൺമക്കള്	40 പ്രവർത്തി ദിവസങ്ങൾക്കകം
	കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട സേവനങ്ങൾ		

44.	കെട്ടിട നിർമ്മാണ പെർമിറ്റുകൾ പുതിയവയ്ക്കും ഉപയോഗമാറ്റത്തിനും ക്രമവത്ക്കരണത്തിനും	1.ചട്ടത്തിലെ അനുബന്ധം A1 ലുള്ള അപേക്ഷ. 2. ആധാരം പട്ടയത്തിന്റെ പകർപ്പ് 3. കൈവശാവകാശ സർട്ടിഫിക്കറ്റ് 4. ഭൂനികുതി അടച്ച രസീതിന്റെ പകർപ്പ് 5 ബിൽഡിംഗ് പ്ലാൻ, സൈറ്റ് പ്ലാൻ,കീമാപ്പ് 6.സർവ്വീസ് പ്ലാൻ,സേപ്റ്റി പ്ലാൻ ,പാർക്കിംഗ് പ്ലാൻ (ബാധകമാകുന്ന സംഗതിയിൽ)	
		7. ബിൽഡിംഗ് ലൈസൻസി യുടെ ലൈസൻസിന്റെ പകർപ്പ് 8.ചട്ടം 5(4) ലെ ടേബിള് A പ്രകാരമുള്ള നിരാക്ഷേപ പത്രങ്ങൾ/അനുമതി(ബാധകമാകുന്ന സംഗതികളിൽ) 9,വസ്തുവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങൾ ഉണ്ടെങ്കിൽ അതിൻറെ വിവരം	<u>അപേക്ഷ ഫീസ്</u> 100 ച.മീ വരെയുള്ള കെട്ടിടം–150 രൂപ 101–300 ച.മീ –500 രൂപ 300 ച.മീ മുകളിൽ –2000/രൂപ

		മറ്റ് വിവരങ്ങൾ 1. ചട്ടം 8 പ്രകാരം ഒഴിവാക്കപ്പെട്ടവ ഒഴികെയുള്ള എല്ലാ നിർമാണ പ്രവർത്തികൾക്കും Permit / Self-Certified Permit/ Self Certified Permit for Govt Building ആവശ്യമാണ് 2. എല്ലാ പ്ലാനുകളിലും ഭൂവുടമ, അപേക്ഷകൻ, ലൈസൻസി എന്നിവരുടെ പേര്, മേൽ വിലാസം, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിരിക്കേണ്ടതാണ് (ചട്ടം 6(3) 3. ലൈഫ് മിഷനിൽ ഉൾപ്പെട്ട വീടുകളുടെ നിർമാണത്തിന് ഉടമസ്ഥാവകാശ രേഖയോ നികുതി അടവാക്കിയ രേഖയോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഗുണഭോക്താവ് താമസിക്കുന്ന ഭൂമിയിൽ സ്ഥിര താമസക്കാരാണെന്നുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിൻറെ അടിസ്ഥാനത്തിൽ വീട് നിർമാണത്തിന് അനുമതി നൽകാവുന്നതാണ് (സ ഉ (കൈ) നം 34/2018/തസ്വഭവ തീയതി 16/03/2018) 4. റെഗുലറൈസേഷൻ (ക്രമവത്കരണം) അനുവദനീയമായ സംഗതിയിൽ റെഗുലറൈ സേഷൻ ഫീസ് (രാജിയാക്കൽ) ആയി പൂർത്തിയായ ഭാഗത്തിന് മാത്രം പെർമിറ്റ് ഫീസിന്റെ ഇരട്ടി ഈടാക്കുന്നതാണ്. 7. കെട്ടിട നിർമാണമോ ഭൂവികസനമോ നടത്തുമ്പോൾ 1.5 മീറ്ററിൽ കൂടുതൽ ആഴത്തിൽ ഖനനം നടത്തേണ്ടി വരുന്ന പക്ഷം ഖനനം നടത്തുന്ന ആഴത്തിന് തുല്യമായ ദൂരം പ്ലോട്ട് അതിരിൽ നിന്നും പാലിക്കേണ്ടതാണ്. അത്തരത്തിൽ പാലിക്കാൻ കഴിയാത്ത പക്ഷം ചട്ടം 10 ലെ വ്യവസ്ഥകൾ പാലിക്കണം. എന്നാൽ സെപ്റ്റിക് ടാങ്ക്, കിണർ, റീ ചാർജിംഗ് പിറ്റ്, ഡ്രെയിനേജ് വർക്കുകൾ, കോംമ്പൗണ്ട് വാൾ എന്നിവയ്ക്ക് ഇത് ബാധകമല്ല 8. പുതുതായി നിർമിക്കുന്ന 400 ച മീറ്ററിൽ അധികരിക്കുന്ന	പെർമിറ്റ് ഫീസ് 1.താമസം A)81-150 ച.മീ- 25 രൂപ/ച.മീ B)151-300 ച.മീ- 50 രൂപ/ച.മീ C)300 ച.മീ ന് മുകളില്-100 രൂപ/ച.മീ 2.വ്യവസായം(ഉല്പാദന മേഖല) A)81-150 ച.മീ- 30രൂപ/ച.മീ B)151-300 ച.മീ- 50 രൂപ/ച.മീ C)300 ച.മീ ന് മുകളില്-100 രൂപ/ച.മീ 3.വാണിജ്യം A)81-150 ച.മീ- 40രൂപ /ച.മീ B)151-300 ച.മീ- 70 രൂപ /ച.മീ C)300 ച.മീ ന് മുകളില്-120 രൂപ /ച.മീ മറ്റുള്ളവ A)81-150 ച.മീ- 30 രൂപ /ച.മീ B)151-300 ച.മീ- 60 രൂപ /ച.മീ C)300 ച.മീ ന് മുകളില്-190 രൂപ/ച.മീ

		നിർമ്മിത വിസ്തീർണമുള്ള ഏകകുടുംബ വാസഗൃഹങ്ങൾക്കും കൂടാതെ പുതുതായി നിർമ്മിക്കുന്ന 500 മീറ്ററിൽ കൂടുതൽ നിർമ്മാണ വിസ്തൃതിയുള്ള A1, A2, C,D എന്നീ ഒക്യുപൻസി ഗ്രൂപ്പുകളിലെ കെട്ടി ടങ്ങൾക്കും സോളാർ ജലതാപന സംവിധാനം ഏർപ്പെടുത്തണം. കൂടാതെ 500 ച മീ അധികരിക്കുന്ന A1, A2,C,D എന്നീ ഒക്യുപെൻസിയിൽ വരുന്ന എല്ലാ കെട്ടിടങ്ങൾക്കും പട്ടിക 19 ൽ പറയുന്ന പ്രകാരം സോളാർ എനർജി സംവിധാനം ഏർപ്പെടുത്തണം (ചട്ടം 78,77) 9. 20 ഡിഗ്രിയിൽ താഴെ ചരിവുള്ള ഭൂമിയിലെ എല്ലാ പുതിയ നിർമാണങ്ങൾക്കും ഭൂജല പോഷണ സംവിധാനം ആവശ്യമാണ്. ഗ്രൂപ്പ് H ഒഴികെയുള്ള 300 ച മീന് മുകളിൽ വരുന്ന എല്ലാ പുതിയ കെട്ടിട നിർമാണങ്ങൾക്കും മഴവെള്ള സംഭരണ സംവിധാനം ആവശ്യമാണ്. (ചട്ടം 79) 10. 2000 മാർച്ച് മാസം 30 ന് മുമ്പ് നിലനിന്നിരുന്ന കെട്ടിടങ്ങളുടെ ഒന്നാം നിലയോ, രണ്ട നിലയോ അല്ലെങ്കിൽ രണ്ടും കൂടിയോ നിർമിക്കുന്നതിനോ, വിപുലീകരിക്കുന്നതിനു ചട്ടം 72 ൻറെ (1 മുതൽ (10) വരെ ഇളവുകൾ അനുവദിക്കാവുന്നതാണ്. 11. രണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി വ്യാപിച്ചു കിടക്കുന്ന കെട്ടിടങ്ങൾക്കു നിർമാണാനുമതി നൽകേണ്ടി വരുമ്പോൾ, നിർദ്ദിഷ്ട നിർമാണത്തിൻറെ ഭൂരിഭാഗം ഉൾ ടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം നിർമാണാനുമതിക്കുള്ള അപേക്ഷ സ്വീകരിച്ച നിർമാണ അനുമതി നൽകേണ്ടതും, അത്തരത്തിൽ നിർമാണാനുമതി നൽകുന്നതിന് മുമ്പ് നിർദ്ദിഷ്ട നിർമ്മാണം ഉൾപ്പെടുന്ന മറ്റ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളില് നിന്നും എൻ ഒ സി ലഭ്യമാക്കേണ്ടതുമാണ്. പെർമിറ്റ് ഫീസ് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള് നിർമിത വിസ്തീർണത്തിന് ആനുപാതികമായി ഈടാക്കേണ്ടതാണ് സർക്കുലർ നം ആർ	

		ഐ 1/81/2019/തസ്വഭവ 04/09/2019, സർക്കുലർ നം ആർ എ 1/50/20 തസ്വഭവ 11/06/2020) 13. 1999 ലെ കേരളാ ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആൻ ഇൻഡസ്ട്രിയൽ ഠൗൺഷിപ്പ് ഡവലപ്മെൻറ് ആക്ട് പ്രകാരം വ്യവസായ പ്രദേശമായ പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് ആവശ്യമില്ല 14. 3000 സ്ക്വയർ ഫീറ്റ് (278.7 ച മീ) വരെ തറ വിസ്തീർണമുള്ള (പ്ലിന്ത് ഏരിയ) കെട്ടിടങ്ങളും നിർമാണ ആവശ്യത്തിനായി Ordinary Earth നീക്കം ചെയ്യുന്നതിന് KMCC Rule 2n പട്ടിക 1 പ്രകാരം ആവശ്യമായ റോയൽറ്റി ട്രഷറിയിൽ ഒടുക്കിയ ശേഷം, ഫോറം S ൽ മൂവ്മെൻറ് പെർമിറ്റും ഫോറം O(A) യിൽ മിനറൽ ട്രാൻസിറ്റ് പാസ്സും സെക്രട്ടറി നല്കും .)KMMC Rule 2015, KM (PIMST) Rules 2015) . കെട്ടിട നിർമാണ പെർമിറ്റ് ലഭിച്ചതിനു ശേഷം ഈ ആവശ്യത്തിലേക്കായി അപേക കൻ സെക്രട്ടറി മുമ്പാകെ പ്രത്യേകം അപേക്ഷകന് സെക്രട്ടറി മുമ്പാകെ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. 15. നെൽവയലിലെയും വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലെയും നിർമാണങ്ങൾ. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെയും ചട്ടങ്ങളിലെയ വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്. 16. കേരള എജ്യുക്കേഷൻ ചട്ടങ്ങൾ പ്രകാരം സ്കൂൾ നിർമാണത്തിനായി വകുപ്പിൻറെ മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതും പ്രസ്തുത പ്ലാൻ പ്രകാരം തന്നെ നിർമാണം നടത്തേണ്ടതുമാണ്. (ഉത്തരവ് നമ്പർ 6844/2022/G.Edu തീയതി 16/11/2022) 17. പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടങ്ങൾക്ക് ക്രമവത്കരണം ആവശ്യമില്ല	

		18. തടിമില്ലുകളെ ലോ ഹസാർഡസ് ഇൻഡസ്ട്രിയൽ കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ 1000 ച മീ വരെ വിസ്തീർണം ഉള്ളവയ്ക്ക് NBC യിൽ ശുപാർശ ചെയ്തിരിക്കുന്ന പ്രകാരമുള്ള പ്രാഥമിക അഗ്നി സുരക്ഷ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് കാ ണിക്കുന്ന ഒരു സെൽഫ് സർട്ടിഫിക്കേഷൻ ഉടമ നൽകിയാൽ മതിയാകും, 1000 ച മീ ക്കുതൽ വിസ്തീർണമുള്ളവയ്ക്ക് ഫയർ സിസ്റ്റം (ഫയർ NOC) നിഷ്കർഷിക്കാവുന്നതാ ണ്. (ഫയർ ആൻറ് റെസ്ക്യൂ സർവീസസ് ഡയറക്ടർ ജനറലിന്റെ FIREHQ/1649/2022-F2 നമ്പർ കത്ത് തീയതി 10.05.2023) 19. 10 ച.മീറ്ററിന് താഴെയുള്ള കാർഷിക ആവശ്യങ്ങൾക്കുള്ള പമ്പ് ഹൗസുകൾക്ക് പെർമിറ്റ് ആവശ്യമില്ല. (ചട്ടം 8(18)). മെക്കാനിക്കൽ പാർക്കിംഗ് സ്ട്രക്ച്ചറുകൾക്ക് പെർമിറ്റ് ആവ ശ്യമില്ല (ചട്ടം 8(15)). വളർത്ത് മൃഗങ്ങൾക്ക് വേണ്ടിയുള്ള 250 ച.മീ വരെയുള്ള കെട്ടിട ങ്ങൾക്കും വളർത്ത് പക്ഷികൾക്ക് 100 ച.മീ വരെയുള്ള കെട്ടിടങ്ങൾക്കും ഫാമുകൾക്കും ഇറസ്സായ സ്ഥലം 1.5 മീറ്റർ കുറയാൻ പാടില്ല. കെട്ടിടം, മൊബൈൽ ടവർ, ഹൈറൈസ് കെട്ടിടങ്ങൾ എന്നിവയുടെ സംഗതിയിൽ പ്രതി രോധ വകുപ്പിന്റെ സ്ഥലത്ത് നിന്ന് അതാത് കാലത്ത് നോട്ടിഫൈ ചെയ്യുന്ന പ്രകാരം നിർമ്മാണത്തിന് ചുമതലയുള്ള പ്രതിരോധ സംവിധാനത്തിൻറെ ചുമതലപ്പെട്ട ഓഫീസറിൽ നിന്നും റയിൽവേയുടെ അതിരിൽ നിന്ന് 30 മീറ്റർ പരിധിക്കുള്ളിലെ നിർമ്മാണത്തിന് ബന്ധപ്പെട്ട റയിൽവേ അതോറിറ്റിയിൽ നിന്നും, സെക്യൂരിറ്റി സോണുകളിലെ നിർമ്മാണ ത്തിന് ജില്ല കളക്ടറിൽ നിന്നും നിരേക്ഷേപ സാക്ഷ്യപത്രം ആവശ്യമാണ്. മതപരമായ ആവശ്യങ്ങൾക്കുമുള്ള കെട്ടിടങ്ങളും ആരാധാനാലയങ്ങളും പഞ്ചായത്തിന്റെ അനുമതി യും	

		ആവശ്യമാണ്. ചട്ടം 5(4) 21. റിയൽ എസ്റ്റേറ്റ് പ്രോജക്ടുകളുടെ പ്രമോട്ടർമാർ K-RERA യിൽ രജിസ്റ്റർ ചെയ്യാതെ K-RERA Approved എന്ന വിധത്തിൽ പരസ്യങ്ങൾ ചെയ്യുന്നത് Kerala Real Estate (Regulation & Development) Act 2016) ൻറെ ലംഘനമാണ്.(10.7.2024 ലെ K-RERA/11/102/2024 നമ്പർ ഉത്തരവ്) 23. A1 കാറ്റഗറിയിൽപെട്ട കെട്ടിടങ്ങൾ ഒഴികെയുള്ള മറ്റെല്ലാ കാറ്റഗറിയിലും പെട്ട കെട്ടിട ങ്ങൾ നിർമ്മിക്കുമ്പോൾ അതേ പ്ലോട്ടിൽ തന്നെ മതിയായ പാർക്കിംഗ് സ്ഥലം ലഭ്യമല്ലെങ്കിൽ ഭിന്നശേഷി പാർക്കിംഗ് സൗകര്യം ഒഴിച്ചുള്ള പാർക്കിംഗിൻറെ 75%ൽ അധികരിക്കാ ത്ത പാർക്കിംഗ് സൗകര്യം അതേ ഉടമസ്ഥൻറെ പേരിലുള്ള 200 മീറ്റർ അധികരിക്കാത്ത ദൂരത്തിലുള്ള പ്ലോട്ടിൽ പാർക്കിംഗ് സൗകര്യം അനുവദിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ചട്ടം 29(3)ലെ പ്രൊവിസൊ 3 ലെ വ്യവസ്ഥകൾ പാലിക്കാമെന്ന് സെക്രട്ടറിയുമായി ഉടമ ഒരു എഗ്രിമെന്റ് രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രസ്തുത പ്ലോട്ടിൽ ചട്ടം 29(4)ൽ നിഷ്കർഷിച്ചിരിക്കുന്ന എല്ലാ വ്യവസ്ഥകളും പാലിക്കേണ്ടതാണ്. 26. ഒരു നില മാത്രമുള്ള ലൈവ് സ്റ്റോക് കെട്ടിടങ്ങൾ/എടുപ്പുകൾക്ക് ഫയർ ആൻറ് റെസ ഡിപ്പാർട്ട്മെൻറ് ഡയറക്ടറുടെ certificate of approval ആവശ്യമില്ലാത്തതാണ് (ചട്ടം ഉപചട്ടം 4 ന്റെ രണ്ടാം ക്ലിപ്തം നിബന്ധന) 27. വളർത്തു മൃഗങ്ങൾക്കായുള്ള 250 ച. മീറ്ററിൽ അധികരിക്കുന്നതും, വളർത്ത് പക്ഷിക ക്കായുള്ള 100 ച. മീറ്ററിൽ അധികരിക്കുന്നതും ആയ ലൈവ് സ്റ്റോക്	

		കെട്ടിടങ്ങള ഫാമുകളും ഗ്രൂപ്പ് G3 ഗണത്തിൽ ഉൾപ്പെടുന്നതാണ് (ചട്ടം 25 ഉപചട്ടം (2) a G3 ഒക്യുപെൻസിയിൽ ഉൾപ്പെട്ടു വരുന്ന 750 ച.മീ വരെയുള്ള കെട്ടിടങ്ങൾക്ക് മിനിമ ഒരു വാട്ടർ ക്ലോസറ്റും (ജെൻഡർ ന്യൂട്രൽ), 750 ച.മീ അധികരിക്കുന്ന പക്ഷം മിനിമ വാട്ടർ ക്ലോസറ്റും (ജെൻഡർ ന്യൂട്രൽ) ഉണ്ടായിരിക്കേണ്ടതാണ് (ചട്ടം 34 ടേബിൾ 15).	
45.	കുറഞ്ഞ അപടക സാധ്യതയുള്ള കെട്ടിടങ്ങൾക്കും മിതമായ അപകട സാധ്യതയുള്ള (മീഡിയം റിസ്ക്) ഇൻഡസ്ട്രിയല് കെട്ടിടങ്ങൾക്കും	1.ചട്ടത്തിലെ അനുബന്ധം എ1 എ യിലുള്ള അപേക്ഷ 2.ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള ആധാരം /പട്ടയത്തിൻറെ പകർപ്പ്,നികുതി രസതിൻറെ പകർപ്പ് 3.അനുബന്ധം ഒ യിലുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ പെർമിറ്റ് 4.ലൈസൻസിയുടെ അനുബന്ധം ജെ1 ലുള്ള സാക്ഷ്യപത്രം 5.ബാധകമാകുന്ന സംഗതികളില് മറ്റ് അധികാരസ്ഥാപനങ്ങളില് നിന്നുള്ള NOC/Clearance <u>മറ്റുള്ളവ</u> കുറഞ്ഞ അപകട സാധ്യതയുള്ള കെട്ടിടങ്ങൾ (ചട്ടം 2 (bna)] 300 ച. മീറ്ററിൽ താഴെ നിർമ്മിത വിസ്തീർണമുള്ള രണ്ട് നിലവരെയുള്ള (excluding basement floor) വാസഗൃഹങ്ങൾ	5 ദിവസം KPBR 2019 ഷെഡ്യൂൾ 1,2 പ്രകാരമുള്ള ഫീസ്

		200 ച. മീറ്ററിൽ താഴെ നിർമിത വിസ്തീർണമുള്ള ഹോസ്റ്റൽ, ഓർഫനേജ്, ഡോർമറ്ററി, ഓൾഡേജ് ഹോം, സെമിനാരി . 200 ച. മീറ്ററിൽ താഴെ നിർമിത വിസ്തീർണമുള്ള വിദ്യാഭ്യാസ കെട്ടിടങ്ങൾ 200 ച. മീറ്ററിൽ താഴെ നിർമിത വിസ്തീർണമുള്ള D വിനിയോഗ ഗണത്തിൽപ്പെട്ട മതിപരവും ദേശസ്നേഹപരവുമായ ആവശ്യങ്ങൾക്കായി ജനങ്ങൾ ഒത്തുകൂടുന്ന കെട്ടിടം 250 ച. മീറ്ററിൽ താഴെ നിർമിത വിസ്തീർണമുള്ള രണ്ട് നിലകൾവരെയുള്ള F വിനി യോഗത്തിൽപ്പെട്ട കെട്ടിടങ്ങൾ 200 ച. മീറ്ററിൽ താഴെ നിർമിത വിസ്തീർണമുള്ള KSPCB യുടെ White Category ൽപ്പെട്ട കെട്ടിടങ്ങൾ Low Risk Category 8 Multiple Occupancy അനുവദനീയമല്ല . ഈ വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളുടെ പ്ലിന്ത് ലെവൽ പരിശോധന ലൈസൻസി നടത്തി അനുബന്ധം P യിൽ റിപ്പോർട്ട്, ചട്ടം 19 D യിൽ പറയുന്ന രേഖകളോടൊപ്പം സെക്രട്ടറിക്ക് നൽകേണ്ടതാണ്. . മറ്റെല്ലാ കെട്ടിടങ്ങളുടെയും കാര്യത്തിൽ അടിത്തറ നിർമാണം പൂർത്തിയാകുന്ന മുറയ്ക്ക് ഉടമ ലൈസൻസി മുഖേന അനുബന്ധം P യിൽ സെക്രട്ടറിയ്ക്ക് ഇൻറിമേഷൻ നൽകേണ്ടതാണ്. 1.5 മീറ്റർ താഴ്ചയ്ക്ക് മേൽ മണ്ണ് നീക്കം ചെയ്യേണ്ടി വരുന്ന നിർമാണങ്ങൾക്ക് ഈ Acknowledgement Certificate ബാധകമല്ല.	

46.	കേന്ദ്ര/സംസ്ഥാന /പ്രാദേശിക സർക്കാരുകൾ ഭൂവികസനമോ/കെട്ടിട നിർമ്മാണമോ നടത്തുന്നതിന് പെർമിറ്റ്	1.അനുബന്ധം എ6 ലുള്ള അപേക്ഷ 2.സർവ്വീസ് പ്ലാൻ 3 കീ മാപ്പ് 4 സെപ്റ്റി പ്ലാൻ(ആവശ്യമെങ്കിൽ) 5പാർക്കിംഗ് പ്ലാൻ(ആവശ്യമെങ്കിൽ) 6.ഉടമസ്ഥാവകാശ രേഖ 7.സൈറ്റ് പ്ലാൻ 8.ബിൽഡിംഗ് പ്ലാന് 9സെൽഫ് സർട്ടിഫൈഡ് പെർമിറ്റ് ഫോർ ഗവൺമെൻറ് ബിൽഡിംഗ്സ് 10.ൗള് 5 പ്രകാരം നിരാക്ഷേപ പത്രങ്ങൾ(ആഴശ്യമെങ്കിൽ)	15 ദിവസം ഫിസ് ഇല്ല
47.	സർക്കാർ അംഗീകൃത സ്കീമുകൾ വഴി നിർമിക്കുന്ന കെട്ടിടങ്ങൾക്കുള്ള പെർമിറ്റ്	1.അപേക്ഷ 2ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് ആധാരം /പട്ടയം,കൈവശാവകാശ സർട്ടിഫിക്കറ്റ്,ഭൂനികുതി രസീത് 3.കെട്ടിടത്തിൻറെ ഫ്ലൂട്ട് പ്രിൻറ് കാണിക്കുന്ന സൈറ്റ് പ്ലാന് ബന്ധപ്പെട്ട വകുപ്പില് /സ്ഥാപനത്തില് നിന്നും സ്കീമില് ഉൾപ്പെടുത്തിയതിൻറെ രേഖ	15 ദിവസം ഫിസ് ഇല്ല
48.	ഭൂവികസനത്തിനുള്ള പെർമിറ്റുകൾ (പ്ലോട്ട് വിഭജനത്തിന് മാത്രം) അന്വേഷണ ഉദ്യോഗസ്ഥന്-അസിസ്റ്റൻറ് എഞ്ചിനീയർ	1.അപേക്ഷ അനുബന്ധം എ3 2.അപേക്ഷ ഫീസ് ഷെഡ്യൂൾ 1 പ്രകാരം 3.സൈറ്റ് പ്ലാൻ,സർവ്വീസ് പ്ലാൻ,ലൊക്കേഷൻ പ്ലാന് 4.പട്ടയം/ആധാരം 5.സ്ഥല ഉടമയുടെ പേരില് ഭൂനികുതി അടച്ച രസീത് 6കൈവശാവകാശ സർട്ടിഫിക്കറ്റ് 7ബിൽഡിംഗ് ലൈസൻസിയുടെ ലൈസൻസിൻറെ പകർപ്പ് 8.ഭൂവിസ്തൃതി അര ഹെക്ടറില് താഴെയും പ്ലോട്ടുകളുടെ എണ്ണം 10ൽ കൂടുതലാണെങ്കിലും അനുമതി ആവശ്യമാണ്. 6ചട്ടം 5(4) അനുസരിച്ചുള്ള ക്ലിയറൻസുകള് ഉറപ്പാക്കണം	15ദിവസം KPBR 2019 ഷെഡ്യൂൾ 1, 2 പ്രകാരമുള്ള ഫീസ്

		7.താമസ ഉപയോഗത്തിനുള്ള ഭൂവികസനത്തിന് ചട്ടം 31(1) ലെ വ്യവസ്ഥകളും വ്യവസായഉപയോഗത്തിനുള്ള ഭൂവികസനത്തിന് ചട്ടം 31(2) ലെ വ്യവസ്ഥകളും വാണിജ്യ ഉപയോഗത്തിനുള്ള ഭൂവികസനത്തിന് ചട്ടം 31(3) ലെ വ്യവസ്ഥകളും പാലിയ്ക്കണം	
49.	ഒക്യുപെൻസി സർട്ടിഫിക്കറ്റ്	1. അപേക്ഷ 2. 150 ച.മീ കവിയാത്ത 2 നിലകള് വരെയുള്ള വാസഗൃഹങ്ങൾക്ക് അനുബന്ധം ഇ1 ഉള്ള ഉടമസ്ഥാൻറെ കംപ്ലീഷൻ റിപ്പോർട്ടും പൂർത്തീകരിച്ച നിർമാണത്തിൻറെ മതിയായ എണ്ണം പ്ലാനുകളും 3. മേല് പരാമർശിച്ചതൊഴികെയുള്ള നിർമ്മിതികൾക്ക് അനുബന്ധം ഇ1 ലുള്ള കംപ്ലീഷന് റിപ്പോർട്ടും മതിയായ എണ്ണം പ്ലാനുകളും	15 ദിവസം ഇല്ല
50.	കുടിൽ	1. വെള്ള കടലാസിൽ അപേക്ഷ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം. 2. പട്ടയം/ ആധാരത്തിന്റെ പകർപ്പ് 3. സ്ഥലമുടമസ്ഥന്റെ പേരിൽ കരമടച്ച രസീ തിന്റെ പകർപ്പ് 4. കൈവശ സർട്ടിഫിക്കറ്റ് 5. സൈറ്റ് പ്ലാൻ (നിർമ്മിക്കുന്ന കുടിലിന്റെ അതിരുകളിൽ നിന്നുള്ള ദൂരം കാണിച്ചിരി ക്കണം) 6. കൈവശ രേഖകളിൽ വസ്തു പുരയിടമായിരിക്കണം	10 ദിവസം ഇല്ല
51.	കിണർ(ഇറക്ക കിണർ/ട്യൂബ് വെല്/കുഴല് കിണർ	1. അനുബന്ധം എ1 ലുള്ള അപേക്ഷ 2. സൈറ്റ് പ്ലാൻ (നിർമ്മിക്കുന്ന ഉദ്ദേശിക്കുന്ന കിണറിന്റെ സ്ഥാനവും അതിരുകളിൽ നിന്നുള്ള ദൂരം 7.5 മീറ്റർ ചുറ്റളവിൽ ഉള്ള തായ മറ്റ് നിർമ്മിതികളുടെ വിവരവും വ്യക്തമാക്കണം) 3. പട്ടയം/ ആധാരത്തിന്റെ പകർപ്പ് 4. സ്ഥലമുടമസ്ഥന്റെ പേരിൽ കരമടച്ച രസീതിന്റെ പകർപ്പ് 5. കൈവശ സർട്ടിഫിക്കറ്റ്	15 ദിവസം അപേക്ഷ ഫീസ് – 10/–രൂപ പെർമിറ്റ് ഫീസ് – 20/– രൂപ

52.	പെർമിറ്റ് കൈമാറ്റം ചെയ്യല്	1.വസ്തു കൈമാറ്റം ചെയ്ത വ്യക്തിയുടെയും കൈമാറി കിട്ടിയ വ്യക്തിയുടെയും അപേക്ഷകൾ 2. അനുവദിക്കപ്പെട്ട പെർമിറ്റും പ്ലാനും 3. സ്ഥലം കൈമാറ്റം നടത്തിയത് തെളിയിക്കുന്ന രേഖകളുടെ പകർപ്പ് 4.കൈവശാവകാശ സർട്ടിഫിക്കറ്റ്	15 പ്രവർത്തി ദിവ സങ്ങൾക്കകം 100 രൂപ 60 ദിവസത്തിലേറെ വൈകി അപേക്ഷിക്കുമ്പോൾ 250 രൂപ പിഴ അടക്കണം
53.	മതിൽ വേലി – പൊതുവഴിയോടും പൊതുസ്ഥല ത്തോടും അതിർത്തികളിൽ നിർമ്മി ക്കുന്നതിന്	1. അപേക്ഷ 2. . പട്ടയം/ ആധാരത്തിന്റെ പകർപ്പ് (അസ്സൽ പരിശോധനയ്ക്ക് ഹാജരാക്കണം) 3. സ്ഥലമുടമസ്ഥന്റെ പേരിൽ കരമടച്ച രസീതിന്റെ പകർപ്പ് 4. കൈവശ സർട്ടിഫിക്കറ്റ് 5. സൈറ്റ് പ്ലാൻ	15 ദിവസം 10 രൂപ
54.	ടെലി കമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിനുള്ള ഇൻറിമേഷന്	1. കെ.പി.ബി.ആർ. ചട്ടം 83 അനുസരിച്ച് എ5 ലുള്ള ഇൻറിമേഷന് 2. . സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, എലിവേഷൻ സെക്ഷൻ എന്നിവ രേഖപ്പെടു ത്തിയ പ്ലാനുകൾ 4. ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ 5. ടവറിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, 6. വാർത്താവിനിമയ വകുപ്പുമായുള്ള എഗ്രിമെന്റിന്റെ പകർപ്പ്. 7.ടവർ/പോൾ സ്ട്രക്ച്ചർ സ്ഥാപിക്കുന്നതിനുള്ള ഫീസ് അടച്ചതിൻറെ രസീത് 8.ചട്ടം 5(4) പ്രകാരമുള്ള അനുമതികൾ	ബാധകമല്ല ഫീസ് 10000/– രൂപ, പോൾ സ്ട്രക്ച്ചർ ആണെങ്കില് 2500/– രൂപ, അനുബന്ധകെട്ടിടങ്ങൾക്ക് ച.മി വിസ്തീർണ്ണത്തിന് 15 രൂപ നിരക്കില്
55.		1.അപേക്ഷ 2.ഒറിജിനല് പെർമിറ്റ്,അംഗീകൃത പ്ലാൻ	15 ദിവസം 11. പെർമിറ്റ് കാലാവധിക്കുള്ളിൽ (5 വർഷത്തിനുള്ളിൽ) കാലാവധി ദീർഘിപ്പിക്കുന്നതിന്

	കെട്ടിട നിർമ്മാണത്തിന്റെ പെർമിറ്റ് കാലാവധി നീട്ടൽ/ പുതുക്കൽ		അപേക്ഷ സമർപ്പിക്കു ന്ന സംഗതികളിൽ പുതുക്കൽ അനുവദിക്കുന്ന സമയ ത്ത് നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 10 % വാങ്ങി 5 വർഷത്തേയ്ക്ക് കൂടി പെർമിറ്റ് കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. 2. പെർമിറ്റ് കാലാവധി (5 വർഷം) അവസാനിച്ച ശേഷം പെർമിറ്റ് പുതുക്കാൻ അപേക്ഷ സമർപ്പിക്കുന്ന സംഗതി യിൽ പെർമിറ്റ് സാധുതാ കാലയളവ് ആദ്യമായി പെർമി റ്റ് നൽകിയ തീയതി മുതൽ 10 വർഷത്തിൽ കവിയുന്നി ല്ല എന്ന നിബന്ധനയ്ക്ക് വിധേയമായി അനുവദി ക്കാവുന്നതാണ്. പുതുക്കൽ അനുവദിക്കുന്ന സമയത്ത് നിലവിലുള്ള പെർമിറ്റ് ഫീസിൻറെ 50% ഫീസായി ഈടാ ക്കേണ്ടതാണ്. 3. 10 വർഷ സാധുതയുള്ള പെർമിറ്റ് 5 വർഷത്തേക്കുകൂടി ജില്ലാതല കമ്മിറ്റി ദീർഘിപ്പിക്കുന്ന കേസുകളിൽ നിലവിൽ പ്രാബല്യത്തിലുള്ള നിരക്കിലെ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. 4.10 വർഷകാലാവധിക്ക് ശേഷം എന്നാൽ 3 വർഷത്തിനു ള്ളിൽ പുതുക്കുവാൻ നൽകുന്ന പെർമിറ്റ് അപേക്ഷ യിൽ പെർമിറ്റ് നൽകിയ തീയതി മുതൽ 15 വർഷം കവിയാത്ത വിധത്തിൽ ജില്ലാതല കമ്മിറ്റിയുടെ അനുവാദത്തോടെ പെർമിറ്റ് പുതുക്കി നൽകാവുന്നതാണ്. പുതുക്കാൻ അനുവദിക്കാവുന്ന സമയത്തെ പെർമിറ്റ് ഫീസിന്റെ ഇരട്ടി ഈടാക്കേണ്ടതാണ്.
	വസ്തു നികുതി സേവന നികുതി സർട്ടിഫിക്കറ്റുകൾ		
			15 ദിവസം

56.	വസ്തു നികുതിയിൽ നിന്നും ഒഴിവാക്കൽ (പൊളിച്ച് നീക്കിയ കെട്ടിടങ്ങൾ)	കെ.സ്മാർട്ട് വഴിയുള്ള അപേക്ഷ	ഫീസില്ല
57.	നിലവിലുള്ള കെട്ടിടത്തിൻറെ വസ്തു നികുതി പുനഃനിർണ്ണയം അധിക നമ്പർ നല്കല്	ഫോറം 2/2എ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ്	10 ദിവസം ഇല്ല
58.	പുതിയ കെട്ടിടത്തിന് നമ്പർ നൽകല്	വസ്തുനികുതി ചട്ടത്തിലെ ഫോറം 2 ഒക്യുപ്പൻസി സർട്ടിഫിക്കറ്റ്	10 ദിവസം ഇല്ല
59.	ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് ചെയ്യല്	കെ സ്മാർട്ട് വഴി	15 ദിവസം ഇല്ല
60.	വസ്തു നികുതിയില് നിന്നും ഒഴിവാക്കല് വിമുക്ത ഭടന്മാർ/വിമുക്തഭടന്മാരുടെ ഭാര്യ/വിമുക്ത ഭടന്മാരുടെ വിധവ/അർദ്ധസൈനികർ/അർദ്ധ സൈനികരുടെ വിധവ എന്നവരുടെ ഉടമസ്ഥതയിലുള്ള താമസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ	1.ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ് 2. സത്യവാങ്മൂലം 3.ലൈഫ് സർട്ടിഫിക്കറ്റ് മറ്റ് നിബന്ധനകൾ 2000 ച.അടി (186 ച.മി)വരെയുള്ള വാസഗൃഹത്തിന് മാത്രമേ നികുതി ഇളവ് ലഭിക്കുകയുള്ളു. 2000 ന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അധികരിച്ച വിസ്തൃതിക്ക് നികുതി ചുമത്തുന്നതാണ്. നികുതി ഇളവ് ലഭിച്ച കെട്ടിടം വാടകയ്ക്ക നല്കുന്ന പക്ഷം സെക്രട്ടറിയി അറിയിക്കേണ്ടതാണ് ആർമി/നേവി,എയർഫോഴ്സ് എന്നിവയില് നിന്നും വിരമിച്ചവർക്കും (GO(MS)242/13/lmdbYb lf/lf 02/07/2013) BSF,CRPF,CISF,ITBP,SSB എന്നീ കേന്ദ്ര സായുധ പോലീസ് സേനാ വിഭാങ്ങളില് നിന്നും വിരമിച്ച ഭടന്മാർ എന്നിവർക്കും ഇതിന് അർഹതയുണ്ട്. വീരമൃത്യു വരിച്ച അവിവാഹിതരായ ഭടന്മാരുടെ മാതാപിതാക്കല് താമസിക്കുന്ന ഭവനങ്ങള്	15 ദിവസം ഇല്ല

		General Reserve Engineering Force (GREF),Border Round Organisation എന്നിവയില് നിന്നും വിരമിച്ചവർക്കും ഇളവ് അനുവദിക്കുന്നതാണ്.(സ.ഉ(എം എസ്) നം 153/2022 തസ്വഭവ തിയതി 19/07/2022) യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന ഭവനങ്ങളുടെ വസ്തു നികുതി ഇളവിന് 5 വർഷത്തിലൊരിക്കല് അപേക്ഷ സമർപ്പിക്കേണ്ടതും ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.(സ.ഉ(കൈ) നം 140/2023/തസ്വഭവ തിയതി 07/07/2023	
61.	വസ്തുനികുതിയില് നിന്നും ഇളവ് ചെയ്യല് (60 ച.മീ വരെ വിസ്തീർണ്ണമുള്ള സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന വാസഗൃഹങ്ങള്)	2എ ഫോറത്തിലുള്ള സത്യവാങ്മൂലം ഒരു വ്യക്തിയുടെ ഒരു കെട്ടിടത്തിന് മാത്രമെ ഇളവ് ലഭിക്കുകയുള്ളൂ.	15 ദിവസം
62.	വസ്തുനികുതിയില് നിന്നും ഒഴിവ് (മറ്റുള്ളവ)	1.ബാധകമായ ഇളവുകൾ സംബന്ധിച്ച രേഖകള് /സത്യവാങ്മൂലം പൊതു ആരാധനാലയങ്ങൾ,മതപഠന ശാലകൾ,സർക്കാർ,എയ്ഡഡ്,സർക്കാർധനസഹായ ത്തോടെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഹോസ്റ്റല് രോഗികൾക്ക് സൌജന്യമായി ചികിത്സ നല്കുന്ന ആതുരാലയങ്ങൾ,അഗതികൾക്കോ അനാഥർക്കോ ശാരീരിക മാനസിക വെല്ലുവിളികൾ നേരിട്ടവർക്കോ അഭയം നല്കുന്നതും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രവേശനം നല്കുന്നതുമായി കെട്ടിടങ്ങൾ പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന വായശാലകള് ഗ്രന്ഥശാലകൾ,സംരക്ഷിത പ്രാചീന സ്മാരകങ്ങൾ,ക്രേസർക്കാർ ഉടമസ്ഥയിലുള്ള കെട്ടിടങ്ങൾ(സർവ്വീസ് ചാർജ്ജ് ഈടാക്കണം),ഗാദി നെയ്ത്ത് യൂണിറ്റുകൾ എന്നിവയ്ക്ക നികുതി ഒഴിവ് ഉണ്ട്.	15 ദിവസം
63.	വാസയോഗ്യമായ വീടില്ല എന്ന സർട്ടിഫിക്കറ്റ്	കെ സ്മാർട്ട് വഴിയുള്ള അപേക്ഷ	ഇല്ല

64.	നികുതിയിന്മേലുള്ള അപ്പീല്	ഡിമാൻറ് നോട്ടീസ് കൈപ്പറ്റി 30 ദിവസത്തിനകം അപ്പീല് നല്കണം	അപ്പീല് ലഭിച്ച് 60ദിവസത്തിനകം
65.	കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യല് എ) അവകാശം പൂർണ്ണമായി കൈമാറ്റം ചെയ്യപ്പെടുന്ന സംഗതികളില്	കൈമാറ്റം ചെയ്യുന്ന കക്ഷികളുടെ അപേക്ഷ കൈമാറ്റമോ/പിന്തുടർച്ചയോ തെളിയിക്കുന്ന രേഖകൾ	30 ദിവസം ലേറ്റ് ഫീ – 500/രൂപ (മരണപ്പെട്ട ശേഷമുള്ള കൈമാറ്റം ഒരുവഷത്തിന് ശേഷം ,ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ള കൈമാറ്റം 3 മാസത്തിന് ശേഷം)
66.	ബി) സിവില് കോടതി വിധികളിലൂടെ ലഭിച്ച സംഗതികളില്	വിധിയുടെയോ ലേല വില്പ്പനയിലൂടെയോ ഉടമസ്ഥാവകാശം ലഭിച്ച് ആളുടെ അപേക്ഷ കോടതി ഉത്തരവിൻറ സാക്ഷ്യപ്പെടുത്തിയ പകർപ്പ്	
67.	സി)പിന്തുടർച്ച മൂലമുണ്ടാകുന്ന കൈമാറ്റം	പിന്തുർച്ചാവകാശം തെളിയിക്കുന്ന രേഖകൾ വില്പത്രം എഴിതിയ സംഗതികളില് ആയതിൻറെ പകർപ്പ് മരണസർട്ടിഫിക്കറ്റിൻറെ പകർപ്പ്.	
68.	ഉടമസ്ഥാവകാശം/ താമസ /ബിൽഡിംഗ് /സർട്ടിഫിക്കറ്റുകൾ നൽകൽ	താമസസർട്ടിഫിക്കറ്റിന് അപേക്ഷൻ കെട്ടിട ഉടമയുടെ സമ്മതപത്രം/കരാർ പത്രം	5 ദിവസം ഇല്ല
69.	അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിലുള്ള മുൻകരുതലുകൾ	വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷ	താമസ സർട്ടിഫിക്കറ്റിന് 2 ദിവസം ഉടമാവകാശം 1 ദിവസം ഇല്ല

സംരംഭങ്ങൾക്ക് ലൈസൻസ് നല്കൽ

70.	കാറ്റഗരി ഒന്ന് സംരംഭങ്ങള് സ്ഥാപിക്കുന്നതിനുള്ള അനുമതി	1. 2025 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ഫാറം 4 ലുള്ള അപേക്ഷ 2. സ്ഥലത്തിൻറെ / കെട്ടിടത്തിൻറെ ഉടമസ്ഥാവകാശം തെ ളിയിക്കുന്ന രേഖ 3. സ്ഥലം/കെട്ടിടം അപേക്ഷകൻറെ സ്വന്തം അല്ലെങ്കിൽ ഉടമയുടെ മുദ്രപ്പത്രത്തിലുള്ള സമ്മതപത്രം 4. പുരയിടത്തിന്റെ അതിരിൽ നിന്നും 100 മീറ്റർ ചുറ്റളവിലുള്ള സൈറ്റ് പ്ലാൻ (1:400 ൽ കുറയാത്ത സ്കെയിലിൽ) 5. സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി പട്ടിക 2 പ്രകാരമുള്ള ഫീസ് ഒടുക്കിയതിന്റെ രസീതി 6. വൈദ്യുതി ഉപയോഗിക്കുന്നിടത്ത് പത്തോ അതിൽ കൂടുതലും അല്ലാത്തിടത്ത് ഇരുപതോ അതിൽ കൂടുതലും തൊഴിലാളികൾ ഉണ്ടെങ്കിൽ 1948-ലെ ഫാക്ടറിസ് ആക്ട് പ്രകാരം ഫാക്ടറി ഇൻസ്പെക്ടറുടെയോ അല്ലെങ്കിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുടെ താഴെയല്ലാത്ത വ്യവസായവകുപ്പിലെ ഉദ്യോഗസ്ഥനിൽ നിന്നോ ഉള്ള റിപ്പോർട്ട് (കെപിആർ ആക്ട് വകുപ്പ് 233(4)(എ)) പദവിയിൽ 7. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധന അനുസരിച്ച് പ്രസ്തുത സംരംഭത്തിനു വേണ്ട രജിസ്ട്രേഷൻ/ കൺസന്റ് (കെപിആർ ആക്ട് - വകുപ്പ് 233(4) ())	30 ദിവസം ചട്ടത്തിലെ പട്ടിക 2 പ്രകാരമുള്ള ഫീസ്

		8. ആവശ്യമെങ്കിൽ കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷ (ചട്ടം 11(2)) <u>ഒഴിവാക്കലുകൾ</u> 1. സർക്കാരോ സർക്കാർ നിയന്ത്രിത ഏജൻസിയോ പ്രഖ്യാപിച്ചിട്ടുള്ള വ്യവസായ എസ്റ്റേറ്റുകൾ, വ്യവ സായ വളർച്ചാകേന്ദ്രങ്ങൾ, വ്യവസായ വികസന പ്ലോ ട്ടുകൾ, വ്യവസായ വികസന ഏരിയാകൾ, കയറ്റുമതി സംസ്കരണ മേഖലകൾ, വ്യവസായ പാർക്കുകൾ, വ്യ വസായ വകുപ്പ് അംഗീകരിച്ച മറ്റ് സ്ഥലങ്ങൾ എന്നി വിടങ്ങളിൽ സ്ഥാപിക്കുന്ന സംരംഭങ്ങൾ എന്നിവയ്ക്ക് പഞ്ചായത്തിന്റെ സ്ഥാപന അനുമതി ആവശ്യമില്ല കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വൈറ്റ് അല്ലെങ്കിൽ ഗ്രീൻ വിഭാഗമായി പ്രഖ്യാപിച്ചി ട്ടുള്ള ഫാക്ടറി അല്ലെങ്കിൽ വ്യവസായം അല്ലെങ്കിൽ വർക്ക്ഷോപ്പ് അല്ലെങ്കിൽ ജോലിസ്ഥലം അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾ എന്നിവ ആരംഭിക്കുന്നതിന് പഞ്ചാ യത്തിൻറെ സ്ഥാപന അനുമതി ആവശ്യമില്ല (ചട്ടം 14) മറ്റ് വിവരങ്ങൾ 1.കാറ്റഗറി ഒന്ന് വിഭാഗത്തിൽ പെടുന്ന ഒരു സംരംഭം നിലവിലുള്ള ഒരു കെട്ടിടത്തിൽ സ്ഥാ പിക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കപെടേണ്ടതാണ്. 2. 5. വിനിയോഗ ഗണ വ്യവസ്ഥകൾ (ഒക്യുപ്പൻസി) പാലിക്കാതെ തന്നെ താഴെ പറയുന്ന നിബന്ധനൾക്ക് വിധേയമായി കാറ്റഗറി ഒന്ന് സംരംഭങ്ങൾ ആരം ഭിക്കാവുന്നതാണ്. a. ഭൂമി, കെട്ടിടം എന്നിവ ഒഴികെയുള്ള ആകെ മൂലധനം 10 ലക്ഷം രൂപയിൽ കൂടുതലാ കാൻ പാടില്ല.	

		b. മലിനീകരണ നിയന്ത്രണ ബോർഡിൻറെ വൈറ്റ്. ഗ്രീൻ കാറ്റഗറിയിൽ ഉൾപ്പെട്ടവ ആയി രിക്കണം c. അഞ്ച് കുതിരശക്തിയിൽ കുറവ് ശേഷിയുള്ള യന്ത്രങ്ങൾ സ്ഥാപിക്കുന്നവയാ യിരിക്കണം 3.മരാധിഷ്ഠിത വ്യവസായങ്ങൾക്ക് വനം വകുപ്പിൽ നിന്നുള്ള ലൈസൻസ് നിഷ്കർഷിച്ചി ട്ടുള്ളതിനാൽ അവ സ്ഥാപിക്കുന്നതിന് വനം വകുപ്പിൻറെ NOC ആവശ്യമില്ല. 4.UA നമ്പർ നൽകിയ കെട്ടിടങ്ങളിൽ സംരംഭങ്ങൾ അനുവദിക്കില്ല(വകുപ്പ് 235 എഎ) 5 2019 ലെ MSME Fecilitation ആക്ട് : വ്യവസായവകുപ്പ് കെ-സ്വിഫ്റ്റ് വഴി നൽകുന്ന ചുവടെ പറയുന്ന അനുമതികൾ ഉപയോഗിച്ചുകൊണ്ടും സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ് കെ-സിഫ്റ്റ് ഇൻ പ്രിൻസിപ്പിൾ അപ്രൂവൽ : 2019 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്ത രം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്ടിലെ വകുപ്പ് 5, 6 എന്നിവ പ്രകാരം KSPCB റെഡ് കാറ്റഗറിയായി പ്രഖ്യാപിച്ചിരിക്കുന്ന വ്യവസായങ്ങളും 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൻറെ പരിധിയിൽ ഉൾപ്പെടുന്ന സ്ഥലത്ത് സ്ഥാപിക്കുന്ന വ്യവസായങ്ങളും ഒഴികെയുള്ള MSME സംരംഭങ്ങൾക്ക് സംരംഭകർ കെ-സിഫ്റ്റ് വഴി സ്വയം സാക്ഷ്യപത്രം നൽകുന്ന മുറയ്ക്ക് സംരംഭങ്ങൾക്ക് ഇൻ പ്രിൻസിപ്പിൾ അപ്രൂവൽ ലഭിക്കുന്നതും, ആയത് ലഭിക്കുന്ന തീയതി മുതൽ മൂന്നര വർഷക്കാലത്തേക്ക് അതുപയോഗിച്ച് സംരംഭം നടത്താവുന്നതുമാണ്. പ്രസ്തുത കാലയളവ് അവസാനി ക്കുന്നതിനുമുൻപ് സംരംഭം നടത്തുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും എജൻ സികളിൽ നിന്നും വാങ്ങേണ്ട എല്ലാവിധ അനുമതികളും/ ലൈസൻസുകളും സംരം ഭകർ	

		വാങ്ങിയിരിക്കേണ്ടതാണ്. സ്വയം സാക്ഷ്യപത്രത്തിലെ നിബന്ധനകളോ ഉപാധികളോ ലംഘിച്ചാൽ 5 ലക്ഷം രൂപയിൽ കവിയാത്ത പിഴ ഈടാക്കുന്നതാണ്.	
71.	കാറ്റഗരി ഒന്ന് സൂരംഭങ്ങൾക്ക് പുതിയ ലൈസൻസ് അനുവദിക്കൽ	1. 2025ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് അനുബന്ധമാ യി ചേർത്തിട്ടുള്ള ഫാറം ഒന്നിലെ അപേക്ഷ. (സ്ഥാപന അനുമതി ലഭിച്ച സംരംഭകർ സംരംഭ അവ സ്ഥാപിച്ച ശേഷം,എന്നാൽ പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപായി)	ഫാറം 1 ലെ അപേക്ഷ ,നിശ്ചിത ഫീസ് എന്നിവ ലഭിച്ച് 5 ദിവസത്തിനകം

		2. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൻറെ നിബന്ധന അനുസരിച്ച് പ്രസ്തുത സംരംഭത്തിന് വേണ്ട രജിസ്ട്രേഷൻ/ കൺസൻറ്റ് 3.ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ വിവരിക്കുന്ന നിര ക്കുകളിൽ കൂടുതൽ ആകാത്ത രീതിയിൽ ഗ്രാമപ ഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് അടച്ച രസീതി 4.സർക്കാരോ സർക്കാർ നിയന്ത്രിത ഏജൻസിയോ പ്ര ഖ്യാപിച്ചിട്ടുള്ള വ്യവസായ എസ്റ്റേറ്റുകൾ, വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, വ്യവസായ വികസന പ്ലോട്ട കൾ, വ്യവസായ വികസന ഏരിയാകൾ, കയറ്റുമതി സംസ്കരണ മേഖലകൾ, വ്യവസായ പാർക്കുകൾ, വ്യ വസായ വകുപ്പ് അംഗീകരിച്ച മറ്റ് സ്ഥലങ്ങൾ എന്നി വിടങ്ങളിൽ സ്ഥാപിക്കുന്ന സംരംഭങ്ങൾക്ക് ലൈസൻസ് ആവശ്യമില്ല 5.സ്ഥലനാമം രേഖപ്പെടുത്തി കൊണ്ടുള്ള ബോർഡ് സ്ഥാപിക്കേണ്ടതാണ്. 6 പഞ്ചായത്തിലേക്ക് എന്തെങ്കിലും നികുതി/ ഫീസ് കുടിശ്ശിക ഉണ്ടെങ്കിൽ ലൈസൻസ് അനുവദിക്കുന്നതല്ല (സെക്ഷൻ 236 (13)) 7.ലൈസൻസ് നൽകുന്നതിന് മുൻപ് എല്ലാ സ്ഥാപനങ്ങളും ഉറവിടത്തിൽ തന്നെ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തണം. 8.പ്രത്യേകം പറയാത്ത സാഹചര്യത്തിൽ ലൈസൻസിൻറെ കാലാവധി ലൈസൻസ് അനുവദിച്ച തീയതി മുതൽ ഒരു വർഷമായിരിക്കും. അധിക ഫീസ് നൽകി ആവശ്യപ്പെടുന്ന പക്ഷം നിരാക്ഷേപ സാക്ഷ്യപത്രങ്ങളുടെ കാലാവധികളിൽ കുറഞ്ഞ കാലാവധിയില് കവിയുവാൻ പാടില്ല എന്ന നിബന്ധനക്ക് വിധേയമായി പരമാവധി അഞ്ചു വർഷക്കാലത്തേക്ക് ലൈസൻസ് അനുവദിക്കാവുന്നതാണ്.	ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ വിവരിക്കുന്ന നിര ക്കുകളിൽ കൂടുതൽ ആകാത്ത രീതിയിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് ഒന്നിൽ കൂടുതൽ വർഷത്തേക്ക് ലൈസൻസ് അനുവ ദിക്കേണ്ട കാര്യത്തിൽ മേൽ സൂചിപ്പിച്ച ഫീസിന്റെ അത്രയും ഇരട്ടി തുക

		7. കാറ്റഗറി ഒന്ന് വിഭാഗത്തിൽപ്പെട്ട ഒരു സംരംഭത്തിൽ നിന്നും ശല്യമോ മലിനീകരണമോഉണ്ടാകുന്നതായുള്ള പരാതികളിൽ ചട്ടം 15 അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. 8. ലൈസൻസ് വ്യവസ്ഥകൾ ലംഘിച്ച എന്ന് സെക്രട്ടറിക്ക് ബോധ്യം വന്നാൽ നിലവിൽ അനുവദിച്ച ലൈസൻസ് റദ്ദ് ചെയ്യുന്നതാണ് 9. ലൈസൻസ് എടുത്തിട്ടുള്ള ഒരു സംരംഭം മറ്റൊരു സ്ഥലത്തേക്ക് /കെട്ടിടത്തിലേക്ക് മാറ്റുന്ന സംഗതിയിൽ പുതിയ ലൈസൻസിന് വേണ്ടി അപേക്ഷ നൽകാവുന്നതാണ്. 10. ഒരു സംരംഭത്തിന് ഒരാളുടെ പേരിൽ എടുത്തിട്ടുള്ള ലൈസൻസ് അതേ സ്ഥലത്ത് തുടർന്ന് പ്രവർത്തിക്കുന്നതിന് മറ്റൊരാളുടെ പേരിലേക്ക് മാറ്റി നൽകാവുന്നതാണ്. ആയിതിലേക്ക് ഉടമസ്ഥാവകാശം / കൈവശാവകാശം മാറ്റിക്കിട്ടിയ രേഖയും, നിലവിലുള്ള ലൈസൻസ് ഫീസിന്റെ 50 ശതമാനമോ ആയിരം രൂപയോ ഏതാണ് കുറവ് ആ തുക ഫീസായും ഈടാക്കിക്കൊണ്ട് അപേക്ഷകൻറെ പേരിലേക്ക് മാറ്റി നല്കുന്നതാണ്.	
72.	കാറ്റഗറി ഒന്ന് സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കല്	1. 2025ലെ (കേരള പഞ്ചായത്ത് രാജ് സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 3(ബി) യിലുള്ള സ്വയം സാക്ഷ്യ പത്രം.	ഫാറം 3(ബി) യിലുള്ള സ്വയം സാക്ഷ്യപത്രവും നിശ്ചിത ഫീസും ലഭിച്ച അതേ ദിവസം
		2. ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ കൂടുതൽ ആകാത്ത രീതിയിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് അടച്ച രസീതി	ചട്ടങ്ങളിലെ 1-ാം പട്ടികയില് വിവരിക്കുന്ന നിരക്കുകളില് കൂടുതല് ആകാത്ത രീതിയില് ഗ്രാമപഞ്ചായത്ത് നിശ്ചയിട്ടുള്ള തുക
		3.സെക്രട്ടറി അനുവദിച്ച നിലവിലെ ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിനു 30 ദിവസം മുന്പ്	ഒന്നിൽ കൂടുതൽ വർഷത്തേക്ക്

		അപേക്ഷ സമർപ്പിക്കണം 4 സെക്രട്ടറി അനുവദിച്ച നിലവിലെ ലൈസൻസിൻറെ കാലാവധി അവസാനിക്കുന്നതിനു 30 ദിവസം മുൻപ് പുതുക്കുന്നതിനുള്ള സ്വയം സാക്ഷ്യപത്രവും,ഫീസും നൽകുന്ന സാഹചര്യത്തിൽ പട്ടിക 1 പ്രകാരമുള്ള ഫീസ് മാത്രം അടച്ചാൽ മതി. എന്നാൽ നിലവിലെ ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിനു 30 ദിവസത്തിനകം പുതുക്കുന്ന തിനുള്ള സ്വയം സാക്ഷ്യപത്രവും, ഫീസും നൽകുന്ന സാഹചര്യത്തിൽ പട്ടിക 1 പ്രകാര മുള്ള ഫീസും അതിന്റെ 10 ശതമാനം തുക ലേറ്റ് ഫീസ് ആയും നൽകണം . നിലവിലെ ലൈസൻസിന്റെ കാലാവധി അവസാനിച്ചതിനു ശേഷം പുതുക്കുന്നതിനുള്ള സ്വയം സാക്ഷ്യപത്രവും,ഫീസും നൽകുന്ന സാഹചര്യത്തിൽ പട്ടിക 1 പ്രകാരമുള്ള ഫീസും വർഷത്തേക്കും ഫീസിൻറെ 20 ശതമാനം വീതം തുക ലേറ്റ് ഫീസ് ആയും നൽകണം 3. പഞ്ചായത്തിലേക്ക് എന്തെങ്കിലും നികുതി/ ഫീസ് കുടിശ്ശിക ഉണ്ടെങ്കിൽ ലൈസൻസ് പുതുക്കാവുന്നതല്ല (സെക്ഷൻ 2 3 6 (13)	ലൈസൻസ് അനുവദിക്കേണ്ട കാര്യത്തിൽ മേൽ സൂചിപ്പിച്ച ഫീസിന്റെ അതുയും ഇരട്ടി തുക
73.	കാറ്റഗരി ഒന്ന് സംരംഭങ്ങൾക്ക് പുതിയ രജിസ്ട്രേഷൻ	1. 2025ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 6 ലെ അപേക്ഷ, (രജിസ്ട്രേഷൻ ആവശ്യമായ സംരംഭങ്ങൾ ആരംഭിക്കു ന്നത്തിനു 15 ദിവസം മുൻപ്) 2. ചട്ടങ്ങളിലെ മൂന്നാം പട്ടികയിൽ വിവരിക്കുന്ന നിര ക്കുകളിൽ കൂടുതൽ ആകാത്ത രീതിയിൽ ഗ്രാമപഞ്ചാ യത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് അടച്ച രസീതി 3 സർക്കാരോ സർക്കാർ നിയന്ത്രിത ഏജൻസിയോ പ്രഖ്യാപിച്ചിട്ടുള്ള വ്യവസായ എസ്റ്റേറ്റ് , വ്യവസായ വളർച്ച കേന്ദ്രങ്ങൾ, വ്യവസായ വികസന പ്ലോട്ടുകൾ,വ്യവസായ വികസന ഏര്യ കൾ, കയറ്റുമതി സംസ്കരണ മേഖലകൾ വ്യവസായ പാർക്കുകൾ വ്യവസായ വകുപ്പ് അംഗീകരിച്ച മറ്റ്	ഫാറം –6 ലുള്ള അപേക്ഷ, നിശ്ചിത ഫീസ് എന്നിവ ലഭിച്ച് 3 ദിവസത്തിനകം ചട്ടങ്ങളിലെ 1–ാം പട്ടികയില് വിവരിക്കുന്ന നിരക്കുകളില് കൂടുതല് ആകാത്ത രീതിയില് ഗ്രാമപഞ്ചായത്ത് നിശ്ചയിട്ടുള്ള തുക ഒന്നിൽ കൂടുതൽ വർഷത്തേക്ക് ലൈസൻസ് അനുവ ദിക്കേണ്ട കാര്യത്തിൽ മേൽ സൂചിപ്പിച്ച ഫീസിന്റെ അതുയും ഇരട്ടി തുക

		സ്ഥലങ്ങൾ. എന്നിവടങ്ങളിലെ കാറ്റഗറി ഒന്ന് സംരംഭങ്ങൾ KPCB യുടെ ഗ്രീൻ /വൈറ്റ് ഗണത്തിലുള്ള മറ്റിടങ്ങളിലെ സംരംഭങ്ങൾ എന്നിവയ്ക്ക് ഗ്രാമ പഞ്ചായത്തിൻറെ അനുമതിയോ ലൈസൻസോ ആവശ്യമില്ല .അത്തരം സംരംഭങ്ങൾ ഗ്രാമ പഞ്ചായത്തിൽ ഫീസ് നൽകി രജിസ്റ്റർ ചെയ്താൽ മതിയാകുന്നതാണ്. 3. പഞ്ചായത്തിലേക്ക് എന്തെങ്കിലും നികുതി/ ഫീസ് കുടിശ്ശിക ഉണ്ടെങ്കിൽ രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല (സെക്ഷൻ 236 (13)) 4. അനധികൃത കെട്ടിടങ്ങളിൽ (യു എ നമ്പർ നൽകിയ കെട്ടിടങ്ങളിൽ) രജിസ്ട്രേഷൻ നല്കില്ല 5. രജിസ്ട്രേഷൻ നൽകുന്നതിന് മുൻപ് എല്ലാ സ്ഥാപനങ്ങളും ഉറവിടത്തിൽ തന്നെ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. 6. പ്രത്യേകം പറയാത്ത സാഹചര്യത്തിൽ രജിസ്ട്രേഷൻറെ കാലാവധി രജിസ്ട്രേഷൻ അനുവദിച്ച തീയതി മുതൽ പരമാവധി 5 വർഷമായിരിക്കും .എന്നാൽ പ്രത്യേക കാരണങ്ങളാൽ ഒരു രജിസ്ട്രേഷൻറെ കാലാവധി 5 വർഷത്തിൽ കുറവായും നിജപ്പെടുത്താവുന്നതാണ് .ഒന്നിൽ കൂടുതൽ വർഷകാലയളവിലേക്ക് രജിസ്ട്രേഷൻ അനുവദിക്കുന്ന സംഗതികളിൽ മൂന്നാം പട്ടിക പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫീസിൻറെ അത്രയും ഇരട്ടി തുക ഫീസ് ആയി ഈടാക്കുന്നതാണ് 7. രജിസ്ട്രേഷൻ വ്യവസ്ഥകൾ ലംഘിച്ചു എന്ന് ബോധ്യം വന്നാൽ നിലവിൽ അനുവദിച്ച രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതാണ്. 8. രജിസ്ട്രേഷൻ എടുത്തിട്ടുള്ള ഒരു സംരംഭം മറ്റൊരു സ്ഥലത്തേക്ക് /കെട്ടിടത്തിലേക്ക് മാറ്റുന്ന സംഗതിയിൽ പുതിയ രജിസ്ട്രേഷന് വേണ്ടി അപേക്ഷ നൽകാവുന്നതാണ്.	

		9. ഒരു സംരംഭത്തിന് ഒരാളുടെ പേരിൽ എടുത്തിട്ടുള്ള രജിസ്ട്രേഷൻ അതേ സ്ഥലത്ത് തുടർന്ന് പ്രവർത്തിക്കുന്നതിന് മറ്റൊരാളുടെ പേരിലേക്ക് മാറ്റി നൽകാവുന്നതാണ്. ആയതിലേക്ക് ഉടമസ്ഥാവകാശം / കൈവശാവകാശം മാറ്റിക്കിട്ടിയ രേഖയും, നിലവിലുള്ള രജിസ്ട്രേഷൻ ഫീസിൻറെ 50 ശതമാനമോ ആയിരം രൂപയോ ഏതാണ് കുറവ് ആ തുക ഫീസായും ഈടാക്കിക്കൊണ്ട് അപേക്ഷകന്റെ പേരിലേക്ക് മാറ്റി കൊടുക്കാവുന്നതാണ്.	
		കാറ്റഗരി രണ്ട് സംരംഭങ്ങൾ	
74.	കാറ്റഗരി രണ്ട് സംരംഭങ്ങൾക്ക് പുതിയ ലൈസൻസ് അനുവദിക്കല്	1. 2025ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് അനുബന്ധമാ യി ചേർത്തിട്ടുള്ള ഫാറം ഒന്നിലെ അപേക്ഷ (സംരംഭക ആവശ്യങ്ങൾക്കായി സ്ഥലം / കെട്ടിടം ഉപ യോഗിക്കുവാൻ ഉദ്ദേശിക്കുന്ന തീയതിക്ക് 15 ദിവസം മുൻപായി.) 2.സ്ഥലത്തിന്റെ / കെട്ടിടത്തിൻറെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ 3.സ്ഥലം/കെട്ടിടംഅപേക്ഷകൻറെ സ്വന്തം അല്ലെങ്കിൽ ഉടമയുടെ മുദ്രപ്പത്രത്തിലുള്ള സമ്മതപത്രം 4. ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ വിവരിക്കുന്ന നിര ക്കുകളിൽ കൂടുതൽ ആകാത്ത രീതിയിൽ ഗ്രാമപ ഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് അടച്ച രസീതി 1. സേവനങ്ങൾ നൽകുന്നതോ അല്ലെങ്കിൽ വ്യാപാരത്തിലോ, വാണിജ്യപ്രവർത്തനത്തിലോ ഏർപ്പെട്ടിരിക്കുന്നതോ ആയ സ്ഥാപനങ്ങളാണ് കാറ്റഗറി രണ്ട് സംരംഭങ്ങൾ.	ഫാറം 1 ലെ അപേക്ഷ, നിശ്ചിത ഫീസ് എന്നിവ ലഭിച്ചു അഞ്ചു ദിവസത്തിനകം ചട്ടങ്ങളിലെ 1-ാം പട്ടികയില് വിവരിക്കുന്ന നിരക്കുകളില് കൂടുതല് ആകാത്ത രീതിയില് ഗ്രാമപഞ്ചായത്ത് നിശ്ചയിട്ടുള്ള തുക ഒന്നിൽ കൂടുതൽ വർഷത്തേക്ക് ലൈസൻസ് അനുവ ദിക്കേണ്ട കാര്യത്തിൽ മേൽ സൂചിപ്പിച്ച ഫീസിന്റെ അത്രയും ഇരട്ടി തുക

		2. പുതിയ ലൈസൻസിനു വേണ്ടി, ആവശ്യമായ രേഖകൾ സഹിതം നൽകുന്ന അപേക്ഷക ളിൽ അഞ്ച് ദിവസത്തിനകം, ചട്ടം 5 പ്രകാരം സെക്രട്ടറി ഫാറം രണ്ടിൽ ലൈസൻസ് നൽകണം. 3. സ്ഥലനാമം രേഖപ്പെടുത്തി കൊണ്ടുള്ള ബോർഡ് സംബന്ധിച്ച നിബന്ധന ഉറപ്പാക്കണം 4. പഞ്ചായത്തിലേക്ക് എന്തെങ്കിലും നികുതി/ ഫീസ് കുടിശ്ശിക ഉണ്ടെങ്കിൽ ലൈസൻസ് അനുവദിക്കാവുന്നതല്ല (സെക്ഷൻ 23 6 (13)) 5. അനധികൃത കെട്ടിടങ്ങളിൽ (യു എ നമ്പർ നൽകിയ കെട്ടിടങ്ങളിൽ) ലൈസൻസ് നൽകാൻ പാടില്ല 6. ലൈസൻസ് നൽകുന്നതിന് മുൻപ് എല്ലാ സ്ഥാപനങ്ങളും ഉറവിടത്തിൽ തന്നെ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയതായി സെക്രട്ടറി ഉറപ്പാക്കണം 7. പ്രത്യേകം പറയാത്ത സാഹചര്യത്തിൽ ലൈസൻസിൻറെ കാലാവധി ലൈസൻസ് അനു വദിച്ച തീയതി മുതൽ ഒരു വർഷമായിരിക്കും . അധിക ഫീസ് നൽകി ആവശ്യപ്പെടുന്ന പക്ഷം നിരാക്ഷേപ സാക്ഷ്യപത്രങ്ങളുടെ കാലാവധികളിൽ കുറഞ്ഞ കാലാവധി കവിയു വാൻ പാടില്ല എന്ന നിബന്ധനക്ക് വിധേയമായി പരമാവധി അഞ്ചു വർഷക്കാലത്തേക്ക് ലൈസൻസ് അനുവദിക്കാവുന്നതാണ് 8. ഇരുചക്ര/ മുച്ചക്ര വാഹനങ്ങളിൽ നടത്തുന്ന മൊബൈൽ സർവീസ്/ സെയിൽസ്, മൊബൈൽ റസ്റ്റോറൻറ് എന്നിവയെ ഈചട്ട പ്രകാരമുള്ള ലൈസൻസ് വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് .	

		9. മൊബൈൽ സർവീസ് / സെയിൽസ് നടത്തുന്നതും രജിസ്ട്രേഷൻ ഉള്ളതുമായ നാലു ചക്ര വാഹനങ്ങൾ, മൊബൈൽ റസ്റ്റോറൻറുകൾ, ഹൗസ് ബോട്ടുകൾ എന്നിവയുടെ സം ഗതിയിൽ അവ ഓരോന്നും പ്രത്യേകം പ്രത്യേകമായി ലൈസൻസ് എടുക്കേണ്ടതാണ് . ഇത്തരം സംരംഭങ്ങൾക്ക് ഒരു ഓഫീസ് ഉണ്ടെങ്കിൽ ആ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥ ലത്തെ ഗ്രാമ പഞ്ചായത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഓഫീസില്ലങ്കിൽ കൂടുതൽ പ്രവർത്തന മേഖലയുള്ള ഗ്രമപഞ്ചായത്തിൽ നിന്നും ലൈസൻസ് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ടത്. 10. 10. ഒന്നിലധികം സേവനങ്ങൾക്കോ വ്യാപാരങ്ങൾക്കോ വാണിജ്യ പ്രവർത്തനങ്ങൾക്കോ, ഒരേ സ്ഥലം ഉപയോഗിക്കുന്ന പക്ഷം അപ്രകാരമുള്ള എല്ലാ സേവനങ്ങളും വ്യാപാരങ്ങ ളും വാണിജ്യ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി സെക്രട്ടറിക്ക് ലൈസൻസ് അനുവദിക്കാ വുന്നതാണ്. 11. കെട്ടിടം സേവനങ്ങൾക്കോ വ്യാപാരങ്ങൾക്കോ വാണിജ്യ പ്രവർത്തനങ്ങൾക്കോ ആയി ഒരുമിച്ച് ഒരേസമയം ഉപയോഗിക്കുന്നതിനായി സെക്രട്ടറി ക്ക് ലൈസൻസ് അനുവദിക്കാവുന്നതാണ് . 12. ലൈസൻസ് കാലാവധിക്കുള്ളിൽ ഒരു സ്ഥലം/ കെട്ടിടം ലൈസൻസിൽ ഉൾപ്പെടുത്തി യിട്ടില്ലാത്ത ഒരു ആവശ്യത്തിന് അധികമായി ഉപയോഗിക്കുന്ന പക്ഷം സെക്രട്ടറിയെ അറിയിക്കേണ്ടതും ആയത് ലൈസൻസിൽ ഉൾപ്പെടുത്തി വാങ്ങേണ്ടതുമാണ്. ഇതുമൂലം മൂലധന നിക്ഷേപത്തിൽ വർദ്ധനവ് ഉണ്ടാകുന്ന പക്ഷം, പ്രസ്തുത തീയതി മുതൽ ആയതി നുള്ള അധിക ഫീസ് സംരംഭകനിൽ നിന്നും ഈടാക്കാവുന്നതാണ് . 13. ലൈസൻസ് ലഭിച്ചിട്ടുള്ള ഒരു സംരംഭത്തിൻറെ പ്രവർത്തനം മൂലം പരിസരവാസികൾക്ക് ശല്യം ഉണ്ടാകുന്നതായി സെക്രട്ടറിക്ക് ബോധ്യപ്പെടുന്ന പക്ഷം	

		പ്രസ്തുത ശല്യം ന്യായമായ സമയത്തിനുള്ളിൽ ഇല്ലാതാക്കാൻ ലൈസൻസിയോട് സെക്രട്ടറിക്ക് നിർദ്ദേശിക്കാ വുന്നതാണ് . പ്രസ്തുത നിർദേശം സെക്രട്ടറിക്ക് തൃപ്തികരമായ രീതിയിൽ ലൈസൻസി നട പ്പാക്കാത്ത പക്ഷം നോട്ടീസ് നൽകി അദ്ദേഹത്തെ നേരിൽകേട്ട ശേഷം സംരംഭത്തിൻറെ പ്രവർത്തനം പൂർണ്ണമായോ ഭാഗികമായോ നിർത്തിവെപ്പിക്കാവുന്നതാണ്. 14. ലൈസൻസ് വ്യവസ്ഥകൾ ലംഘിച്ചു എന്ന് സെക്രട്ടറിക്ക് ബോധ്യം വന്നാൽ നിലവിൽ അനുവദിച്ച ലൈസൻസ് സെക്രട്ടറിക്ക് റദ്ദ് ചെയ്യാവുന്നതാണ് 15. സെക്രട്ടറിയിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ള ഒരു സംരംഭം മറ്റൊരു സ്ഥലത്തേക്ക് /കെട്ടിടത്തിലേക്ക് മാറ്റുന്ന സംഗതിയിൽ പുതിയ ലൈസൻസിന് വേണ്ടി അപേക്ഷ നൽകാവുന്നതാണ്. 16. ഒരു സംരംഭത്തിന് ഒരാളുടെ പേരിൽ എടുത്തിട്ടുള്ള ലൈസൻസ് അതേ സ്ഥലത്ത് തുടർ ന്ന് പ്രവർത്തിക്കുന്നതിന് മറ്റൊരാളുടെ പേരിലേക്ക് മാറ്റി നൽകാവുന്നതാണ്. അയിതി ലേക്ക് ഉടമസ്ഥാവകാശം / കൈവശാവകാശം മാറ്റിക്കിട്ടിയ രേഖയും, നിലവിലുള്ള ലൈസൻസ് ഫീസിൻറെ 50 ശതമാനമോ ആയിരം രൂപയോ ഏതാണ് കുറവ് ആ തുക ഫീസായും ഈടാക്കിക്കൊണ്ട് അപേക്ഷകൻറെ പേരിലേക്ക് മാറ്റി കൊടുക്കാവുന്നതാണ്. 17. ലൈസൻസ് നിരസിക്കുന്ന സാഹചര്യത്തിൽ ആയതിനു വേണ്ടി ഒടുക്കിയിട്ടുള്ള ഫീസ് തിരികെ ലഭിക്കുന്നതിന് സംരംഭകന് അവകാശമുണ്ട്	
75.	കാറ്റഗരി രണ്ട് സംരംഭങ്ങളുടെ	1.2025ലെ (കേരള പഞ്ചായത്ത് രാജ് സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് അനുബന്ധമായി	

	ലൈസൻസ് പുതുക്കൽ	ചേർത്തിട്ടുള്ള ഫാറം 3 (എ) യിലുള്ള സ്വയം സാക്ഷ്യപത്രം. 2. ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ കൂടുതൽ ആകാത്ത രീതിയിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് അടച്ച രസീതി 3.അനുവദിച്ച നിലവിലെ ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിനു 30 ദിവസം മുൻപ് അപേക്ഷ സമർപ്പിക്കണം മറ്റ് നിബന്ധനകള് 1. സെക്രട്ടറി അനുവദിച്ച നിലവിലെ ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിനു 30 ദിവസം മുൻപ് ഹചര്യത്തിൽ പട്ടിക 1 പ്രകാരമുള്ള ഫീസ് മാത്രം അടച്ചാൽ മതി. എന്നാൽ നിലവിലെ ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിനു 30 ദിവസത്തിനകം പുതുക്കുന്നതിനുള്ള സ്വയം സാക്ഷ്യപത്രവും, ഫീസും നൽകുന്ന സാഹചര്യത്തിൽ പട്ടിക 1 പ്രകാര മുള്ള ഫീസും അതിൻ്റെ 10 ശതമാനം തുക ലേറ്റ് ഫീസ് ആയും നൽകണം . നിലവിലെ ലൈസൻസിന്റെ കാലാവധി അവസാനിച്ചതിനു ശേഷം പുതുക്കുന്നതിനുള്ള സ്വയം സാക്ഷ്യപത്രവും,ഫീസും നൽകുന്ന സാഹചര്യത്തിൽ പട്ടിക 1 പ്രകാരമുള്ള ഫീസും ഓരോ വർഷത്തേക്കും ഫീസിൻ്റെ 20 ശതമാനം വീതം തുക ലേറ്റ് ഫീസ് ആയും നൽകണം 2. പഞ്ചായത്തിലേക്ക് എന്തെങ്കിലും നികുതി/ ഫീസ് കുടിശ്ശിക ഉണ്ടെങ്കിൽ ലൈസൻസ് പുതുക്കുന്നതല്ല (സെക്ഷൻ 2 3 6 (13))	
76.	സ്റ്റോൺ ക്രഷർ സ്ഥാപിക്കുന്നതിനുള്ള ഗ്രാമപഞ്ചായത്തിൻറെ അനുമതി	1. ഫാറം4 ലുള്ള അപേക്ഷ 2. സ്ഥലത്തിന്റെ / കെട്ടിടത്തിന്റെ	30 ദിവസം

		ഉടമസ്ഥാവകാശം /കൈവശം തെളിയിക്കുന്ന രേഖ 3.സൈറ്റ് പ്ലാൻ (1: 400 സ്കെയിലിൽ കുറയാത്തത്) 4.സ്ഥലം/കെട്ടിടം അപേക്ഷകന്റെ സ്വന്തം അല്ലെങ്കിൽ ഉടമയുടെ മുദ്രപ്പത്രത്തിലുള്ള സമ്മതപത്രം 5.ചട്ടം 16 (1) (i) പ്രകാരമുള്ള ഫീസ് ഒടുക്കിയ രസീതി 6.സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ലഭിച്ച സ്ഥാപനാനുമതി 7.ആവശ്യമെങ്കിൽ കെട്ടിട നിർമ്മാണ അനുമതി അപേക്ഷ. <u>മറ്റ് നിബന്ധനകൾ</u> 1. ക്രഷർ വൈകുന്നേരം 6 മണിക്കു ശേഷവും രാവിലെ 6 മണിക്കു മുമ്പും പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല 2. ക്രഷർ കോമ്പൗണ്ടിനുള്ളിൽ റോഡുകൾ ടാർ ചെയ്തോ കോൺക്രീറ്റ് ചെയ്തോ സൂക്ഷിക്കണം 3. ക്രഷർ കോമ്പൗണ്ടിനുള്ളിൽ ഹരിത വലയം സൃഷ്ടിക്കാൻ ആവശ്യമായ വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കേണ്ടതാണ് 4. അന്തരീക്ഷത്തിലെ പൊടി വലിച്ചെടുക്കുവാനും അത് വെള്ളം തളിച്ചമർത്തുവാനും ഇടക്കിടെ കോമ്പൗണ്ട് നനയ്ക്കുവാനുമുള്ള സംവിധാനം ഒരുക്കണം 5. ഒരു ക്രഷറിന് മലിനീകരണ നിയന്ത്രണ ബോർഡ് നല്കിയ പ്രവർത്താനുമതി എപ്പോൾ അവസാനിച്ചാലും ലൈസൻസ്	ക്രഷറിന്റെ ശേഷി 30 കുതിരശക്തി വരെ – 25000 രൂ ക്രഷറിന്റെ ശേഷി 30 കുതിരശക്തിയിൽ കൂടുതലാ ൽ –50000 രൂപ

		റദ്ദായതായി കരുതപ്പെടും 8. ക്രഷറുകൾ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അനുമതിലഭിച്ചിട്ടുള്ള സംരംഭകർ അവ സ്ഥാപിച്ചശേഷം അവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപായി ചട്ടം 16(2), 16(3) എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് സെക്രട്ടറിയിൽ നിന്നും ലൈസൻസ് നേടേണ്ടതും അത് ചട്ടം 16(4) ലെ വ്യവസ്ഥകൾ പ്രകാരം പുതുക്കി വാങ്ങേണ്ടതുമാണ്.	
77.	കഫാറിക്കുള്ള ലൈസൻസുകള്	1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് 3. ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ 4. സ്വകാര്യ ഭൂമി ആണെങ്കിൽ റെവന്യൂ വകുപ്പിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റ്. റെവന്യൂ ഭൂമിയാണെങ്കിൽ റെവന്യൂ വകുപ്പിന്റെ കെ.എൽ.സി. ആക്ട് പ്രകാരമുള്ള അനുമതി 5. റെവന്യൂ വകുപ്പിൽ നിന്നൊ/ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സ് പക്കൽ നിന്ന് ലഭിച്ച അനുമതി (ബാധകമായവയക്ക് മാത്രം) 6. പാറപൊട്ടിക്കുന്ന ആളുടെ വൈദഗ്ധ്യം സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ബാധകമായവയ്ക്ക് മാത്രം) 7. മൈനിംഗ് ആൻറ് ജിയോളജി ഡിപ്പാർട്ട്മെൻറിൽ നിന്നുള്ള അനുമതി	30 ദിവസം ഫീസ് രണ്ടാം പട്ടിക പ്രകാരമുള്ള ഫീസ്

		8. ക്വാറി നടത്താനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സർട്ടിഫൈഡ് സർവ്വേ സ്കെച്ചും ലൊക്കേഷൻ മാപ്പും 9. സ്റ്റേറ്റ് എൻവയേൺമെൻറൽ ഇംപാക്ട് അസസ്മെൻറ് അതോറിറ്റി യുടെ അനുമതി 10. കെ.പി.ബി.ആർ അനുസരിച്ചുള്ള അപേക്ഷ (ആവശ്യമെങ്കിൽ) <u>മറ്റ് നിബന്ധനകൾ</u> 1. 15.3.2010 ലെ നമ്പർ 78327/ആർ സി 3/09/ തസ്വഭവ സർക്കുലർ അനുസരിച്ച് പഞ്ചായത്തിൻറെ അനുമതി വാങ്ങിയിരിക്കണം 2. കെ.പി.ആർ വകുപ്പ് 220 ഡി യിലെ വ്യവസ്ഥകൾ പാലിച്ചിരിക്കണം. 3. 5 ഹെക്ടറിൽ താഴെയുള്ള ഭൂമിയിൽ ക്വാറിയിംഗ് നടത്തുന്നതിന് സ്റ്റേറ്റ് എൻവയേൺമെൻറൽ ഇംപാക്ട് അസസ്മെൻറ് അതോറിറ്റിയിൽ നിന്നുള്ള അനുമതിയും പ്രസ്തുത പരിധിക്ക് മുകളിൽ വരുന്ന സംഗതികളിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും വാങ്ങണം. (ജി.ഒ(എം.എസ്) നം. 02/14/Envt. 21.2.2014) 4. വീടുപണിയുന്നതിനുവേണ്ടി ടി സ്ഥലത്തുള്ള വെട്ടുകല്ല് വെട്ടിയെടുക്കലിന് പരിസ്ഥിതി അനുമതിയൊ മൈനിംഗ് പ്ലാൻ അംഗീകാരമൊ ആവശ്യമില്ല. (ചട്ടം.9.കേരള മൈനർ മിനറൽ കൺസഷൻ റൂൾ 2015) 5. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA 304/2019 മേലുള്ള 09.07.2020 ലെ ഉത്തരവ് അനു സരിച്ച് സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് ക്വാറിയിംഗ് നടത്തുന്നതിന് വീടുകളിൽ നിന്നും	

		കെട്ടിടങ്ങളിൽ നിന്നും 200 മീറ്ററും സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാത്തിടത്ത് 100 മീറ്ററും പരിധിക്കുള്ളിൽ പുതിയ ക്വാറികൾക്ക് അനുമതി നൽകാൻ പാടില്ല. 6. കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥ വ്യതിയാനം മന്ത്രാലയം 2022 ഡിസംബർ 13 പുറ പ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം നമ്പർ FNo.IA3/22/28/2022-IA-III (E181584) പ്രകാരം മൈനിംഗിനുള്ള പാരിസ്ഥിതി ക്ലിയറൻസ് കാലാവധി പരമാവധി	
78.	ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് നല്കല്	1. ഫാറം നമ്പർ ഒന്നിലെ അപേക്ഷ (ചട്ടം 6) 2. ഫാമിൽ വളർത്താൻ ഉദ്ദേശിക്കുന്ന മൃഗങ്ങളുടെ/പക്ഷി കളുടെ ഇന വിവരവുംഎണ്ണം, ഉപയോഗിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം. കെട്ടിടത്തിന്റെ വിവരങ്ങൾ 3. സൈറ്റ് പ്ലാൻ, സ്കെച്ച്, ബിൽഡിംഗ് പ്ലാൻ സ്ഥലത്തിന്റെ വിസ്തീർണ്ണം, മാലിന്യ നിർമ്മാർജ്ജന ക്രമീകരണങ്ങൾ എന്നിവ കാണിച്ചിരിക്കണം) <u>മറ്റ് നിബന്ധനകൾ</u> 1.ഒരു സംയോജിത ഫാമിന്റെ കാര്യത്തിൽ ഈടാക്കേണ്ട ലൈസൻസ് ഫീസ് ഫാമിൽ വള ർത്തപ്പെടുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ അഥവാ രണ്ടിന്റെയുമോ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അതതു തരം (ക്ലാസ്) ഫാമുകൾ ബാധകമായ ലൈസൻസ് ഫീസിന്റെ മൊത്തം തുക ആയിരിക്കുന്നതാണ്.	14 ദിവസം ചട്ടം 6(4) പട്ടിക പ്രകാരം

		2.ലൈസൻസിന്റെ കുറഞ്ഞ കാലാവധി ഒരു വർഷവും കൂടിയ കാലാവധി അഞ്ചു വർഷവും ആയിരിക്കുന്നതാണ്. 3. ലൈസൻസിന്റെ കാലാവധി പുതുക്കിയിട്ടില്ലാത്ത പക്ഷം അത് നല്കപെട്ട തീയതി മുതൽ എത്ര വർഷത്തേക്കാണോ ലൈസൻസ് നല്കിയത് ആ കാലാവധിയിൽ അവസാനിക്കുന്ന താണ്. 4. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുമ്പ് ലഭ്യമാക്കണം 5. ദേശാടന പക്ഷികൾ തങ്ങുന്ന ജലാശയങ്ങളായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സ്ഥലത്തിന് 4 കിലോ മീറ്റർ ചുറ്റളവിൽ ഒരു പൗൾട്രി ഫാം നടത്തുകയോ പൗൾട്രിയുമായി ബന്ധപ്പട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യാൻ പാടില്ല. (ചട്ടം 3(4)) 6. കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങളിൽ എത്ര തന്നെ അടങ്ങിയിരുന്നാലും അഞ്ചിൽ കൂടുവ് പന്നികളെ വളർത്തുന്നതിന് ലൈസൻസ് ആവശ്യമില്ല. ചട്ടം 3(4)	
	മറ്റ് ലൈസൻസുകൾ/അനുമതികൾ		
79.	സ്വകാര്യ ശ്മശാനം (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലം	1. ഫോറം ഒന്നിലുള്ള അപേക്ഷ (ജില്ലാ കളക്ടറിൽ നിന്ന് ലൈസൻസ് ലഭിക്കുന്ന മുറയ്ക്ക്) 2. ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ	

	സ്ഥാപിക്കല്/വിപുലീകരിക്കല് എന്നിവയ്ക്ക് ലൈസൻ നല്കല്	3. സ്ഥലത്തിന്റെ പ്ലാനും സ്കെച്ചും 4. വില്ലേജ് ഓഫീസറിൽ നിന്നുള്ള പൊസഷൻ സ ഫിക്കറ്റ് 5. 50 മീറ്റർ റേഡിയസിൽ വരുന്ന ജനവാസ ഗൃഹങ്ങ ടെയും ജലസ്രോതസുകളുടെയും വിവരങ്ങൾ പ്പെടുത്തിയ സ്ഥലത്തിന്റെ മാപ്പ് 6. ഏതെങ്കിലും തരത്തിലുള്ള നിർമ്മാണം ഉണ്ടെങ്ക കെ.പി.ബി.ആർ അനുസരിച്ചുള്ള അപേക്ഷ <u>മറ്റ് നിബന്ധനകൾ</u> 1. വാസ ഗൃഹങ്ങളുടെയും ജലസ്രോതസുകളുടേയും 50 മീ. പരിധിക്കുള്ളിൽ അനുവദനീയമല്ല. എന്നാൽ പെട്രോളിയം/ ഗ്യാസ്/ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ക്രിമേറ്റോറിയങ്ങളുടെയും കോൺക്രീറ്റ് കല്ലറകളുടേയും കാര്യത്തിൽ 25 മീറ്റർ മതിയാ കുന്നതാണ്. ചട്ടം 5 2. കെട്ടിടനിർമ്മാണചട്ടം അനുസരിച്ച് ശ്മശാനം ഹസാർഡസ് വിഭാഗത്തിൽപ്പെടുന്നതിനാ ൽ കെ.പി.ബി.ആർ ചട്ടം 61 അനുസരിച്ചുള്ള നിബന്ധനകൾ പാലിക്കണം. 3. ഫീസിന് പുറമെ പത്രപരസ്യത്തിനുള്ള ചെലവ് കൂടി അപേക്ഷകൻ വഹിക്കണം ചട്ടം 6(7) 4. വോൾട്ട്, ശ്മശാനങ്ങൾ എന്നിവയ്ക്ക് ഫയർ ആന്റ് റെസ്ക്യൂ NOC ആവശ്യമില്ല (KPBR R.5)	
80.	സ്വകാര്യ കശാപ്പ് ശാലകളും ഇറച്ചക്കടകളും തുടങ്ങുന്നതിനും പുതുക്കുന്നതിനുമുള്ള ലൈസൻസ്	1. ഫാറം മൂന്നിലുള്ള അപേക്ഷ (ചട്ടം 32) 2. കെട്ടിടത്തിന്റെ പ്ലാനും സ്കെച്ചും (ജലലഭ്യത സംബന്ധിച്ച വിവരങ്ങൾ കാണിച്ചിരിക്കണം)	30 ദിവസം അപേക്ഷാ ഫീസ് –50/– രൂപ ലൈസൻസ് ഫീസ്– പുതിയ കശാപ്പ് ശാല നടത്തുന്നതിന് 1000/രൂപ

		3. മലിനീകരണ നിയന്ത്രണ ബോർഡിൻറെ സാക്ഷ്യപത്രം 4. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ 5.അപേക്ഷകന്റെ /സ്ഥലമുടമയല്ലെങ്കിൽ സ്ഥലമുടമസ്ഥന്റെ സമ്മതപത്രം 6. 150 മീറ്റർ റേഡിയസിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വാസസ്ഥലങ്ങൾ, പൊതുനിരത്തുകൾ എന്നിവ കാണിക്കുന്ന സ്ഥലത്തിന്റെ സ്കെച്ച് 7. കശാപ്പ് നടത്തുന്ന ആളുടെ ലൈസൻസിൻറെ പകർപ്പ് (ചട്ടം 6) 8. പരസ്യ ചെലവിനുള്ള തുക മുൻകൂറായി അടച്ചതിന്റെ രശീതി (ചട്ടം 32 (3)) <u>മറ്റ് നിബന്ധനകൾ</u> <u>1</u>. വാസസ്ഥലത്തു നിന്നും 25 മീറ്റർ, ആശുപത്രി ആരാധനാലയങ്ങൾ, പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയില് നിന്ന് 100 മീറ്റർ, പൊതു റോഡുകളിൽ നിന്ന് 10 മീറ്റർ എന്നിവയിൽ കുറഞ്ഞ ദൂര പരിധിയിൽ അനുവദനീയമല്ല. (ചട്ടം 5) 2. പന്നിയെ കശാപ്പ് ചെയ്യുന്നതിന് സാധാരണ കശാപ്പുശാലയിൽ നിന്നും 90 മീറ്റർ ദൂരപരിധി പാലിച്ചിരിക്കേണ്ടതാണ്. (ചട്ടം 4) 3. കശാപ്പുശാലയിൽ മാംസ വിൽപ്പന പാടില്ല. മാംസ വിൽപ്പനക്ക് സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ അനുസരിച്ചുള്ള ലൈസൻസ് ആണ് എടുക്കേണ്ടത്. (ചട്ടം11)	നിവലിലുള്ളതിന് –500/രൂപ

		4. ലൈസൻസ് പുതുക്കുന്ന സാഹചര്യങ്ങളിൽ സമർപ്പിക്കേണ്ട രേഖകൾ IV ൽ 2,4,5,6 എന്നീ നിബന്ധനകൾ ബാധകമല്ല 5.കെട്ടിടനിർമ്മാണചട്ടം അനുസരിച്ച് കശാപ്പ് ശാല ഹസാർഡസ് വിഭാഗത്തിൽപ്പെടുന്നതിനാൽ കെ.പി.ബി.ആർ ചട്ടം 61 അനുസരിച്ചുള്ള നിബന്ധനകൾ പാലിക്കണം. 6. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ഒക്യുപെൻസി നേടിയിരിക്കണം.	
81.	ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ	1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (ചട്ടം 3, ഫോറം 2) 2. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയി ക്കുന്ന രേഖകൾ 3. അപേക്ഷകൻ കെട്ടിട ഉടമയല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം/എഗ്രിമെന്റിൻറെ പകർപ്പ് <u>മറ്റ് നിബന്ധനകൾ</u> 1. ശുചിത്വം, സുരക്ഷിതത്വം, മാലിന്യ സംസ്കരണത്തിനുള്ള ഉപാധികൾ, എന്നിവ ഉണ്ടായിരിക്കണം	രജിസ് ട്രേഷൻ ഫീസ് – 200 രൂപ പുതുക്കുന്നതിന്–50 രൂപ 15 ദിവസം
82.	സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ	1. നിശ്ചിത ഫോറത്തിൽ അപേക്ഷ (ചട്ടം 3 ഫോറം 1) 2. കെട്ടിടത്തിന്റെ രേഖകൾ ഉടമസ്ഥാവകാശം തെളിയിക്കുന്ന 3. അപേക്ഷകൻ കെട്ടിട ഉടമ അല്ലെങ്കിൽ ഉടമയുടെ സമ്മ തപത്രം 4. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടമനുസരിച്ച്	15 ദിവസം രജിസ് ട്രേഷൻ ഫീസ് – 200/– രൂപ പുതുക്കുന്നതിന്–50/– രൂപ

		ആവശ്യമായ സംഗതികളിൽ ഒക്യുപെൻസി സർട്ടിഫി ക്കറ്റ് മറ്റ് നിബന്ധനകൾ 1. ശുചിത്വം, സുരക്ഷിതത്വം, മാലിന്യ സംസ്കരണത്തിനുള്ള ഉപാധികൾ, എന്നിവ ഉണ്ടായിരിക്കണം വകുപ്പ് 233 (4) (ബി) യുടെ പരിധിയിൽ വരുന്നതാണെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ റി പ്പോർട്ട് വാങ്ങേണ്ടതണ്.. 2. രജിസ്ട്രേഷൻ നടത്താത്ത സ്ഥാപനങ്ങളുടെ പേരിൽ 5000 രൂപ വരെ പിഴ ചുമത്തുന്നതാണ്. 3. പഞ്ചായത്ത് നൽകുന്ന പ്രത്യേക സേവനങ്ങൾക്ക് 1000 രൂപയിൽ കവിയാത്ത ഉക ഫീസായി ഈടാക്കാവുന്നതാണ്. 4.പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി വാങ്ങിയിരിക്കണം. (9.12.2012 ലെ 47724/ഡി.സി1/11/എൽഎസ്ജിഡി നമ്പർ സർക്കുലർ)	
83.	പട്ടികൾക്ക് ലൈസൻസ് നല്കല്	1. അപേക്ഷ – അപേക്ഷയിൽ പ്രായം, നിറം, ഇനം മുതലായവ കാണിച്ചിരിക്കണം.	30 ദിവസം
		2. പേപ്പട്ടി വിഷബാധയ്ക്കെതിരെ പ്രതിരോധ കുത്തിവെപ്പ് നടത്തിയിട്ടുണ്ടെന്നുള്ള മൃഗഡോക്ടർ സാക്ഷ്യപ്പെട്ടു ത്തിയ സർട്ടിഫിക്കറ്റ്) നിബന്ധനകൾ 1. ലൈസൻസ് അനുവദിക്കപ്പെട്ട പട്ടിയെ അലഞ്ഞുതിരിയുവാൻ അനുവദിക്കാൻ പാടില്ലാത്തതാണ്.	50/രൂപ ഫീസ്

		(ചട്ടം 4 (5)] 2. ലൈസൻസിന്റെ കാലാവധി സാമ്പത്തിക വർഷാവസാനം വരെ ആയിരിക്കുന്നതാണ്. 35. കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും) ലൈസൻസ് നൽകൽ ചട്ട ങ്ങളിൽ എത്ര തന്നെ അടങ്ങിയിരുന്നാലും അഞ്ചിൽ കൂടുവ് പന്നികളെ വളർത്തുന്നതിന് ലൈസൻസ് ആവശ്യമില്ല (ലൈവ്സ്റ്റോക്ക് ഫാം ചട്ടം 3(4)).	
84.	പരസ്യ പ്രചരണ ബോർഡുകൾ,ബാനറുകൾ ഹോർഡിംഗ്രകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള അനുമതി	1. അപേക്ഷ 2.മുദ്രപത്രത്തില്(200 രൂപ) നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം /കരാർ 3.സ്ഥാപിക്കുന്ന സ്ഥലം, സ്ഥലമുടമയുടെ വിശദ വിവരങ്ങൾ, സമ്മതപത്രം 4. ലൊക്കേഷൻ പ്ലാൻ 5.ക്ഷമതയുള്ള അധികാരിയുടെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് 6. ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് 7.സ്ഥാപിക്കുന്ന കാലയളവും ഒന്നിലധികം സാമ്പത്തിക വർഷത്തേക്കാണെങ്കിൽ അടുത്ത വർഷം അപേക്ഷ പുതുക്കുന്നതാണെന്ന സാക്ഷ്യപത്രം <u>മറ്റ് നിബന്ധനകൾ</u>	5 ദിവസം

		1.പ്രോഗ്രാം ഡീറ്റെയിൽസ് അടങ്ങിയ ബാനർ/ബോർഡുകൾ പ്രോഗ്രാമിന്റെ തീയതിയ്ക്ക് അടുത്തദിവസവും സ്ഥാപനങ്ങളുടെയും മറ്റും തീയതി വയ്ക്കാത്ത പരസ്യബാനർ, ബോർ ഡുകൾ പരമാവധി കാലയളവ് 30 ദിവസമായി കണക്കാക്കി സ്ഥാപിച്ചവർ തന്നെ അതി ന്റശേഷം 7 ദിവസത്തിനുള്ളിൽ നീക്കം ചെയ്യേണ്ടതാണ്. വീഴ്ചവരുത്തുന്ന പക്ഷം സ്ഥാപിച്ചവരിൽ നിന്ന് കുറഞ്ഞത് സ്കയർ ഫീറ്റിന് 20 രൂപ നിരക്കിൽ പിഴയും കൂടാതെ ഡിസ്മ്മാന്റിംലിംഗ് ചാർജ്ജ് (നീക്കം ചെയ്യുന്നതിനുള്ള ചെലവ്, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, പ്രോസസിംഗ്/ഡിസ്പോസൽ ചാർജ്ജ് ഉൾപ്പെടെ) ഈടാക്കികൊണ്ട് ഗ്രാമപഞ്ചാ യത്ത് നീക്കം ചെയ്യുന്നതാണ്. 2. പരസ്യപ്രചാരണ ബാനറുകൾ, ബോർഡുകൾ, ഹോർഡിംഗ്രകൾ, ഷോപ്പ് ബോർഡുകൾ തുടങ്ങിയവയ്ക്ക് പി.വി.സി ഫ്ലക്സ്, പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത്, പ്ലാസ്റ്റിക് കോട്ടിംഗുള്ള തുണി എന്നിവ ഉപയോഗിക്കാൻ പാടില്ല. 4. പരസ്യപ്രചാരണ ബോർഡുകളിൽ പി.വി.സി ഫ്രീ ലോഗോയും പ്രിൻറ്റിംഗ് യൂണിറ്റിൻറെ പേരും നമ്പരും പതിച്ചിരിക്കേണ്ടത് നിർബന്ധമാണ്. ലോഗോ, പ്രിൻറ്റിംഗ് യൂണിറ്റിന്റെ പേര് തുടങ്ങിയ വ്യവസ്ഥകൾ പാലിക്കാതെയും നിരോധിത വസ്തുക്കളിൽ പ്രിന്റ് ചെയ്യു കയോ സ്ഥാപിക്കുകയോ ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ 27-11-2019 ലെ 06/2019/പരി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള പിഴ ഈടാക്കുന്നതാണ്. 4.നിയമവിരുദ്ധമായി സ്ഥാപിക്കുന്ന ബോർഡുകൾ, ഹോർഡിംഗ്രകൾ, ഷോപ്പ് ബോർഡു കൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതിപ്പെടാനുള്ള പരാതി സെൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജില്ലാ ശുചിത്വ മിഷനുകളിലും	

		6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതി നമ്പർ, പരസ്യപ്രചാരണ ബോർഡുകൾ/ഹോർഡിംഗുകളുടെ താഴെ വലതുവശത്തായി പ്രദർശിപ്പിക്കേണ്ടതാണ് . 7. പരസ്യപ്രചാരണ ബോർഡിന് /ഹോർഡിംഗിന് ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടായിരിക്കേണ്ടതാണ് 8. ബോർഡുകൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതു മൂലം ഉണ്ടാകാവുന്ന അപകടം സംബന്ധിച്ച് പൂർണ്ണ ഉത്തരവാദിത്വവും നഷ്ടപരിഹാരം നൽകേണ്ടി വന്നാൽ ആയതിൻറെ പൂർണ്ണ ബാധ്യതയും സ്ഥാപിക്കുന്ന വ്യക്തി ഏറ്റെടുത്ത് കൊള്ളാ മെന്നുള്ള വ്യവസ്ഥകൾ 200/- രൂപ മുദ്രപത്രത്തിലെ സത്യവാങ്മൂലം/കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.	
മറ്റ് സേവനങ്ങൾ			
85.	തൊഴിൽ കാർഡ് ലഭിക്കലും തൊഴിൽ നൽകലും	1. വെള്ളകടലാസിൽ എഴുതിയ അപേക്ഷ 2. റേഷൻ കാർഡ് 3. കുടുംബാഗംങ്ങളുടെ ഫോട്ടോ	30 ദിവസം രജിസ് ട്രേഷൻ ഫീസ് – 200 രൂപ പുതുക്കുന്നതിന്–100 രൂപ
86.	അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിലുള്ള മുൻകരുതലുകള്	1.അപേക്ഷ 2. സാധാരണ രീതിയിൽ ബന്ധപ്പെട്ട കക്ഷിക്ക് നോട്ടീസ് നൽകിയതിന് ശേഷമേ മുറിച്ച് നീക്കൽ ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുകയുള്ളൂ സത്വര നടപടികൾ ആവശ്യമായി വരുന്ന പക്ഷം നോട്ടീസ് നൽകാതെ തന്നെ ഗ്രാമപഞ്ചായത്ത് നേരിട്ട് മുറിച്ച് നീക്കാവുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിച്ച്. ഇതിൻറെ ചെലവ് ബന്ധപ്പെട്ട കക്ഷികളിൽ നിന്ന് ഈടാക്കുന്നതാണ്.	15 ദിവസം

87.	നിർദ്ധന വ്യക്തികൾക്ക് ദുരിത നിവാരണാർത്ഥം സഹായം നല്കല്	അപേക്ഷ 2. പേമാരി വെള്ളപൊക്കം, പ്രകൃതിക്ഷോഭം, കടലാക്രമ ണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതം അനുഭവിക്കുന്നവരായിരിക്കണം. 3. പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്നവരും നിർദ്ധ നരുമായിരിക്കണം. 4. മറ്റേതെങ്കിലും ഏജൻസിയിൽ നിന്നും ലഭിച്ച/ ലഭിക്കാവുന്ന ധനസഹായങ്ങളും പരിഗണിക്കണം. 5. പഞ്ചായത്തിന്റെ ഫണ്ടുകളിൽ നിന്നല്ലാതെ വേറിട്ട് പ്രത്യേകമായി രൂപീകരിക്കുന്നതാണ് ദുരിതാശ്വാസ നിധി (ചട്ടം3). പ്രസിഡന്റ് (ചെയർമാൻ), സെക്രട്ടറി (കൺവീനർ), അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ഒരു അംഗം എന്നിവരടങ്ങുന്ന ഒരു സബ് കമ്മിറ്റി ഉണ്ട് .ടി സബ്കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ധനസഹായം നൽകുക. ദുരിതാശ്വാസനിധിയുടെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം നൽകുന്നതിന് പരിധി നിശ്ചയിട്ടില്ല 6. അടിയന്തിര ഘട്ടങ്ങളിൽ അപേക്ഷയില്ലാതെ തന്നെ പ്രസിഡൻറിന് 500 രൂപ വരെ ധനസഹായം അനുവദിക്കാവുന്നതാണ്. (അപ്രകാരം നല്കുന്ന ധനസഹായം ഒരു മാസത്തിനുള്ളിൽ സബ്കമ്മിറ്റിയുടെ സാധൂകരണം വാങ്ങേണ്ടതാണ്. (ചട്ടം 4(5)])	സബ്ബ് കമ്മറ്റിയുടെ തീരുമാനം ലഭിച്ച് 3 ദിവസത്തിനകം
88.	ഹാൾ ഗ്രൌണ്ട് തുടങ്ങിയവ വാടകയ്ക്ക് നല്കല്	1.അപേക്ഷ (അനുബന്ധം 6 കാണുക) 2.പഞ്ചായത്ത് ബൈലോ/പൊതു തിരുമാനം അനുസരിച്ചുള്ള തുക ഡെപ്പോസിറ്റായി മുൻകൂർ അടയ്ക്കണം.	ബൈലാ/പൗരാവകാശ രേഖ/പഞ്ചായത്ത് തീരുമാന പ്രകാരം

		3.ഹാളിന്റേയും ഗ്രൗണ്ടിന്റേയും ലഭ്യതയും ഫീസ് അടക്കുന്നതിന്റെ മുൻഗണനയും അനുസരിച്ചാണ് വാടകയ്ക്ക് നൽകുക.	
89.	പഞ്ചായത്ത് ഭൂമി/റോഡില് കൂടിവെള്ള കണക്ഷന് പൈപ്പ് ഇടുന്നതിന് ഉൾപ്പെടെ റോഡ് കട്ട് ചെയ്യല് കാനയ്ക്ക് മുകളില് പൈപ്പുകള് സ്ലാബുകൾ സ്ഥാപിക്കല് എന്നിവ	1. അപേക്ഷ 2. നിർദ്ദിഷ്ട കട്ടിംഗ് സംബന്ധിച്ച് അളവുകൾ കാണിക്കുന്ന പ്ലാൻ 3.സൈറ്റ് പ്ലാൻ 3 റോഡ് കട്ടിങ്ങിനുള്ള അപേക്ഷകൾ കേരള സർക്കാറിൻറെ SUGAMA പോർട്ടൽ വഴി വേണം നൽകേണ്ടത്. 4.റോഡുകട്ടിങ്ങ് സംബന്ധിച്ച കാര്യങ്ങൾക്ക് സർ ക്കാർ ഉത്തരവ് സ. ഉ. സാധ നം 1933/2021 താംസ. ഭ.വ. തീയതി 13-10-2021 യിലെ മാർഗ്ഗ നിർദ്ദശങ്ങൾ പാലിക്കേണ്ടതാണ്. 5.ടെലികോം കേബിളുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവ് സ. ഉ. നം 7/2024 ITD തിയതി 07-06-2024 പ്രകാരമുള്ള മാർഗ്ഗനിർദ്ദശങ്ങൾ പാലിക്കേണ്ടതാണ് 5. റെസ്റ്റോറേഷൻ ചർജ്ജുകൾ 10.02.2023 ലെ CEPWD/2675/2021/C4(W)-RD നമ്പർ സർക്കു ലർ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്	15 ദിവസം 1.കട്ട് ചെയ്യാനുദ്ദേശിക്കുന്ന സ്ഥലത്തിൻറെ അളവിനനസുസൃതമായി കണക്കാക്കുന്ന തുക 2.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ ഉടമസ്ഥതയിലുള്ള / നിക്ഷിപ്തമായ ഭൂമി/റോഡുകളിൽ കട്ടിംഗ് & റെസ്റ്റോറേഷൻ ചാർജ്ജുകൾ ടെലികോം സേവന ദാതാക്കളിൽ നിന്നും ഈടാക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കു ന്ന ഉത്തരവ് പ്രകാരമുള്ള തുകയാണ് ഈടാക്കുന്നത്. (സർക്കുലർ നമ്പർ ഡി.സി 2/110/2021/തസ്വഭവ തീയതി 17-07-2021).
സേവനം ലഭ്യമാകുന്ന ഓഫീസ് : കൃഷിഭവൻ			
	സാങ്കേതികമായ പ്രശ്നപരിഹാരത്തിനുള്ള കൃഷിസ്ഥല സന്ദർശനം	കർഷകൻ രേഖാമൂലം അപേക്ഷ നൽകണം	ദിവസം സൗജന്യം

	ശ്രക്ഷമായി പൊട്ടിപ്പുറപ്പെടുന്ന കീടരോഗാക്രമണത്തിനുള്ള ഉപദേശ സേവനം.	കർഷകൻ രേഖാമൂലം അപേക്ഷ നൽകണം	മണിക്കൂർ സൗജന്യം
	സാങ്കേതികമായ ഉപദേശത്തിന് കൃഷിഭവൻ സന്ദർശിക്കുന്ന കർഷകർക്കുള്ള സേവനം.	കർഷകൻ രേഖാമൂലം അപേക്ഷ നൽകണം	2 മണിക്കൂർ സൗജന്യം
	ആത്മ പദ്ധതി മുഖേന എല്ലാ ജില്ലകളിലും/ ലീഡ്സ് പദ്ധതി തിരഞ്ഞെടുത്ത ജില്ലകളിലും കർഷകർക്ക് സാങ്കേതിക ഉപദേശം,	കർഷകൻ രേഖാമൂലം അപേക്ഷ നൽകണം	48 മണിക്കൂർ സൗജന്യം
	കർഷകർ മണ്ണ് സാമ്പിളുകൾ നേരിട്ട് കൃഷി ഭവനിൽ പരിശോധനയ്ക്ക് നൽകുമ്പോള്	അപേക്ഷയും, സാമ്പിളും ഹാജരാക്കണം	30 ദിവസം സൗജന്യം
	കൃഷി ഭവൻ മുഖേനയുള്ള വിത്ത്/ നടീൽ വസ്തുക്കളുടെ വിതരണം/ വിൽപ്പന.	അപേക്ഷ സമർപ്പിക്കണം കൃഷിഭവനിലുള്ള ലഭ്യത അനുസരിച്ച് ഉടൻ സേവനം. കൃഷിഭവനില് ലഭ്യമല്ലെങ്കിൽ ലഭ്യമാകുന്ന തനുസരിച്ച് വിവരം ലഭ്യമാക്കൽ, (5 ദിവസത്തിനകം)	നിശ്ചയിക്കപ്പെട്ട വിലകളിൽ
	വിത്ത് ഗുണമേന്മ പരിശോധന (കൃഷി ഭവൻ /വിത്ത് പരിശോധനാ ശാലയിൽ നൽകുന്ന സാമ്പിളുകൾ).	അപേക്ഷ സമർപ്പിക്കണം	30 ദിവസം സൗജന്യം
	ജലസേചന ആവശ്യത്തിന് അർഹതപ്പെട്ട കർഷകന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.	അപേക്ഷ സമർപ്പിക്കണം	3 ദിവസം സൗജന്യം
	സ്വകാര്യ നേഴ്സറികൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ്.	അപേക്ഷ സമർപ്പിക്കണം	45 ദിവസം സൗജന്യം

	വിള ഇൻഷുറൻസ് – പോളിസി നൽകൽ	അപേക്ഷ സമർപ്പിക്കണം	45 ദിവസം സൗജന്യം
	പ്രകൃതിക്ഷോഭ ദുരിതാശ്വാസം, പ്രാഥമിക അന്വേഷണറിപ്പോർട്ട്	അപേക്ഷ സമർപ്പിക്കണം	45 ദിവസം സൗജന്യം
	കാർഷികോത്പന്നങ്ങളുടെ വിള,സംഭരണം,ലഭ്യത കൃഷിയിടത്തിന്റെ വിസ്തൃതി, എന്നിവ സംബന്ധിച്ച സർട്ടിഫിക്കറ്റ് നൽകൽ	അപേക്ഷ സമർപ്പിക്കണം	45 ദിവസം സൗജന്യം
	പെൻഷൻപദ്ധതി കാർഷികരജിസ്ട്രേഷൻ	അപേക്ഷ സമർപ്പിക്കണം	45 ദിവസം സൗജന്യം
സേവനം ലഭ്യമാകുന്ന ഓഫീസ് : ഗവ. ഹോമിയോ ഡിസ്പെൻസറി			
	ഒ.പി. ചികിത്സ	ദിവസവും രാവിലെ 9 മുതൽ 2 മണി വരെ രോഗികൾ നേരിട്ട് എത്തണം.	അന്നേദിവസം സൗജന്യം
	വനിതാ ആരോഗ്യ സംരക്ഷണ ക്ലിനിക്ക്	സ്ത്രീകൾക്ക് മാത്രം	വ്യാഴം സൗജന്യം
	കൗമാര പ്രശ്നങ്ങൾക്കുള്ള ക്ലിനിക്ക്	13 – 19 പ്രായപരിധിയിലുള്ളവർ	ശനി സൗജന്യം
	മെഡിക്കൽ സർട്ടിഫിക്കറ്റ്	ഈ ഡിസ്പെൻസറിയിൽ ചികിത്സയിൽ ഉള്ളവർക്ക്	അന്നേദിവസം സൗജന്യം
	ഫിറ്റ്നസ് സർട്ടിഫിക്കറ്റ്	ഈ ഡിസ്പെൻസറിയിൽ ചികിത്സയിൽ ഉള്ളവർക്ക്	അന്നേദിവസം സൗജന്യം
	പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്	വ്യക്തികൾ നേരിട്ട് എത്തണം. തിരിച്ചറിയൽ രേഖ ഹാജരാക്കണം.	അന്നേദിവസം സൗജന്യം
സേവനം ലഭ്യമാകുന്ന ഓഫീസ് : ആയുർവ്വേദ ഡിസ്പെൻസറി			
	ഒ.പി. ചികിത്സ	ദിവസവും രാവിലെ 9 മുതൽ 2 മണി വരെ രോഗികൾ നേരിട്ട് എത്തണം.	അന്നേദിവസം സൗജന്യം
	മെഡിക്കൽ സർട്ടിഫിക്കറ്റ്	ഈ ഡിസ്പെൻസറിയിൽ ചികിത്സയിൽ ഉള്ളവർക്ക്	അന്നേദിവസം സൗജന്യം

	ഫിറ്റ്നസ് സർട്ടിഫിക്കറ്റ്	ഈ ഡിസ്പെൻസറിയിൽ ചികിത്സയിൽ ഉള്ളവർക്ക്	അന്നേദിവസം സൗജന്യം
	പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്	വ്യക്തികൾ നേരിട്ട് എത്തണം. തിരിച്ചറിയൽ രേഖ ഹാജരാക്കണം.	അന്നേദിവസം സൗജന്യം
സേവനം ലഭ്യമാകുന്ന ഓഫീസ് : പി.എച്ച്.സി.			
	രോഗനിർണ്ണയവും ചികിത്സയും (ഒ.പി) (ക്ഷയരോഗം, മലമ്പനി എന്നിവയുടെ ഉൾപ്പെടെ)	രാവിലെ 9 മുതൽ 3 വരെ രോഗികൾ നേരിട്ട് ഹാജരാകണം. ലഭ്യമായ മരുന്നുകൾ നൽകുന്നതാണ്.	അന്നേദിവസം സൗജന്യം
	മാതൃശിശു സംരക്ഷണവും, കുടുംബക്ഷേമവും	ഗർഭിണികൾക്കുള്ള ക്ലിനിക്ക്, ഗർഭ നിർണ്ണയ ക്ലീനിക്ക്, കൗൺസലിംഗ്	അന്നേദിവസം സൗജന്യം
	കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്പുകൾ, വിറ്റാമിൻ എ വിതരണം	വയസ്സിന് താഴെ പ്രായമായ കുട്ടികൾക്ക്	അന്നേദിവസം സൗജന്യം
	താൽക്കാലിക ഗർഭനിരോധനം, വന്ധ്യംകരണ മാർഗ്ഗ നിർദ്ദേശാനുസരണം	ആവശ്യാനുസരണം	അന്നേദിവസം സൗജന്യം
	സാന്ത്വന പരിചരണം	രജിസ്റ്റർ ചെയ്ത രോഗികൾക്ക്, തുടർ പരിചരണം ആവശ്യമുള്ളവർക്ക്	അന്നേദിവസം സൗജന്യം
	മെഡിക്കൽ സർട്ടിഫിക്കറ്റ്	ഈ ഡിസ്പെൻസറിയിൽ ചികിത്സയിൽ ഉള്ളവർക്ക്	അന്നേദിവസം സൗജന്യം
	ഫിറ്റ്നസ് സർട്ടിഫിക്കറ്റ്	ഈ ഡിസ്പെൻസറിയിൽ ചികിത്സയിൽ ഉള്ളവർക്ക്	അന്നേദിവസം സൗജന്യം
	പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്	വ്യക്തികൾ നേരിട്ട് എത്തണം. തിരിച്ചറിയൽ രേഖ ഹാജരാക്കണം.	അന്നേദിവസം സൗജന്യം
	ഗർഭിണിക്കുള്ള ക്ലീനിക്ക്		അന്നേദിവസം സൗജന്യം
	ജീവിതശൈലി ക്ലീനിക്ക്		അന്നേദിവസം സൗജന്യം
	ഗർഭിണികൾക്കും, കുട്ടികൾക്കും ഉള്ള പ്രതിരോധ കുത്തിവെപ്പുകൾ		ബുധൻ

സേവനം ലഭ്യമാകുന്ന ഓഫീസ് : വെറ്റിനറി ഡിസ്പെൻസറി			
	മൃഗങ്ങൾ, പക്ഷികൾ എന്നിവയ്ക്കുള്ള ചികിത്സ	പരിശോധനയ്ക്ക് ശേഷം	അന്നേദിവസം സൗജന്യം
	കൃതിമ ബീജധാനം	പശു, ആട്, എരുമ എന്നിവയ്ക്ക് പരിശോധനയ്ക്ക് ശേഷം	അന്നേദിവസം സൗജന്യം
	ഇൻഷുറൻസിനു വേണ്ടി സാക്ഷ്യപത്രങ്ങൾ നൽകല്	പരിശോധനയ്ക്ക് ശേഷം	അന്നേദിവസം സൗജന്യം
	പേവിഷ പ്രതിരോധ കുത്തിവെപ്പ്	പരിശോധനയ്ക്ക് ശേഷം	അന്നേദിവസം സൗജന്യം
സേവനം ലഭ്യമാകുന്ന ഓഫീസ് : ഗവ. യു.പി. സ്കൂൾ			
	അഡ്മിഷൻ	1 മുതൽ 7- ക്ലാസ് വരെ 1-ക്ലാസ് ഒഴികെ മറ്റ് ക്ലാസുകളിലേയ്ക്ക് ടി.സി സമർപ്പിക്കണം. ജനന സർട്ടിഫിക്കറ്റ് ഹാജരാക്കണം	അന്നേദിവസം സൗജന്യം
	ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്	അപേക്ഷ സമർപ്പിക്കണം (സ്കൂളില് ചേർത്ത വ്യക്തിയോ, മാതാപിതാക്കൾ സംയുക്തമോ ആയി).	3ദിവസം സൗജന്യം
	അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്	അപേക്ഷ സമർപ്പിക്കണം ആവശ്യമായ മുദ്രപത്രം ഹാജരാക്കണം	3ദിവസം സൗജന്യം
സേവനം ലഭ്യമാകുന്ന സ്ഥാപനം :അംഗനവാടികൾ			
	ആരോഗ്യ പോഷണ വിദ്യാഭ്യാസം	15നും 45നും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകൾക്ക്	1 മാസം സൗജന്യം
	അനൗപചാരിക പ്രാഥമിക വിദ്യാഭ്യാസം	3-6 വയസ്സ് പ്രായമായ കുട്ടികൾ	അതതുദിനം പ്രവേശനം സൗജന്യം
	അനുപൂരക പോഷകാഹാര വിതരണം	ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾ, 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾ	ദിവസം

പരാതി പരിഹാര സംവിധാനം

ഒരു സേവനം ലഭ്യമാക്കുന്നതിൽ പഞ്ചായത്തിന്റെ ഒരുദ്യോഗസ്ഥൻ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്നതായി ഒരു അപേക്ഷകന് തോന്നുന്ന പക്ഷം , അയാൾക്ക് തന്റെ പരാതി പഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതും അപ്രകാരം പരാതി ലഭിച്ചാൽ പഞ്ചായത്ത് പ്രസിഡന്റ് അത് നേരിട്ട് പരിശോധിച്ച് തീർപ്പാക്കുന്നതുമാണ്. പൗരാവകാശ രേഖ പ്രകാരം തനിക്ക് അർഹമായ ഒരു സേവനം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് അല്ലെങ്കിൽ പഞ്ചായത്തിലെ ഒരംഗം അല്ലെങ്കിൽ പഞ്ചായത്തിന്റെ ഒരുദ്യോഗസ്ഥൻ മനപ്പൂർവ്വമായ വീഴ്ച്ചയോ ,കാലതാമസമോ വരുത്തിയെന്ന് ഒരു പൗരൻ കരുതുന്ന പക്ഷം , അയാൾക്ക് ബന്ധപ്പെട്ട പഞ്ചായത്ത് അല്ലെങ്കിൽ പഞ്ചായത്തംഗം അല്ലെങ്കിൽ ഉദ്യോഗസ്ഥൻ ആക്ടിലെ 271 എഫ് വകുപ്പ് (ഇ) ഖണ്ഡത്തിൽ നിർവചിച്ചിട്ടുള്ള ദുർഭരണത്തിന് ഉത്തരവാദിയാണെന്ന് ആരോപിച്ചുകൊണ്ട് ഓംബുഡ്സ് മാൻ മുമ്പാകെ പരാതി നൽകാവുന്നതാണ്.

പൊതുജനങ്ങൾക്ക് സമീപിക്കാവുന്ന വിവിധ വകുപ്പുകളുടെ മേല് വിലാസങ്ങൾ

1. കൈക്കൂലി നൽകുന്നതും വാങ്ങുന്നതും കുറ്റകരമാണ്. ഇത്തരം

സംഭവങ്ങൾക്കെതിരെ താഴെ പറയുന്ന വിലാസത്തില് ബന്ധപ്പെടാവുന്നതാണ്.

ദി ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് ആൻറ് ആൻറി കറപ്ഷന് ബ്യൂറോ, എരുമക്കാര സ്ട്രീറ്റ്, കല്യാൺ ടൂറിസ്റ്റ് ഹോം സമീപം, ജി.ബി റോഡ്, പാലക്കാട് 678 001, ഫോൺ–0491–2532510

2.ഓംബുഡ്മാൻ മുൻപാകെ താഴെ പറയുന്ന വിലാസത്തില് പരാതി സമർപ്പിക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്മാന്, ബാർട്ടൺബില് ബംഗ്ലാവ്, കുന്നുകുഴി, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം 695 037 ഫോൺ– 0471–2300541, 0471–2300542

3. ട്രൈബ്യൂണല് മുൻപാകെ താഴെ പറയുന്ന വിലാസത്തില് പരാതി സമർപ്പിക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ടൈബ്യൂണല്, ബാർട്ടൺബില് ട്രിഡ ബിൽഡിംഗ്, റിഹാബിലിറ്റേഷൻ ബ്ലോക്ക്, മെഡിക്കല് കോളേജ് പി.ഒ, തിരുവനന്തപുരം ഫോൺ– 0471–2448394

4.വിവരാവകാശം നിയമം 2005 പ്രകാരം താഴെ പറയുന്ന വിലാസത്തില് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫോർമേഷന് ഓഫീസര് & ഹെഡ് ക്ലാർക്ക്, അയിലൂർ ഗ്രാമപഞ്ചായത്ത്

5.മുഖ്യമന്തിയുടെ പൊതുജന പരാതി പരിഹാര സംവിധാനത്തിലേക്ക് cmo.kerala.gov.in എന്ന വെബ് പോർട്ടലില് പരാതി സമർപ്പിക്കാവുന്നതാണ്.

6.പൊതുജന പരാതി പരിഹാര സംവിധാനം പ്രകാരം ഈ ഓഫീസില് നിന്നും

ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും www.pglsgd.kerala.gov.in എന്ന വെബ്സൈറ്റ്/മൊബൈല് ആപ്പ് വഴി പൊതുജനങ്ങൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള് മുൻപാകെ നൽകുന്ന അപേക്ഷയിൻമേല്

നിശ്ചിത സമയത്തിനകം നിയമാനുസൃത തീർപ്പ് ലഭിക്കാത്തപക്ഷം പൊതുജനങ്ങൾക്ക് ഓൺലൈന് മുഖേന ഹർജി നൽകുന്നതിനുള്ള ആതന അദാലത്ത് സംവിധാനമാണ് സിറ്റിസൺ അസിറ്റൻറ് എന്ന പൊതുജന സഹായ പോർട്ടല്. കെട്ടിട നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, ക്രമവൽകരണം, കെട്ടിട നമ്പറിംഗ്, ലൈസൻസുകള്, ജനന മരണ വിവാഹ രജിസ്ട്രേഷന് എന്നീ വിഷയങ്ങളിലെ ഹർജികളാണ് പരിഗണിക്കുന്നത്.ഹർജികള് നൽകുന്നതിനായി https://adalath.lsgkerala.gov.in എന്ന പോർട്ടല് ഉപോയഗിക്കാവുന്നതാണ്.

7.തെരുവ് നായക്കളുടെ ആക്രമണത്തിന് ഇരയായവർക്ക് താഴെ

കൊടുത്തിരിക്കുന്ന വിലാസത്തില് അപേക്ഷ നേരിട്ട് സമർപ്പിക്കാവുന്നതാണ്.

ജസ്റ്റിസ് (റിട്ട) സരിജഗൻ കമ്മിറ്റി, യു.പി.എ.ഡി ഓഫീസ് ബിൽഡിംഗ്, പരമര റോഡ്, കൊച്ചി, എറണാകുളം 682018

പഞ്ചായത്തില് നിന്നുള്ള വിവിധ സേവങ്ങൾക്കുള്ള അപ്പീല് സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	സേവന ഇനം	ചുമതലയുള്ള ഉദ്യോഗസ്ഥൻ	ഒന്നാം അപ്പീല് അധികാരി	രണ്ടാം അപ്പീല് അധികാരം
1	ജനനം/മരണം/നിർജീവജന നംരജിസ്ട്രേഷനുമായി ബന്ധപ്പെട്ട്	തദ്ദേശ രജിസ്ട്രാർ	ജില്ലാ രജിസ്ട്രാർ	ചീഫ് രജിസ്ട്രാർ
2	വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച്	തദ്ദേശ രജിസ്ട്രാർ	ജില്ലാ രജിസ്ട്രാർ	ഹിന്ദു വിവാഹ രജിസ്ട്രാർ ജനറല്
3	വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ	വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ	വിവാഹ (പൊതു) രജിസ്ട്രാർ ജനറല്	വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറല്
4	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷന്	ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ-വി.ഇ.ഒ	ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്)
5	അഗതി പെൻഷന് (വിധവകൾക്ക്)	ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്)
6	വികലാംഗ പെൻഷന്	ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- ഹെൽസ്സ് ഇൻസ്പെക്ടർ	ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്)
7	50 വയസ്സിന് മുകളില് പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷന്	ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്)
8	കർഷക തൊഴിലാളി പെൻഷന്	ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- കൃഷി അസിസ്റ്റൻറ്	ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്)
20	സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ അസി.സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- ഐ.സി.ഡി.എസ് സൂപ്പർവൈസർ	ജില്ലാ കളക്ടർ
21	കെട്ടിട നിർമ്മാണ പെർമിറ്റുകൾ പുതിയവയ്ക്കും ഉപയോഗമാറ്റത്തിനും ക്രമവത്ക്കരണത്തിനും	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- ഗ്രാപഞ്ചായത്ത് അസി.എഞ്ചിനീയർ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബൂണല്
22	കുറഞ്ഞ അപടക സാധ്യതയുള്ള കെട്ടിടങ്ങൾക്കും മിതമായ അപകട സാധ്യതയുള്ള (മീഡിയം റിസ്ക്) ഇൻഡസ്ട്രിയല് കെട്ടിടങ്ങൾക്കും	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- ഗ്രാപഞ്ചായത്ത് അസി.എഞ്ചിനീയർ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബൂണല്
23	കേന്ദ്ര/സംസ്ഥാന /പ്രാദേശിക സർക്കാരുകൾ ഭ്രവികസനമോ/കട്ടിട നിർമ്മാണമോ നടത്തുന്നതിന് പെർമിറ്റ്	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- ഗ്രാപഞ്ചായത്ത് അസി.എഞ്ചിനീയർ/ സെക്രട്ടറി ചുതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബൂണല്
24	സർക്കാർ അംഗീകൃത സ്കീമുകൾ വഴി നിർമിക്കുന്ന കെട്ടിടങ്ങൾക്കുള്ള പെർമിറ്റ്	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ/ സെക്രട്ടറി ചുതലപ്പെടുത്തിയ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബൂണല്

			ഉദ്യോഗസ്ഥൻ	
25	ഭവികസനത്തിനുള്ള പെർമിറ്റുകൾ (പ്ലോട്ട് വിഭജനത്തിന് മാത്രം)	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ടൈബൂണല്
26	ഒക്യുപെൻസി സർട്ടിഫിക്കറ്റ്	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ടൈബൂണല്
27	കിണർ(ഇറന്ന കിണർ/ട്യൂബ് വെല്/കുഴല് കിണർ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ടൈബൂണല്
	മതിൽ വേലി - പൊതുവഴിയോടും പൊതുസ്ഥല ത്തോടും അതിർത്തികളിൽ നിർമ്മി ക്കുന്നതിന്	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ടൈബൂണല്
28	പെർമിറ്റ് കൈമാറ്റം ചെയ്യല്	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	ഗ്രാമപഞ്ചായത്ത്
29	ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിനുള്ള ഇൻറിമേഷന്	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ടൈബൂണല്
30	കെട്ടിട നിർമ്മാണത്തിന്റെ പെർമിറ്റ് കാലാവധി നീട്ടൽ/ പുതുക്കൽ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	ഗ്രാമപഞ്ചായത്ത്
31	വസ്തു നികുതിയിൽ നിന്നും ഒഴിവാക്കൽ (പൊളിച്ച് നീക്കിയ കെട്ടിടങ്ങൾ)	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
32	നിലവിലുള്ള കെട്ടിടത്തിൻറെ വസ്തു നികുതി പുനഃനിർണ്ണയം അധിക നമ്പർ നല്കല്	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
33	പുതിയ കെട്ടിടത്തിന് നമ്പർ നൽകല്	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	ഗ്രാമപഞ്ചായത്ത്
34	ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് ചെയ്യല്	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	ഗ്രാമപഞ്ചായത്ത്

35	വസ്തു നികുതിയില് നിന്നും ഒഴിവാക്കല് വിമുക്ത ഭടന്മാർ/വിമുക്തഭടന്മാരുടെ ഭാര്യ/വിമുക്ത ഭടന്മാരുടെ വിധവ/അർദ്ധസൈനികർ /അർദ്ധസൈനികരുടെ വിധവ എന്നവരുടെ ഉടമസ്ഥതയിലുള്ള താമസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	ഗ്രാമപഞ്ചായത്ത്
36	വസ്തുനികുതിയില് നിന്നും ഇളവ് ചെയ്യല് (60 ച.മീ വരെ വിസ്തീർണ്ണമുള്ള സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന വാസഗൃഹങ്ങൾ)	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	ഗ്രാമപഞ്ചായത്ത്
37	വാസയോഗ്യമായ വീടില്ല എന്ന സർട്ടിഫിക്കറ്റ്	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ	ഗ്രാമപഞ്ചായത്ത്
38	സംരംഭങ്ങള്ക്കുള്ള ലൈസൻസ്	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ടൈബ്യൂണല്
40	കാറികൾക്കുള്ള ലൈസൻസ്	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	ഭരണസമിതി
41	ലൈവ് സ്റ്റോക്ക് ഫാം തുടങ്ങുന്നതിന് മുമ്പുള്ള സ്ഥാപന അനുമതി	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	ഭരണസമിതി (60 ദിവസത്തിനകം)
42	ട്യൂട്ടോറിയല് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	ഭരണസമിതി
43	സ്വകാര്യ ആശുപത്രി, പാരാമെഡിക്കല് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	അന്വേഷണ ഉദ്യോഗസ്ഥൻ- സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	ഭരണസമിതി
44	പട്ടികൾക്കും പന്നികൾക്കും ലൈസൻസ് നൽകല്	ഗ്രാമപഞ്ചായത്ത് സെക്രട്ടറി		ഭരണസമിതി
45	തൊഴില് കാർഡ് ലഭിക്കലും തൊഴില് നൽകലും	ഗ്രാമപഞ്ചായത്ത് സെക്രട്ടറി		പഞ്ചായത്ത്തല ഉപദേശക സമിതി ബ്ലോക്ക് പ്രോഗ്രാം ഓഫീസർ